
# ബൈസൺവാലി ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണ പരിപാടി






## വികസന റിപ്പോർട്ട് – 96

*Cover designed by*

**Biju - Freelands**
**Thokkupara**

58-4

# ജനകീയാസൂത്രണം
# ബെസൺവാലി ഗ്രാമപഞ്ചായത്ത്
## വികസന റിപ്പോർട്ട് – 96




☐ ബൈസൺവാലി പഞ്ചായത്ത് - ഒരു രേഖാചിത്രം



☐ വികസനറിപ്പോർട്ടിന്റെകയ്യെഴുത്തുപ്രതിDRP കൺവീനർ പഞ്ചായത്തു പ്രസിഡന്റിനു സമർപ്പിക്കുന്നു.

## ഉള്ളടക്കം


★ ആമുഖം
★ ഗ്രാമപഞ്ചായത്തു പൊതുവിവിരണം
★ സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം
★ ഭൂപ്രകൃതിയും വിഭവങ്ങളും
★ വികസന മേഖലകൾ

### പ്രാഥമിക മേഖല

★ കൃഷിയും വ്യവസായവും
★ മൃഗസംരക്ഷണം
★ മത്സ്യകൃഷി
★ സാമൂഹ്യ വനവൽക്കരണം

### ദ്വിതീയ മേഖല

★ വ്യവസായം
★ ഊർജ്ജം
★ ഗതാഗതം
★ പാർപ്പിടം

### തൃതീയ മേഖല (സേവന മേഖല)

★ പൊതുജനാരോഗ്യം
★ കുടിവെള്ളം
★ വിദ്യാഭ്യാസം
★ സംസ്കാരം
★ പട്ടികജാതി - പട്ടികവർഗക്ഷേമം
★ വനിതാക്ഷേമം
★ സാമൂഹ്യക്ഷേമം
★ സഹകരണമേഖല
★ വിഭവസമാഹാരണം
★ ഉപസംഹാരം

## എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| ശ്രീ | V.D. ശ്രീനിവാസൻ | DRP കൺവീനർ |
| ,, | V.T. മാണി | KRP |
| ,, | V.F. ജോസ് | DRP |
| ,, | P.Y. ജോൺ | DRP |
| കുമാരി | സിനി ജോസഫ് | DRP |
| ശ്രീ | കുര്യൻ വർഗീസ് | LRP |
| ,, | ജോൺ പുളിയൻമാക്കൽ | LRP |
| ,, | M.B. രാജൻ | LRP |


# പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ




പ്രസിഡന്റ്
പി.ജെ. ചെറിയാൻ (അച്ചായി)




വൈസ് പ്രസിഡന്റ്
എസ്. ഗോപാൽ



സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
കെ.എം. പുരുഷോത്തമൻ




പി.ഡി. അലക്സാണ്ടർ




ബേബി കുര്യാക്കോസ്



മേരി ജോണി



ഓമന രാജു



ഷൈലജ സുരേന്ദ്രൻ

## അടിമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്



ശ്രീ ചാണ്ടി ജോസഫ് പൂവത്തിങ്കൽ
(പ്രഥമ പഞ്ചായത്ത് പ്രസിഡന്റ്)
1969–79

## മുൻപഞ്ചായത്ത് പ്രസിഡന്റുമാർ




പി.വി. മൈക്കിൾ



വി.ഡി. ശ്രീനിവാസൻ

## ബൈസൺവാലി ഗ്രാമപഞ്ചായത്ത് ജീവനക്കാർ


| | | |
|---|---|---|
| സെക്രട്ടറി | – | പി.വി. ഐസക് |
| ഹെഡ് ക്ലാർക്ക് | – | വി. പങ്കജാക്ഷൻ നായർ |
| യു.ഡി.സി. | – | ഇമ്മാനുവൽ എം.എം. |
| എൽ.സി.സി. | – | എം. സ്റ്റീഫൻ |
| | – | കെ. തോമസ് |
| | – | മേരിദാസൻ |



ബൈസൺവാലിയുടെ ആദ്യജന പ്രതിനിധി ശ്രീ.എ.വി.നാരായൺ
നായർ പഴയ കാലം അയവിറക്കിയപ്പോൾ

# സന്ദേശം

ബൈസൺവാലി ഗ്രാമപഞ്ചായത്ത് വാസികളേ,



പി.ജെ. ചെറിയാൻ പൊട്ടംപറമ്പിൽ
പ്രസിഡന്റ്,
ബൈസൺവാലി ഗ്രാമപഞ്ചായത്ത്

ഒമ്പതാം പഞ്ചവത്സരപദ്ധതി കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 'ജനകീയപദ്ധതി'യാക്കാനുള്ള ബഹു. കേരള സർക്കാരിന്റെ പരിപാടി ഇതിനോടകം നിങ്ങൾ അറിഞ്ഞുവല്ലോ? സംതുലിതവും നീതിപൂർവ്വകവുമായ സാമ്പത്തിക-സാമൂഹിക വളർച്ച നേടുക എന്ന ഭരണഘടനാപരമായ ലക്ഷ്യങ്ങൾ വേണ്ട വിധം പൂർത്തീകരിക്കാനാവാതെ വന്ന സാഹചര്യം ഇവിടെ ചിന്തനീയമാണ്. 73- ാം ഭരണഘടനാ ഭേദഗതിയിൽകൂടി ഇന്ത്യയിൽ ജനങ്ങളുടെ ഏറ്റവും അടിത്തട്ടുമുതൽ ഭരണകാര്യങ്ങളിൽ പങ്കാളിത്തം ലഭിക്കാനുള്ള വേദിയൊരുക്കി. 9-ാം പദ്ധതി നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പാകുന്നതിനുള്ള സർക്കാരിന്റെ താൽപര്യം ഇത്തരുണത്തിൽ ശ്ലാഘനീയമാണ്. മതിയായ മുന്നൊരുക്കത്തിന്റെ അഭാവവും, ആശയപരമായ അവ്യക്തതയും പരിപാടിയെ സംബന്ധിച്ച മുൻവിധികളും, പഞ്ചായത്തിന്റെ നിലവിലുള്ള പരാധീനതകളും യുദ്ധകാലാടിസ്ഥാനത്തിലുള്ള ആവിഷ്ക്കരണവും ഈ നൂതന ആശയത്തിന്റെ നടത്തിപ്പിൽ പ്രധാന തടസങ്ങളായിവന്നു. ഇതിനോടുബന്ധിച്ചുകൂടിയ വിശേഷാൽ ഗ്രാമസഭകൾ ഗ്രാമത്തിന്റെ തുടുപ്പും കിതപ്പും, സുഖവും-ദുഖഃവും, സാദ്ധ്യതകളും പരിമിതികളും, ആശയും-നിരാശയും പ്രകടമാക്കിയ 'നാട്ടുകൂട്ടങ്ങളാ'യി മാറ്റാൻ നമുക്കുകഴിഞ്ഞു. നമ്മുടെ പ്രശ്നങ്ങളും ആവശ്യങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും ഒരുപരിധിവരെ നമ്മൾതന്നെ നിർദേശിച്ചുവെന്നാണ് ഈ ഗ്രാമസഭകളുടെ പ്രത്യേകത. എന്നാൽ ഈ പ്രശ്നങ്ങളും നിർദേശങ്ങളുമൊക്കെ ഗ്രാമീണ ജനതയുടെ അവിദഗ്ധവും അപൂർണ്ണവുമായ പഠനങ്ങളായിരുന്നു.

പഞ്ചായത്തിന്റെ ആസൂത്രണ പദ്ധതി തയാറാക്കാനുള്ള 'സമഗ്രമായ വികസനറിപ്പോർട്ട്' ഉണ്ടാക്കുക എന്ന അത്യന്തം ശ്രമകരമായ ദൗത്യം പഞ്ചായത്തു കമ്മിറ്റി ഏറ്റെടുക്കുകയും പദ്ധതി ഭാഗമായി സംസ്ഥാനതലം മുതൽ പഞ്ചായത്തുതലംവരെ വിദഗ്ധ പരിശീലനം കൊടുത്ത് നമ്മുടെ പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകരുടെ നേതൃത്തിൽ പദ്ധതി തയ്യാറാക്കുകയാണുണ്ടായത്. ഇതിനായ് പഞ്ചായത്തിന്റെ ചരിത്രപശ്ചാത്തല പഠനം, വിവിധ വികസന മേഖലകളും വകുപ്പുകളുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുശേഖരണം, വകുപ്പു ഉദ്യോഗസ്ഥ മേധാവികളുടെ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട്, ഭൂപ്രകൃതി പഠനപര്യടനം, പഴമക്കാരുമായുള്ള കൂടിക്കാഴ്ച എന്നിവ വളരെ ഫലപ്രദമായി കൂട്ടുത്തരവാദിത്വത്തോടെ ചെയ്തുതീർത്തു. ഇതിനുവേണ്ടിരാപകൽ പ്രതിഫലമില്ലാതെ കഠിനാദ്ധ്വാനം ചെയ്ത പഞ്ചായത്തുഭരണസമിതിയംഗങ്ങളടക്കമുള്ള സന്നദ്ധപ്രവർത്തകരോട് പഞ്ചായത്തിനുള്ള കടപ്പാട് ഈ അവസരത്തിൽ അറിയിക്കട്ടെ!

പഞ്ചായത്തിന്റെ സാമ്പത്തിക, ഭൂമിശാസ്ത്രപരിമിതികളിൽ ഒതുങ്ങിനിന്നുകൊണ്ട് സമയബന്ധിതമായി തയ്യാറാക്കിയ ഈ വികസന റിപ്പോർട്ടിൽ നമ്മുടെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ ചരിത്രം, പാരമ്പര്യം, ഭൂപ്രകൃതി, മറ്റ് സവിശേഷതകൾ, വിഭവസാദ്ധ്യത, പരിമിതി, ജനപങ്കാളിത്തം, വികസനതുറകൾ, പുതിയ വെല്ലുവിളികൾ എന്നിവയൊക്കെ സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട് എന്ന് ഞാൻ കരുതുന്നു. ചരിത്രപ്രാധാന്യമുള്ളതും ശ്രമകരവുമായ ഈ ഉദ്യമത്തിൽ പങ്കാളികളായ ഓരോരുത്തർക്കും, പ്രത്യേകിച്ചും പഞ്ചായത്ത് സമിതിയംഗങ്ങൾ, സംസ്ഥാന-ജില്ലാ-പഞ്ചായത്ത്തല പരിശീലനം ലഭിച്ചവർ, ഗ്രാമസഭാവാസികൾ, പഴമക്കാർ, വകുപ്പു മേധാവികൾ, സ്ഥാപനാധികാരികൾ, ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ തുടങ്ങിയവരോടുള്ള നിസ്സീമമായ നന്ദി അറിയിക്കട്ടെ. നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനുള്ള ചൂണ്ടുപലകയായി ആപൂർണ്ണതയോടെ നിങ്ങളുടെ കൈകളിലെത്തുന്ന ഈ വികസനറിപ്പോർട്ട് സജീവ ചർച്ചയിലൂടേയും തുടർന്നുള്ള പദ്ധതിപങ്കാളിത്തത്തിലൂടെയും പൂർണ്ണമാകുമെന്ന ഉത്തമവിശ്വാസത്തിൽ ഈ ഗ്രാമപഞ്ചായത്തിലെ 'ജനങ്ങളുടെ പദ്ധതി'ക്കു ഞാൻ എല്ലാവിധ മംഗളാശംസകളും നേരുന്നു.

ബൈസൺവാലി

1-12-1996

ഒപ്പ്

പി.ജെ. ചെറിയാൻ (അച്ചായി)

# ആമുഖം

സ്വാതന്ത്ര്യാനന്തര ഭാരതം 1951 മുതൽ വികസനത്തിനു വേണ്ടി പഞ്ചവത്സരപദ്ധതികൾക്കു രൂപം നൽകി. ഇതിനോടകം എട്ടുപദ്ധതികൾക്കു രൂപം നൽകി. ഇതിലൂടെ സാമ്പത്തിക സാമൂഹ്യമേഖലകളിൽ വമ്പിച്ച നേട്ടമാണ് നാം കൈവരിച്ചത്. ഭക്ഷ്യരംഗത്ത് നാം സ്വയം പര്യാപ്തത കൈവരിച്ചു. വ്യവസായികരംഗത്തും ശാസ്ത്രസാങ്കേതിക രംഗത്തും ഉണ്ടായകുതിച്ചുചാട്ടം  അഭിമാനകരമാണ്. കേരളത്തിൽകാർഷിക വ്യവസായരംഗങ്ങളിൽ  വേണ്ടത്ര പുരോഗതികൈവരിക്കാൻ കഴിഞ്ഞില്ലെങ്കിലും സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം, പൊതുവിതരണം ഭൂപരിഷ്കരണം തുടങ്ങിയ രംഗങ്ങളിലെ മുന്നേറ്റം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയാണ്. നീതിപൂർവകമായും സംതുലിതവുമായ സാമ്പത്തിക സാമൂഹ്യ വളർച്ചയാണ് യഥാർത്ഥ വികസനം.

ഈ അർത്ഥത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പുരോഗതി ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് അനുഭവം വിമർശനപരമായ ഈ വിലയിരുത്തലിൽ നിന്നും പദ്ധതി ആസൂത്രണത്തിന്റെയും നടപ്പാക്കലിന്റെയും രംഗത്ത് ഒരു പുതിയ ദിശാബോധം അഥവാ കാഴ്ചപ്പാട് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടു. കേരളത്തെ സംബന്ധിച്ചിടത്തോളം കാർഷിക വ്യവസായികരംഗങ്ങളിലെ മുരടിപ്പും സേവനരംഗങ്ങളിലെ ഗുണനിലവാരശോഷണവും ഒരു പുതിയ വെല്ലുവിളിതന്നെ ഉയർത്തിയിരിക്കുന്നു. വിദേശ ഇന്ത്യക്കാരുടെ മുതൽ മുടക്ക് പ്രത്യുൽപ്പാദനപരമായ മേഖലകളിലല്ലാ എന്നത് ഒരു വലിയ സാമൂഹ്യപ്രശ്നമാണ്.

മുൻ പദ്ധതികളിലെ ആസൂത്രണം കേന്ദ്രീകൃതമായിരുന്നു. കേന്ദ്രതലത്തിൽ പ്ലാനിംഗ് കമ്മീഷനും സംസ്ഥാനതലത്തിൽ പ്ലാനിംഗ് ബോർഡും ജില്ലകളിൽ പ്ലാനിംഗ് കമ്മിറ്റികളും ആയിരുന്നു. ആസൂത്രണത്തിനു രൂപം നല്കിയിരുന്നത്. ചുരുക്കത്തിൽ പദ്ധതി ആവിഷ്കരിക്കുന്നതിലോ നടപ്പാക്കുന്നതിലോ ജനപങ്കാളിത്തം ഉണ്ടായിരുന്നില്ല. ആസൂത്രണം, പ്രയോഗത്തിൽ വിവിധവകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത പദ്ധതി തയ്യാറാക്കലായി മാറി. വിഭവ പരിമിതികളോ പ്രാദേശിക സവിശേഷതകളോ കണക്കിലെടുക്കാതെയുള്ള ആസൂത്രണം നമ്മുടെ പദ്ധതി നടത്തിപ്പിനെ വികലമാക്കി. ഇത്തരം സാഹചര്യങ്ങളിലാണ് ജനകീയ ആസൂത്രണപ്രസ്ഥാനം പ്രസക്തമാവുന്നത്.

73-ാം ഭരണഘടനാഭേദഗതി വികേന്ദ്രീകൃത ആസൂത്രണത്തിന് ഉറപ്പു നൽകുന്നു. ഗ്രാമത്തിലെ ജനങ്ങൾക്ക് ആസൂത്രണപ്രക്രിയകളിൽ പങ്കെടുക്കാനുള്ള അവസരം ഈ നിയമഭേദഗതിയിലൂടെ ലഭ്യമായി. സാമൂഹ്യതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അപ്രകാരം വിഭവങ്ങൾ നീക്കി വയ്ക്കുകയും ചെയ്യുന്ന പ്രക്രിയയായി മാറി ആസൂത്രണം ഈ വിധത്തിൽ ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി നമ്മുടെ ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങൾ ഉചിതമെന്നു കരുതട്ടെ.

## ഇതുവരെയുള്ള പ്രവർത്തനങ്ങൾ

ജനകീയ ആസൂത്രണ പദ്ധതിയുടെ നടത്തിപ്പിൽ ജനപ്രതിനിധികളെ സഹായിക്കുന്നതിനുള്ള സന്നദ്ധപ്രവർത്തകർക്കായി ജില്ലാതലത്തിലുള്ള ഒന്നാംഘട്ട പരിശീലനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ പി.ജെ. ചെറിയാനും ശ്രീ വി.എഫ്. ജോസ്, ജീൻസ് മാത്യു, പി.ആർ. സലി, കെ.എം. സാബു എന്നിവരും ജില്ലാ പ്ലാനിംഗ് കമ്മിറ്റിയിൽ നിന്നുള്ള പ്രതിനിധികളായി ശ്രീ വി.ഡി. ശ്രീനിവാസൻ, ശ്രീ കെ.കെ. സുഗുണൻ എന്നിവരും പങ്കെടുത്തു. 1996 സെപ്റ്റംബർ 9, 10, 11 തീയതികളിൽ അടിമാലി വി.ടി. ടൂറിസ്റ്റുഹോമിൽ വച്ചാണ് പരിശീലനം നടന്നത്. ശ്രീ വി.ഡി. ശ്രീനിവാസനെ പരിശീലനക്യാമ്പിൽനിന്നും ഡി.ആർ.പി കൺവീനറായി തെരഞ്ഞെടുത്തു. തുടർന്ന് 18.9.96-ൽ പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽവച്ച് പഞ്ചായത്തുതല ഏകദിനപരിശീലനം നടത്തപ്പെട്ടു. പഞ്ചായത്തിന്റെ എട്ടു വാർഡുകളിൽനിന്നായി പഞ്ചായത്തു കമ്മിറ്റിതെരഞ്ഞെടുത്ത 83 സന്നദ്ധപ്രവർത്തകർ പങ്കെടുത്തു.

ഗ്രാമസഭകൾ കൂടുന്നതിനു മുന്നോടിയായി വിവിധ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ബാനറുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ, പത്രവാർത്തകൾ, വിളംബരജാഥകൾ എന്നിവ വിവിധ വാർഡുകളിൽ പ്രചരണോപാധികളായി. സെപ്റ്റംബർ 22, 29 ഒക്ടോബർ 2 എന്നീ തീയതികളിലായി എട്ടു വാർഡുകളിലും ഗ്രാമസഭകൾകൂടി (ഗ്രാമസഭകളിലെ ജനപങ്കാളിത്തം കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

ഗ്രാമസഭകളിൽ സ്ത്രീപങ്കാളിത്തവും SC/ST പങ്കാളിത്തവും കുറവായിരുന്നു. വിവിധ വികസനതുറകളെപ്പറ്റിയുള്ള ചർച്ചകൾ സജീവമായിരുന്നു. ആകെ വോട്ടർമാരുടെ 15.5% ഗ്രാമസഭകളിൽ പങ്കെടുത്തു.

| വാർഡ് നമ്പർ | വാർഡിന്റെ പേര് | പങ്കെടുത്തപുരുഷന്മാർ | സ്ത്രീകൾ | ആകെ പങ്കെടുത്തവർ | SC/ST | പങ്കെടുത്ത ജനപ്രതിനിധിക | പങ്കെടുത്ത ഉദ്യോസ്ഥന്മാ | ഗ്രാമസ നടന്ന തീയതി |
|---|---|---|---|---|---|---|---|---|
| I | കൊച്ചുപ്പ് | 157 | 54 | 211 | | 3 | 3 | 29.9.96 |
| II | ജോസ്ഗിരി | 100 | 29 | 129 | | 2 | 6 | 29.9.96 |
| III | കുരങ്ങുപാറ | 174 | 20 | 194 | | 3 | 2 | 2.10.96 |
| IV | പൊട്ടൻകാട് | 158 | 24 | 182 | | 2 | 4 | 2.10.96 |
| V | ഇരുട്ടള | 154 | 60 | 214 | | 2 | 7 | 29.9.96 |
| VI | ചൊക്രമുടി | 87 | 28 | 115 | | 2 | 4 | 22.9.96 |
| VII | ബൈസൺവാലി | 139 | 18 | 157 | | 3 | 6 | 22.9.96 |
| VIII | മുട്ടുകാട് | 148 | 28 | 176 | | 3 | 2 | 2.10.96 |
| | ആകെ | 1117 | 261 | 1378 | | 20 | 34 | |

രണ്ടാംഘട്ട സംസ്ഥാനതല പരിശീലനത്തിൽ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ നോമിനിയായി ശ്രീ വി.റ്റി. മാണി പങ്കെടുത്തു. രണ്ടാംഘട്ട ജില്ലാതല പരിശീലനം നവംബർ 3, 4, 5 തീയതികളിൽ അടിമാലിയിൽ വച്ചു നടന്നു. പഞ്ചായത്തിൽനിന്നും പ്രസിഡന്റും, വൈസ് പ്രസിഡന്റും, മെമ്പർമാരായ ശ്രീമതി മേരി ജോണി, ഓമനരാജു, ഷൈലജസുരേന്ദ്രൻ, ബേബികുര്യാക്കോസ്, എന്നിവരും ശ്രീ. പി.വൈ. ജോൺ, വി.എഫ്. ജോസ്, സിനി ജോസഫ്, ശ്രീ വി.ഡി. ശ്രീനിവാസൻ എന്നീ ഡി.ആർ.പി.മാരും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ പി.എസ്. രാജപ്പൻ, ശ്രീ എം.എം. ഇമ്മാനുവൽ എന്നീ ഉദ്യോഗസ്ഥൻമാരും പങ്കെടുത്തു.

തുടർന്ന് പഞ്ചായത്തുതല പരിശീലനം നവംബർ 9-ാം തീയതി പഞ്ചായത്തു സാംസ്കാരിക നിലയത്തിൽവച്ചു നടന്നു. ഈ ക്യാമ്പിൽ 51 പേർ പങ്കെടുത്തു. ബൈസൺവാലി കൃഷി ഭവനിലെ കൃഷി ഓഫീസറും അടിമാലി ഡയറി എക്സ്റ്റൻഷൻ ഓഫീസറും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു.

സംസ്ഥാനതലത്തിൽ ജനകീയ ആസൂത്രണപരിപാടിയുടെ ഭാഗമായി പുനരർപ്പണദിനമായി നവംബർ ഒന്ന് ആചരിച്ചു. ഈ പഞ്ചായത്തിൽ ആറുവാർഡുകളിൽ വിവിധ നിർമാണപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പുനരർപ്പണദിനത്തിൽ തുടക്കംകുറിച്ച വികസന പ്രവർത്തനങ്ങൾക്ക് നാളിതുവരെ 550 മനുഷ്യപ്രയത്നദിനങ്ങൾ ലഭ്യമായിട്ടുണ്ട്.



6-ാം വാർഡിലെ പുനരർപ്പണദിനം ശ്രീ വി.ഡി.ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യുന്നു

ഈ വികസന റിപ്പോർട്ടുതയാറാക്കാൻ പഞ്ചായത്തു സമിതി അംഗങ്ങളും കെ. ആർ.പി, ഡി.ആർ.പി മാരും പി.ആർ.പിമാരിൽ ചിലരും സഹകരിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവപ്പെട്ടത് ഭൂപ്രകൃതിപഠനപര്യടനത്തിനും വിവിധവകുപ്പുകളിൽ നിന്നുള്ള സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണത്തിനുമാണ്. പഞ്ചായത്തു ജീവനക്കാർ നല്കിയ സഹകരണം സ്മരണീയമാണ്. ശ്രമകരവും വിപുലവുമായ ഈ ഉദ്യമത്തിൽ പങ്കാളികളായ പഞ്ചായത്തു സമിതി അംഗങ്ങൾ ജീവനക്കാർ റിസോഴ്സ് പേഴ്സൺസ് എന്നിവരോടുള്ള അഭിനന്ദനവും കൃതജ്ഞതയും രേഖപ്പെടുത്തുന്നു. സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കിയ വിവിധ വകുപ്പുമേധാവികളോടും സ്ഥാപന അധികാരികളോടും ഞങ്ങൾ നന്ദിപറയുന്നു. ചരിത്രപഠനത്തിനുവേണ്ടിയുള്ള കൂടിക്കാഴ്ചയിൽ വിവരങ്ങൾ നല്കി അനുഗ്രഹിച്ച എല്ലാവരോടുമുള്ള കടപ്പാട് ഇത്തരുണത്തിൽ സ്മരിക്കട്ടെ. ഇ രേഖയ്ക്കുവേണ്ട ഏറ്റവും പ്രധാനപ്പെട്ട ഘടകമായ ഈ പ്രദേശത്തിന്റെ പ്രയത്നങ്ങളും ആവശ്യങ്ങളും സാദ്ധ്യതകളും പരിമിതികളും ഗ്രാമസഭകളിൽ ഫലപ്രദമായി അവതരിപ്പിച്ച എല്ലാ വോട്ടർമാരോടും അകൈതവമായി നന്ദി അറിയിച്ചുകൊണ്ട് ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ ഒൻപതാം പദ്ധതിയുടെ കരടുരേഖ നിങ്ങളുടെ സജീവചർച്ചയ്ക്കും പരിഗണനയ്ക്കും തീരുമാനങ്ങൾക്കുമായി സമർപ്പിക്കുന്നു.

# പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

പഞ്ചായത്തിന്റെ പേര്: ബൈസൺവാലി ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ: ബൈസൺവാലി, രാജാക്കാട്

ബ്ലോക്കു പഞ്ചായത്ത് ഡിവിഷൻ: ബൈസൺവാലി

| | |
|---|---|
| ബ്ലോക്കു പഞ്ചായത്ത് | : അടിമാലി |
| താലൂക്ക് | : ഉടുമ്പൻചോല |
| ജില്ല | : ഇടുക്കി |
| അസംബ്ലി മണ്ഡലം | : ദേവികുളം |
| വിസ്തീർണം | : 44.03 ച കി.മീ |
| ജനസംഖ്യ | : 13255 (1991 സെൻസസ്) |
| പുരുഷന്മാർ | : 6761 |
| സ്ത്രീകൾ | : 6494 |
| ജനസാന്ദ്രത | : 301 (ചതുരശ്ര കിലോമീറ്ററിന്) |

| | | |
|---|---|---|
| വാർഡുകൾ | : എട്ട് | |
| സാക്ഷരത | | |
| പുരുഷൻ | : 5480 (91.6%) | |
| സ്ത്രീ | : 4874 (85.7%) | |

**ഉന്നതസാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർ**

| | |
|---|---|
| ഡോക്ടർമാർ | : 2 |
| എഞ്ചിനീയർമാർ | : 5 |
| വക്കീലന്മാർ | : 5 |
| B.Sc അഗ്രികൾച്ചർ | : 1 |

**തൊഴിൽരഹിതർ**

| | |
|---|---|
| പുരുഷന്മാർ | : 2926 |
| സ്ത്രീകൾ | : 5060 |
| വിദേശത്തുള്ള ബൈസൺവാലി പഞ്ചായത്തു നിവാസികൾ | : 88 |

**പട്ടികജാതി/പട്ടികവർഗം**

| | |
|---|---|
| SC പുരുഷന്മാർ | : 440 |
| " സ്ത്രീ | : 417 |
| ST പുരുഷന്മാർ | : 302 |
| " സ്ത്രീകൾ | : 256 |

**പഞ്ചായത്തു ഭരണസമിതി അംഗങ്ങൾ**

| | |
|---|---|
| പ്രസിഡന്റ് | : ശ്രീ പി.ജെ. ചെറിയാൻ |
| വൈസ് പ്രസിഡന്റ് | : ശ്രീ എസ്. ഗോപാലൻ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | : കെ.എം. പുരുഷോത്തമൻ |

**കമ്മിറ്റിഅംഗങ്ങൾ**

1. ശ്രീ പി.ഡി. അലക്സാണ്ടർ
2. ശ്രീമതി മേരി ജോണി
3. ശ്രീമതി ഓമനരാജു
4. ശ്രീമതി ഷൈലജ സുരേന്ദ്രൻ
5. ശ്രീ. ബേബി കുര്യാക്കോസ്

29.9.1969-ലെ 267-ാം നമ്പർ ഉത്തരവുപ്രകാരം രാജാക്കാട്ടു പഞ്ചായത്ത് വിഭജിച്ച് ബൈസൺവാലി പഞ്ചായത്ത് രൂപീകൃതമായി. . വടക്ക് കണ്ണൻദേവൻ മലനിരകളും കിഴക്ക് ചിന്നക്കനാൽ രാജകുമാരി പഞ്ചായത്തുകളും തെക്ക് രാജകുമാരി രാജാക്കാട് പഞ്ചായത്തുകളും പടിഞ്ഞാറ് മുതിരപ്പുഴയാറും പള്ളിവാസൽ പഞ്ചായത്ത് ഭാഗങ്ങളുമാണ് ഈ പഞ്ചായത്തിന്റെ അതിരുകൾ. പഞ്ചായത്തിൽ കൃഷിഭവൻ, മൃഗാശുപത്രി, രണ്ട് കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങൾ, മൂന്ന് E.D. പോസ്റ്റോഫീസുകൾ ഒരു വില്ലേജ് ആഫീസ്, വില്ലേജ് എക്സ്റ്റൻഷൻ ആഫീസ്, പ്രാഥമിക ആരോഗ്യകേന്ദ്രം, നാല് ഉപകേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങൾ ഉണ്ട്.

1969-ൽ പഞ്ചായത്ത് നിലവിൽവന്നപ്പോൾ ശ്രീ. ചാണ്ടി ജോസഫ് പ്രസിഡന്റും ശ്രീമാന്മാർ പി.കെ.രാജൻ പുമരത്തിൽ, പി.വി. മൈക്കിൾ പുത്തൻപുരയ്ക്കൽ, കെ.ഇ. ചാക്കോ കോഴിപൂവനാനിക്കൽ എന്നിവർ അംഗങ്ങളുമായിരുന്നു. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമാണം പൂർത്തീകരിക്കാനും പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കെട്ടിടം പണിക്ക് തുടക്കം കുറിക്കാനും വിവിധ റോഡുകളുടെ നിർമാണം തുടങ്ങിവയ്ക്കാനും കഴിഞ്ഞു എന്നതാണ് ഈ ഭരണസമിതിയുടെ എടുത്തുപറയത്തക്ക നേട്ടങ്ങൾ. കുഞ്ചിത്തണ്ണിയിൽനിന്നും പൊട്ടൻകാടുവരെയുള്ള റോഡ് കെ.എൽഡി ആൻഡ് എംഎം ബോർഡിന്റെ സഹായത്താൽ ടാർ ചെയ്യിച്ച് ബസ് സർവീസ് ആരംഭിച്ചതും ഇക്കാലത്താണ്.

1979-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ .പി.വി. മൈക്കിൾ പ്രസിഡന്റായും ശ്രീമാൻമാർ മാത്യു കോലത്ത്, റ്റി.ജെ. സ്കറിയ തകിടിയേൽ, പി.ജെ. ചെറിയാൻ പൊട്ടൻപറമ്പിൽ, അഗസ്റ്റിൻ എടക്കര, വി. ഡി. ശ്രീനിവാസൻ, എൻ. ഗുരുനാഥൻ ശ്രീമതി ജഗദമ്മതങ്കപ്പൻ എന്നിവർ അംഗങ്ങളായും ഉള്ള ഭരണസമിതി അധികാരമേറ്റു.

പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന്റെ നിർമാണം ബൈസൺവാലി ഗവൺമെന്റ് ഹൈസ്കൂളിന്റെ അപ്ഗ്രഡേഷനും കെട്ടിടനിർമാണവും ടീ കമ്പനി പാലത്തിന്റെ നിർമാണവും ഇരുപതേക്കർ മൂന്നാർ റോഡിന്റെ നിർമാണം വിവിധ വാർഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കാൻ ലാൻഡ് സെസ് നിറുത്തലാക്കൽ തുടങ്ങിയവ ഈ ഭരണസമിതിയുടെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. 1984-ൽ ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തി. ഈ കലാലയളവിൽ പഞ്ചായത്തിൽ യാതൊരുവിധ വികസന പ്രവർത്തനങ്ങളും നടന്നില്ല. അഡ്മിനിസ്ട്രേറ്റർ ഭരണം 1988 വരെ തുടർന്നു.

1988-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. വി.ഡി. ശ്രീനിവാസൻ പ്രസിഡന്റായുള്ള ഭരണസമിതി നിലവിൽവന്നു. ശ്രീമാന്മാർ റ്റി.സി. ജോസഫ് തയ്യിൽ, പി.ജെ.ദേവസ്യാച്ചൻ പെരുന്നിലത്ത്, ചാണ്ടി ജോസഫ് പൂവത്തിങ്കൽ, എം.എം. ലംബോധരൻ, കെ.എം. കുമരപ്പൻ, ശ്രീമതിമാർ രമണി ഗോവിന്ദൻ, മേരി മത്തായി എന്നിവർ അംഗങ്ങളായിരുന്നു. പഞ്ചായത്തിന്റെ എട്ടുവാർഡുകളിലായി വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി 31 കിലോമീറ്റർ റോഡ് ടാർ ചെയ്യുന്നതിനും പൊട്ടൻകാട് മുതൽ സൊസൈറ്റി മേടുവരെ ബസ്സർവീസ് നീട്ടുന്നതിനും കഴിഞ്ഞത് ഈ ഭരമസമിതിയുടെ ശ്രദ്ധേയമായ നേട്ടങ്ങളിൽ ചിലതാണ്.

റ്റീ കമ്പനി, എട്ടുർ എന്നീ പട്ടികജാതി കോളനികളും ഇരുപതേക്കർ, ചൊക്രമുടി കോമാളിക്കുടി എന്നീ ഗിരിവർഗ കോളനികളും വൈദ്യുതീകരിച്ചതും എട്ടൂർ ശുദ്ധജലവിതരണപദ്ധതി നടപ്പാക്കിയതും ബൈസൺ വാലി ബസ്റ്റാൻഡിന്റെ ഒന്നാംഘട്ട പണി പൂർത്തീകരിച്ചതും ഇക്കാലത്താണ്.

പഞ്ചായത്ത് ആസ്ഥാനമായ പൊട്ടൻകാട്ടിൽ സാംസ്കാരിക നിലയവും ലൈബ്രറിയും പ്രവർത്തനം ആരംഭിച്ചു. ചങ്ങനാശേരിക്കട സൊസൈറ്റിമേട് റോഡിന്റെ നിർമാണം ജനപങ്കാളിത്തത്തോടെ പൂർത്തീകരിക്കാൻ കഴിഞ്ഞു. 1990-ൽ കേരള ഗവൺമെന്റ് നടപ്പാക്കിയ സമ്പൂർണസാക്ഷരതാ യജ്ഞത്തിൽപങ്കെടുത്ത് പഞ്ചായത്ത് 100% വിജയം കൈവരിച്ചു. ഇവ

ഭരണനേട്ടങ്ങളുടെ പട്ടികയിൽ പ്രധാനപ്പെട്ടവയാണ്.

1995-ൽ ശ്രീ. പി.ജെ. ചെറിയാൻ പ്രസിഡന്റായി നിലവിൽവന്ന ഭരണസമിതിയുടെ നേതൃത്വത്തിൽ ഇരുപതേക്കർ ഇരുട്ടള റോഡ്, ബൈസൺവാലി-മുട്ടുകാട് റോഡ്, എന്നിവയുടെ രണ്ടാംഘട്ടപ്രവർത്തനങ്ങൾ നടന്നുവരുന്നു. ശുദ്ധജലവിതരണപദ്ധതികളുടെ അറ്റകുറ്റപ്പണികൾ, വിവിധ കോളനികളുടെ വൈദ്യുതീകരണം, ഗതാഗതം തുടങ്ങിയ വികസനമേഖലകളിൽ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ, അൺടൈഡ് ഫണ്ട്, ഇ.എ.എസ്. ജെ.ആർ.വൈ വളർച്ച ത്വരിതാശ്വാസം എന്നീ സ്കീമുകളിൽപ്പെടുന്നവയാണ്.

# സാമൂഹ്യസാംസ്കാരിക ചരിത്ര പശ്ചാത്തലം

ബൈസൺവാലി പഞ്ചായത്തിന്റെ വടക്കൻ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന കണ്ണൻ ദേവൻ മലനിരകളിൽ 1850 കളിൽ ബ്രിട്ടീഷുകാർ തേയില തോട്ടവ്യവസായത്തിന് ആരംഭം കുറിച്ചു എന്നാണ് ചരിത്രം. കണ്ണൻദേവൻ കമ്പനിയിൽ ജോലിക്കായി വന്നത് തമിഴ് വംശജരാണ്. ഏതാണ്ട് ഈ കാലഘട്ടത്തോടടുത്തുതന്നെ തമിഴ്നാട്ടുകാർ ഇന്നത്തെ ബൈസൺവാലി പഞ്ചായത്തിന്റെ വടക്കുകിഴക്കു ഭാഗങ്ങളിൽ ഏലത്തോട്ടം വ്യവസായം ആരംഭിച്ചു. ഇക്കാലത്ത് ഈ പ്രദേശത്ത് ആദിവാസികൾ എന്നറിയപ്പെടുന്ന മുതുവാന്മാർ അധിവസിച്ചിരുന്നു.

അതിനു മുൻപുള്ള ഒരു സാംസ്കരിക ചരിത്രം ഈ പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കും പറയാനുണ്ട്. റോഡു നിർമാണത്തിനിടയിൽ ഭൂമി കുഴിച്ചപ്പോൾ വളരെ പുരാതനമായ മൺഭരണികളും അതിനുള്ളിൽ പലവിധത്തിലുള്ളആയുധങ്ങളും പളുങ്കുമണികളും മുത്തുകളും കണ്ടെടുത്തിട്ടുണ്ട്. മനുഷ്യന്റേതെന്നു സംശയിക്കുന്ന അസ്ഥികളും മറ്റും ചില ഭരണികളിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇവ അക്കാലത്തു നിലനിന്നിരുന്ന ശവസംസ്കാരരീതിയായി കണക്കാക്കപ്പെടുന്നു. [redacted]. ഈ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കാണപ്പെടുന്ന മുനിയറകളും അടയാളക്കല്ലുകളും ഒരു പൗരാണികസംസ്കാരത്തിന്റെ സ്മൃതികൾ നമ്മിലുണർത്തുന്നു. 1949-50 കാലഘട്ടത്തിലാണ് ബൈസൺവാലി പഞ്ചായത്തിൽ ആധുനിക കുടിയേറ്റം ആരംഭിക്കുന്നത്. ചുരുക്കത്തിൽ ഇന്നത്തെ കർഷകസംസ്കാരം പടുത്തുയർത്തപ്പെട്ടിരിക്കുന്നത് നൂറ്റാണ്ടുകൾക്കു മുൻപു മണ്ണടിഞ്ഞ ഒരു സാംസ്കാരിക പൈതൃകത്തിന്റെ മുകളിലാണ് ഈ പഞ്ചായത്തിലെ ജോസ്ഗിരി, കൊച്ചുപ്പ്, പൊട്ടൻകാട്, ഇരുപതേക്കർ പ്രദേശങ്ങളിലാണ് ആദ്യകാല കുടിയേറ്റം നടന്നത്. അന്നീ പ്രദേശം പൂപ്പാറ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. ശ്രീ എ.വി. നാരായണൻ നായർ ഈ പ്രദേശത്തെ പഞ്ചായത്തുമെമ്പറായിരുന്നു. കോട്ടയം ജില്ലകളിലെ മീനച്ചിൽ, കാഞ്ഞിരപ്പള്ളി, തൊടുപുഴ താലൂക്കുകളിൽ നിന്നുമാണ് പ്രധാനമായും കുടിയേറ്റക്കാരെത്തിയത്. ചേർത്തല, ഹരിപ്പാട്, ആലുവ തുടങ്ങിയ വിവിധ പ്രദേശങ്ങളിൽ നിന്നും കുടിയേറ്റക്കാർവന്നു.

രണ്ടാംലോക മഹായുദ്ധത്തിനുശേഷം കേരളത്തിലാകെയുണ്ടായ ഭക്ഷ്യക്ഷാമവും അദ്ധ്വാനശീലരായ കൃഷിക്കാരുടെ ഭൂമിയോടുള്ള അടങ്ങാത്ത ദാഹവും ഒത്തുചേർന്നപ്പോൾ മറ്റെല്ലാം പ്രതിബന്ധങ്ങളേയും അതിജീവിക്കാൻ അവർ തയ്യാറായി. കോട്ടയത്തുനിന്ന് ദേവികുളത്തെത്തുന്ന ഏക ബസ്സാണ് അന്നത്തെയാത്രാ മാർഗം. ആലുവാ- മൂന്നാർ റോഡിലുള്ള ഇരുട്ടുകാനത്തുനിന്നും മുപ്പതോളം കിലോമീറ്റർ ദൂരം കാൽനടയായി കാട്ടുപാതകളിലൂടെയും ആനത്താരകളിലൂടെയും സഞ്ചരിച്ചാണ് കുടിയേറ്റക്കാരെത്തിയിരുന്നത്. ഈ പ്രദേശം അന്ന് ഹിംസ്രജന്തുക്കളുടെ വിഹാരഭൂമിയായിരുന്നു. "ബൈസൺവാലി" എന്ന പേര് തന്നെ ഇത് സൂചിപ്പിക്കുന്നു. ഉയർന്ന മരങ്ങളിൽ ആദിവാസികളുടെ സഹായത്തോടെ കെട്ടിയുണ്ടാക്കിയ ഏറുമാടങ്ങളിൽ താമസിച്ചുകൊണ്ടാണ് കൃഷിക്കാർ കാർഷികവൃത്തിയിലേർപ്പെട്ടിരുന്നത്. പ്രധാനകൃഷികൾ നെല്ലും കപ്പയുമായിരുന്നു. ഹിംസ്രജന്തുക്കൾക്ക് ഇരയായി മാത്രമല്ല മലമ്പനിക്കും മസൂരിക്കും അടിപ്പെട്ടും നിരവധിപേർ ജീവൻ വെടിഞ്ഞിട്ടുണ്ട്. കോടക്കാറ്റും മൂടൽമഞ്ഞും ചാറ്റൽമഴയും അതിശൈത്യവും ജനജീവിതം ദുസ്സഹമാക്കി. കൂട്ടായ്മയുടെ ചരിത്രമാണ് ഈ കുടിയേറ്റക്കാർക്കു പറയാനുള്ളത്. മാറ്റാൾപണികളിലൂടെയാണ് അന്നത്തെ കൃഷിപ്പണികൾ നടത്തിയിരുന്നത്. നാട്ടിൽനിന്നും കൊണ്ടുവന്ന ഭക്ഷ്യസാധനങ്ങളും മറ്റുവിഭവങ്ങളും അയൽക്കാർക്ക് പങ്കുവച്ചു കൊടുത്തിരുന്നു. ക്രമേണ കൃഷിഭൂമികളിൽ വച്ചിരുന്ന കൊയ്ത്താല്കൾ കർഷക ഭവനങ്ങളായി മാറിത്തുടങ്ങി. ഇഞ്ചിപ്പുല്ല്, വാഴ, കുരുമുളക്, കാപ്പി, കമുക്, തെങ്ങ് എന്നിവ പിന്നീട്ടുകൃഷി ചെയ്തു തുടങ്ങി.

ഇക്കാലത്ത് വനനശീകരണത്തിന്റെ പേരുപറഞ്ഞ് ഫോറസ്റ്റുകാർ നിരന്തരം കൃഷിക്കാരെ ഉപദ്രവിച്ചുകൊണ്ടിരുന്നു. കുടിയിറക്കു ഭീഷണി ഡെമോക്ലിസിന്റെ വാളുപോലെ കൃഷിക്കാരുടെ ഉറക്കം കെടുത്തി. അവന്റെ വർഗ്ഗബോധം ഉണർന്നു. 1953 അവസാനത്തോടെ "ദേവികുളം താലൂക്ക് കർഷകസംഘം" എന്ന പേരിൽ ഒരു കർഷകപ്രസ്ഥാനം രൂപം കൊണ്ടു. സംഘത്തിന്റെ നേതൃത്വത്തിൽ 380 കൃഷിക്കാർ 1954 മാർച്ച് മാസത്തിൽ കോട്ടയം കളക്ടറേറ്റിലേക്ക് കാൽനടജാഥ നടത്തി. നാടുനീളെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി കോട്ടയത്തെത്തിച്ചേർന്ന സമരജാഥാംഗങ്ങൾ കളക്ടറേറ്റു പടിക്കൽ സത്യാഗ്രഹം നടത്തുകയും യഥാർത്ഥവസ്തുത വ്യക്തമാക്കികൊണ്ട് പത്രസമ്മേളനം നടത്തുകയും ചെയ്തു. ഈ ജനസമരം കേരളത്തിന്റെ ആകെ ശ്രദ്ധ പിടിച്ചു പറ്റി കുടിയിറക്ക് ഭീഷണി ഒഴിവായി.

മതപരവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ ആളുകൾ ശ്രദ്ധകേന്ദ്രീകരിച്ചുതുടങ്ങി. 1951-ൽ കുഞ്ചിത്തണ്ണിയിൽ തിരുകുടുംബ ദേവാലയം സ്ഥാപിതമായി. ഇക്കാലത്തുതന്നെ ജോസ്ഗിരിയിൽ സെന്റ് ജോസഫ്സ് ദേവാലയവും, പൊട്ടൻകാട്ടിൽ സെന്റ് സെബാസ്റ്റ്യൻസ് ചർച്ചും സ്ഥാപിക്കപ്പെട്ടു. 1953-ൽ ദേശീയവായനശാലയും ബൈസൺവാലി ഗവൺമെന്റ് എൽ.പി.സ്കൂളും ബൈസൺവാലിയിൽ തന്നെ എസ്.എൻ.ഡി.പി. യോഗത്തിന്റെ ശാഖയും ബാലസുബ്രഹ്മണ്യസ്വാമി ക്ഷേത്രവും സ്ഥാപിക്കപ്പെട്ടു. ആദ്യകാലകുടിയേറ്റക്കാരുടെ ആഗ്രഹപൂർത്തീകരണത്തിന്റെ ആദ്യപടികളായിരുന്നു ഇവ. മുട്ടുകാട് സെന്റ് ജോർജ് പള്ളി, ടി കമ്പനി മാരിയമ്മൻ കോവിൽ, ബൈസൺവാലി ഗണപതിക്ഷേത്രം ഇരുട്ടളമാരിയമ്മൻകോവിൽ, ഇരുപതേക്കർ, ചൊക്രമുടിക്കുടികളിലെ ആദി

വാസികോവിലുകൾ എന്നിവയും ടി കമ്പനി മായൽത്താമാതാ ചർച്ചും ചൊക്രമുടിയിലുള്ള ചൊക്കനാഥൻ കോവിലും ഇക്കാലങ്ങളിൽ പണിതുയർത്തപ്പെട്ടു.

ഇരുപതേക്കർ സർവ്വോദയ വായനശാല, ജോസ്ഗിരി പബ്ലിക് ലൈബ്രറി, ബൈസൺവാലി വനദീപം വായനശാല ദേശീയ വായനശാല എന്നിവ ഗവൺമെന്റു ഗ്രാന്റു ലഭിക്കുന്ന ലൈബ്രറികളാണ്. . ബൈസൺവാലി ഗവൺമെന്റ് ഹൈസ്കൂൾ, പൊട്ടൻകാട്, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, ജോസ്ഗിരി സെന്റ് ജോസഫ്സ് യു.പി.സ്കൂൾ, സെർവിന്ത്യാ എൽ.പി.എസ് എന്നിവ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഗതാഗത വാർത്താവിനിമയ രംഗങ്ങളിൽ ഒട്ടേറെ മുന്നേറ്റം ഇക്കാലത്തുണ്ടായി.

## ട്രേഡ് യൂണിയൻ പ്രക്ഷോഭങ്ങൾ

ഈ പഞ്ചായത്തിലെ മൂന്നാംവാർഡിൽ അന്ത്രപ്പേരുടെ വക ഒരു തേയിലത്തോട്ടവും മറ്റുപ്രദേശങ്ങളിൽ ഏലത്തോട്ടവ്യവസായവും ഉണ്ടായിരുന്നു. തമിഴ്നാട്ടിൽ നിന്നും കരാറടിസ്ഥാനത്തിൽ കങ്കാണിമാർ കൊണ്ടുവന്നിരുന്ന തൊഴിലാളികളാണ് ഈ തോട്ടങ്ങളിൽ ജോലി ചെയ്തിരുന്നത്. ഏതെങ്കിലും വിധത്തിലുള്ള സേവനവേതനവ്യവസ്ഥകൾ ഉണ്ടായിരുന്നില്ല. ചോളം പഞ്ഞപ്പുല്ല് തുടങ്ങിയവ ഭക്ഷ്യവസ്തുക്കളാണ് ശമ്പളമായി നല്കിയിരുന്നത് 1950–കളിൽ തേയില ത്തോട്ടത്തിൽ ട്രേഡ്യൂണിയൻ പ്രസ്ഥാനം രൂപംകൊണ്ടു. I.N.T.U.C, A.I.T.U.C എന്നീ സംഘടനകളാണ് തൊഴിലാളികളെ സംഘടിപ്പിച്ച് യൂണിയൻ രൂപീകരിച്ചത് അവകാശസമരങ്ങളെ അടിച്ചമർത്താൻ കള്ള ക്കേസുകളും മർദ്ദനമുറകളും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായി. ഇവയെ അതിജീവിക്കാനുള്ള സംഘടിതശ്രമങ്ങളെ അവഗണിക്കാവുന്നതല്ല. 1960–കളിൽ ഈ തോട്ടത്തിന്റെ അധഃപതനം തുടങ്ങി. ഏബ്രഹാം പുളിക്കൽ എന്ന പുതിയ മാനേജ്മെന്റ് തോട്ടവിലയ്ക്കുവാങ്ങി. ഇക്കാലത്ത് കുഞ്ചിത്തണ്ണിയിൽ നിന്നുമുള്ള യാത്രാസൗകര്യം മെച്ചപ്പെടുത്തുവാൻ വേണ്ടി ഈ മാനേജ്മെന്റ് ശ്രമിച്ചിട്ടുണ്ട്. 1970–കളിൽ തോട്ടം നശിക്കുകയും തുണ്ടുതുണ്ടായി ഭൂമി കൃഷിക്കാർക്കു വില്ക്കപ്പെടുകയും ചെയ്തു.

ഏലത്തോട്ടം മേഖലയിൽ പുരുഷന്മാർക്ക് 1 രൂപ 25 പൈസയും സ്ത്രീകൾക്ക് 1 രൂപയുമായിരുന്നു കൂലിനിരക്ക്. 1971ലാണ് ആദ്യ ഇരുട്ടളയിലുള്ള K.I.O എസ്റ്റേറ്റിലാണ് [redacted] ആദ്യ ട്രേഡ്യൂണിയൻ പ്രസ്ഥാനം ആരംഭിച്ചത്. കൂലി വർദ്ധനവിനും ജോലി സ്ഥിരതയ്ക്കും വേണ്ടിയുള്ള ഈ സമരം വിജയിച്ചു. C.I.T.U, I.N.T.U.C, K.T.U.C, D.P.L തുടങ്ങിയ യൂണിയനുകൾ തൊഴിലാളിസമരങ്ങൾക്ക് നേതൃത്വം നൽകി. ഇരുട്ടളയിലുള്ള K.I.O എസ്റ്റേറ്റിൽ ആരംഭിച്ച ട്രേഡ്യൂണിയൻ പ്രവർത്തനങ്ങൾ ബൈസൺവാലിയിലെ തോട്ടം മേഖലകളിലാകെ വ്യാപിക്കുകയും, സേവനവേതന വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് അവിടെയെല്ലാം എഗ്രിമെന്റ് ഉണ്ടാവുകയും ചെയ്തു. നിരവധി സംഘട്ടനങ്ങളും കേസുകളും ഇത്തരം സമരങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. ഈ പോരാട്ടങ്ങളുടെ ഫലമായി തൊഴിലാളികൾക്ക് ജോലിസ്ഥിരതയും കാലാനുസൃതമായ ശമ്പള, ഡി.എ. വർദ്ധനവുകളും ഉറപ്പാക്കപ്പെട്ടു. നിലവിൽ 52 രൂപ 38 പൈസ ശമ്പളവും ബോണസും മറ്റാനുകൂല്യങ്ങളും ലഭിച്ചുവരുന്നു.

## കർഷക പ്രക്ഷോഭണങ്ങൾ

മലയോരകർഷകരുടെ ചിരകാലസ്വപ്നമായ കൈവശഭൂമിക്ക് പട്ടയത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ കർഷകരും പങ്കാളികളായിട്ടുണ്ട്. വിവിധ കർഷക പ്രസ്ഥാനങ്ങൾ സംയുക്തമായും ഒറ്റയ്ക്കൊറ്റയ്ക്കും പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട് ഈ സമരം ഇന്നും തുടരുന്നു ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടും മറ്റു വികസനപ്രവർത്തനങ്ങൾ നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടും ഇവിടുത്തെകർഷകജനത നടത്തിയിട്ടുള്ള സമരങ്ങൾ ചരിത്രത്തിന്റെ അവിഭാജ്യഘടകമാണ്.

## ജില്ലയ്ക്കുവേണ്ടിയുള്ള സമരം

കോട്ടയംജില്ലയുടെ ഭാഗമായിരുന്ന മലയോരപ്രദേശങ്ങളെ ഉൾപ്പെടുത്തി മലനാട് ജില്ല രൂപീകരിക്കണമെന്ന ആവശ്യമുന്നയിച്ച് നിരവധി പ്രക്ഷോഭ സമരങ്ങൾ നടക്കുകയുണ്ടായി. അതിന്റെ ഭാഗമായി ബൈസൺവാലി പഞ്ചായത്തിലും ധർണ, പിക്കറ്റിംഗ് തുടങ്ങിയ സമരമുറകൾ നടത്തിയിട്ടുണ്ട്. ഇത്തരം പ്രക്ഷോഭസമരങ്ങളുടെ ഫലമായി 1972–ൽ ഇടുക്കി ജില്ല രൂപീകൃതമായി. പ്രഥമ ജില്ലാ കളക്ടർ ശ്രീ. ഡി. ബാബു പോൾ ആയിരുന്നു.

## പ്രകൃതി ദുരന്തങ്ങൾ

1959–ൽ കാലവർഷത്തോടനുബന്ധിച്ച് ജോസ്ഗിരിയിലുണ്ടായ ഉരുൾപൊട്ടലിൽ അരീപ്പാറ കുഞ്ഞോയിയും ഭാര്യയും കുട്ടിയും ദാരുണമായി മരണമടഞ്ഞു. 1962–ൽ കാലവർഷക്കാലത്തുണ്ടായ ഉരുൾപൊട്ടലിൽ ബൈസൺവാലി പോസ്റ്റോഫീസിനു സമീപം താമസിച്ചിരുന്ന വാഴയ്ക്കാപ്പാറ നാരായണനും ഭാര്യയും മരണപ്പെട്ടു. 1989–ൽ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും നിരവധി വീട്ടുകാർ നഷ്ടപ്പെടുകയും കൃഷിനാശം സംഭവിക്കുകയും ചെയ്തു. വിവിധ സ്കൂളുകളിലും സ്ഥാപനങ്ങളിലുമായി ദുരിതാശ്വാസ ക്യാമ്പുകൾ തുറന്ന് ജനങ്ങളെ മാറ്റിപ്പാർപ്പിക്കുകയും സൗജന്യഭക്ഷണം നൽകുകയും ചെയ്തു. സർക്കാർതലത്തിൽ ലഭ്യമായ സഹായംകൂടാതെ ബഹുജന സഹകരണത്തോടെ സംരക്ഷണനടപടികൾ കൈകൊള്ളുവാൻ കഴിഞ്ഞു. തകർന്നുപോയ കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ ഭാഗത്തുനിന്നും ഉണ്ടായില്ല. അന്നുണ്ടായ പ്രകൃതിക്ഷോഭത്തെത്തുടർന്ന് കാർഷികമേഖലയിൽ വിളകൾക്ക് വ്യാപകമായി രോഗബാധയുണ്ടായി. അതിന് ഇതുവരെയും പ്രതിവിധികണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. 1994 ജൂലൈമാസം 13–ാം തീയതി അർദ്ധരാത്രിയിലുണ്ടായ ശക്തമായ ഉരുൾപൊട്ടലിൽ ബൈസൺവാലി നാല്പതേക്കറിനു സമീപം ഒൻപതുപറയിൽ രാഘവന്റെ കുടുംബാഗങ്ങൾ അതിദാരുണമായി മരണപ്പെട്ടു. ഈ സംഭവം ഈ പഞ്ചായത്തിലെ ജനങ്ങളെയാകെ ദുഃഖത്തിലാഴ്ത്തി. ഏഴാം വാർഡിലെ കുരങ്ങുപാറമല പലപ്പോഴും പ്രകൃതി ദുരന്തങ്ങളുടെ മേഖല ആകാറുണ്ട്.

## നിലവിലുള്ള സാഹചര്യങ്ങൾ

ഏലം കുരുമുളക് തെങ്ങ്, കമുക്, കൊക്കോ, കാപ്പി, റബർ എന്നീ നാണ്യവിളകൾ പ്രധാനമായും കൃഷിചെയ്തുവരുന്നു. അങ്ങിങ്ങായി ഉണ്ടായിരുന്ന നെൽകൃഷിയിടങ്ങളിൽ കുറെ ഭാഗം മറ്റുകൃഷികൾക്കുവേണ്ടി ഉപയോഗിക്കുന്നു. നാണ്യവിളകളാണെങ്കിൽ ഉത്പാദനത്തിനും ഉത്പാദനക്ഷമതയിലും പിന്നോട്ടുപോവുന്നു. വ്യവസായികരംഗത്ത് യാതൊരു ചുവടുവയ്പുകളും ഉണ്ടായിട്ടില്ല. സേവനമേഖലകളുടെ വികസനത്തിലും ഗുണനിലവാരത്തിലും പഞ്ചായത്ത് പിന്നോക്കാവസ്ഥയിൽതന്നെച്ചുരുക്കത്തിൽ പ്രതീക്ഷകൾ മങ്ങിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ് ജനജീവിതം.

ഈ സാഹചര്യത്തിലും കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്ന് കരുത്താർജിച്ച് പ്രതീക്ഷയോടെ ഭാവിയിലേക്ക് നീങ്ങുവാനുള്ള ശ്രമങ്ങളാണ് പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നമ്മൾ വിഭാവനം ചെയ്യുന്നത്. കൂട്ടായ്മയുടെ മുൻ അനുഭവമാണ് നമ്മൾക്കുള്ളത്. വരും കാലങ്ങളിൽ ഉദ്യോഗസ്ഥൻമാരുടെയും ജനപ്രതിനിധികളുടെയും ജനങ്ങളുടെ ആകെയും സഹകരണത്തോടെയും ാാ പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പാക്കാനും കഴിയുന്ന സാഹചര്യമാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ കരഗതമായിരിക്കുന്നത്. ഈ സാഹചര്യത്തിന്റെ വമ്പിച്ച പ്രാധാന്യം. ജനഹൃദയങ്ങളിലെത്തിക്കാനുള്ള ബാദ്ധ്യത ഇവിടെ സമ്മേളിച്ചിരിക്കുന്ന നിങ്ങൾ ഏറ്റെടുക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

## ഭൂപ്രകൃതിയും വിഭവങ്ങളും

സമുദ്രനിരപ്പിൽനിന്നും മൂവായിരം മുതൽ ആറായിരത്തിനാനൂറുവരെ അടി ഉയരത്തിൽ പശ്ചിമഘട്ടമലനിരകളുടെ ഭാഗമായി കിടക്കുന്ന ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ വടക്ക് കണ്ണൻദേവൻ മലനിരകളും കിഴക്കും തെക്കും ചിന്നക്കനാൽ രാജകുമാരി, രാജാക്കാട് പഞ്ചായത്തുകളും, പടിഞ്ഞാറ് മുതിരപ്പുഴയാറും അതിരുകൾ പങ്കുവയ്ക്കുന്നു. ഭൂപ്രകൃതി അനുസരിച്ച് നമ്മുടെ പഞ്ചായത്തിനെ കുന്നിൻമുകളിലെ നിരപ്പ്, കുന്നിൻചരിവ്, താഴ്‌വര, തരിശ്, പുൽമേടുകൾ, പാറക്കെട്ടുകൾ, ചതുപ്പ് എന്നിങ്ങനെ തരംതിരിക്കാം. ഈ പ്രദേശങ്ങളിലെല്ലാം തന്നെ ചരൽ കലർന്ന ചുവന്നമണ്ണ്, പശിമരാശിയുള്ള കറുത്ത മണ്ണ് എന്നിവകാണപ്പെടുന്ന കുന്നിൻമുകളിലുള്ള നിരപ്പു പ്രദേശങ്ങളിലും കുന്നിൻചെരിവുകളിലും ഏലം കുരുമുളക്, കാപ്പി, കമുക്, കൊക്കോ, തെങ്ങ്, റബർ തുടങ്ങിയ നാണ്യവിളകൾ സമ്മിശ്രമായി കൃഷിചെയ്തുവരുന്നു. താഴ്‌വരകളിൽ കുറെ പാടശേഖരവും മലമ്പ്രദേശങ്ങളിൽ പാറക്കെട്ടുകളും, തരിശു പ്രദേശവും പുൽമേടുകളും കാണാം. ഉയർന്ന മലനിരകളുടെ ചരിവുകളിൽ ഏലം കൃഷിചെയ്യുന്നു. ചൊക്രമുടി മല നിരകളിൽ നിന്നും മാത്രമായി വടക്കുനിന്നും തെക്കോട്ടൊഴുകുന്ന ഒൻപത് വറ്റാത്ത നീർച്ചാലുകളും വേനൽക്കാലത്ത് വറ്റിപ്പോകുന്ന പതിനഞ്ചോളം നീർച്ചാലുകളുമുണ്ട്. വറ്റിപ്പോയ നിരവധി നീർച്ചാലുകൾ ഈ പ്രദേശങ്ങളിലുണ്ടായിരുന്നതായി ഭൂപ്രകൃതി പഠനപര്യടനത്തിലൂടെ മനസിലാക്കാൻ കഴിഞ്ഞു. മേൽപ്പറഞ്ഞവ കൂടാതെ നാലും അഞ്ചും വാർഡുകളെതമ്മിൽ വേർതിരിക്കുന്ന അളയാർ, കണ്ണൻദേവൻ മല നിരകളിൽ നിന്നുത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകി മുതിരപ്പുഴയാറിൽ ചേരുന്നു. കിഴക്കൽമല നിരകളിൽനിന്നുത്ഭവിച്ച് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി പടിഞ്ഞാറോട്ടൊഴുകി മുതിരപ്പുഴയാറിൽപ്പതിക്കുന്ന ഉപ്പാറാണ് ഈ പഞ്ചായത്തിലെ ഏറ്റവും നീളംകൂടിയ തോട്. ഒന്നും രണ്ടും വാർഡുകളെ തമ്മിൽ വേർതിരിക്കുന്ന മുന്നുറേക്കർ–തേക്കിൻകാനംതോട് കിഴക്കുനിന്നും പടിഞ്ഞാറോട്ടൊഴുകി മുതിരപ്പുഴയാറ്റിൽ ലയിക്കുന്നു. ഈ തോട്ടിലെ ജലം, കൊച്ചുപ്പ്, പാറക്കടവ് ഭാഗങ്ങളിൽ ടണൽ നിർമിച്ച് പൊൻമുടി ഡാമിൽ എത്തിക്കുന്നു.

അശാസ്ത്രീയ മായ കൃഷിരീതികളും വനനശീകരണവും മണ്ണുസംരക്ഷണനടപടികളുടെ അപര്യാപ്തതയും ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അക്ഷാംശം 10 ഡിഗ്രിയിൽ സ്ഥിതി ചെയ്യുന്ന നമ്മുടെ പഞ്ചായത്തിലാണ് കേരളത്തിലെ ഉയരം കൂടിയ മലനിരകളിലൊന്നായ ചൊക്രമുടി സ്ഥിതിചെയ്യുന്നത്. ഏലക്കാടുകളുടെ സാമീപ്യവും സമുദ്രനിരപ്പിൽനിന്നുള്ള ഉയരക്കൂടുതലും നമ്മുടെ പഞ്ചായത്തിന്റെ കാലാവസ്ഥയെയും ജൈവ വൈവിദ്ധ്യങ്ങളെയും സ്വാധീനിക്കുന്ന ഘടകങ്ങളാണ്. എന്നാൽ കുടിയേറ്റക്കാലങ്ങളെ അപേക്ഷിച്ച് പകൽചൂട് കൂടിവരുന്നതായി അനുഭവപ്പെടുന്നു. വർഷപാതത്തിൽ ഗണ്യമായ ഏറ്റകുറച്ചിലുകൾ കാണാം. വേനൽക്കാലത്ത് അനുഭവപ്പെടുന്ന കടുത്തവരൾച്ചയും കുടിവെള്ളക്ഷാമവും പുതിയ വെല്ലുവിളികൾ ഉയർത്തിയിരിക്കുന്നു. മൺസൂൺ കാലത്തിന്റെ ആദ്യപാദത്തിലും ജനുവരിയിലും ശക്തമായ കാറ്റ് വീശാറുണ്ട്. ഇവിടുത്തെ ശരാശരി അന്തരീക്ഷ താപനില 23 ഡിഗ്രി സെൽഷ്യസിനും 3– ഡിഗ്രി സെൽഷ്യസിനും മദ്ധ്യയാണ്. ഇടവപ്പാതി മഴയാണ് കൂടുതലായി ലഭിക്കുന്നത്. വർഷപാതം സംബന്ധിച്ച അഞ്ചുവർഷത്തെ സ്ഥിതി വിവരപ്പട്ടിക ചുവടെ ചേർക്കുന്നു.

കാർഷികഭൂവിനിയോഗത്തിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ സ്ഥിതിവിവരക്കണക്ക്.

| ക്രമ നമ്പർ | കൃഷി ഇനം | അളവ് | ശതമാനം |
|---|---|---|---|
| 1 | ഏലം | 500 | 17.17 |
| 3 | കുരുമുളക് | 650 | 22.32 |
| 3 | കമുക് | 225 | 7.72 |
| 4 | നെല്ല് | 70 | 2.4 |
| 5 | തെങ്ങ് | 110 | 3.77 |
| 6 | കാപ്പി/ കൊക്കോ | 250 | 8.58 |
| 7 | കപ്പ | 32 | 1.09 |
| 8 | വാഴ | 70 | 2.4 |
| 9 | റബർ | 210 | 7.21 |
| 10 | പലവക | 795 | 27.8 |

(അവലംബം:-കൃഷിഭവൻ കണക്ക്)

## 1991 മുതൽ 1996 വരെയുള്ള വർഷപാതകണക്ക്

| | ജൂൺ | ജൂലൈ | ഓഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവം | ഡിസംബർ | ജനുവ | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ മഴദിവസം | 17 | 18 | 11 | 10 | 20 | 9 | - | 3 | 2 | - | 3 | 8 | 84 |
| 1991-92 ആകെ മഴയുടെ അളവ് (സെ.മി) | 27.04 | 42.04 | 49.44 | 52.24 | 65.47 | 67.02 | - | 7.02 | 4.68 | - | 2.8 | 9.92 | 327.67 |
| 1992-93 (ദിവസം) | 17 | 13 | 10 | 16 | 13 | 6 | - | 1 | 4 | - | 11 | 13 | 104 |
| അളവ് (സെ.മി) | 34.27 | 57.72 | 66.7 | 86.48 | 96.89 | 102.2 | - | 1.4 | 105.5 | - | 2.39 | 9.59 | 563.14 |
| (ദിവസം) 1993-94 | 17 | 25 | 18 | 14 | 19 | 11 | 8 | 5 | 3 | 2 | 16 | 15 | 153 |
| അളവ് (സെ.മി) | 17.1 | 36.35 | 17.95 | 16.2 | 29.45 | 18.75 | 12.6 | 5.4 | 1.7 | 1.45 | 9.13 | 6.95 | 163.03 |
| (ദിവസം) 1994-95 | 19 | 21 | 23 | 11 | 17 | 11 | 5 | 3 | - | 4 | 9 | 12 | 135 |
| അളവ് (സെ.മി) | 17.85 | 32.15 | 35.05 | 15.71 | 20.95 | 14.1 | 2.95 | 3.85 | - | 3.45 | 5.95 | 12.75 | 164.76 |
| (ദിവസം) 1995-96 | 20 | 27 | 23 | 21 | 22 | | | | | | 14 | 10 | 137 |
| അളവ് (സെ.മി) | 32.5 | 45.6 | 24.7 | 16.95 | 42.5 | | | | | | 19.5 | 11.2 | 192.9 |

### ജലലഭ്യത

വർഷപാതം സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധിച്ചുവല്ലോ അളയാർ, ഉപ്പാർ, തെക്കിൻകാനംതോട് എന്നിവയും കൈത്തോടുകളും ചേർന്ന മൂന്നു നീർമറി പ്രദേശങ്ങൾ ഉൾപ്പെടുന്നതാണ് ബൈസൺവാലി പഞ്ചായത്ത്. പതിനെട്ട് വലിയകുളങ്ങളും 22 ചെറിയ കുളങ്ങളും ഈ പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ട്. പൊതുകിണറുകളുടെ എണ്ണം 13-ആണ്. ഭൂഗർഭജലം സംബന്ധിച്ച വിവരം നമ്മൾക്ക് ലഭ്യമല്ല. പൊതുവെ പ്രകൃതിയിൽ നിന്നും നമുക്ക് ശുദ്ധജലമാണ് ലഭിക്കുന്നതെങ്കിലും സാനിട്ടറി സൗകര്യങ്ങളുടെ അപര്യാപ്തതയും ജനങ്ങളുടെ അറിവില്ലായ്മയും ജലമലിനീകരണത്തിനും ആരോഗ്യപ്രശ്നങ്ങൾക്കുമിടയാക്കുന്നു.

### മണ്ണ്

ഏലക്കാടുകളിൽ താരതമ്യേന ജൈവാംശം കൂടുതലുള്ള കറുത്തമണ്ണും കാണുന്നു. മണ്ണൊലിപ്പ്, [redacted] വളം, കീടനാശിനി പ്രയോഗം, ഫലപ്രദമല്ലാത്ത കൃഷിരീതി ഇവമൂലം മണ്ണിന്റെ ഘടനയിൽ മാറ്റം വന്നിരിക്കുന്നു. . ജൈവാംശംകുറഞ്ഞു വരുന്നു. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത കൃഷിയെ സാരമായി ബാധിക്കുന്നു.

### ഭൂവിനിയോഗം

ഭൂപ്രകൃതിയനുസരിച്ചുള്ള ഭൂമിനിയോഗത്തിന്റെ കണക്ക് ഇതോടൊപ്പം ചേർക്കുന്നു

**വിവിധ വിള വിസ്തീർണ്ണവും ഉല്പാദനവും സംബന്ധിച്ച ചാർട്ട്( 5 വർഷത്തെ ശരാശരി)**

| വിള | വിസ്തീർണ്ണം | ആകെ ഉല്പാദനം | ഉല്പാദന ക്ഷമത/Ha |
|---|---|---|---|
| നെല്ല് 1-ാംവിള | 70Ha | | 1.5 ടൺ/Ha |
| നെല്ല് 2-ാം വിള | 60 Ha | | 1.6 ടൺ/Ha |
| നെല്ല് 3-ാംവിള | -- | | |
| പയർ | 10Ha | | |
| എള്ള് | -- | | |
| പച്ചക്കറികൾ | 20Ha | | |
| തെങ്ങ് | [illegible]Ha | 3.63 ലക്ഷം കായ്കൾ | 3300 കായ്/Ha |
| വാഴ | 70Ha | 6.65ലക്ഷം കി.ഗ്രാം | 7500 kg/Ha |
| മരച്ചീനി | 32Ha | 5.44 ലക്ഷം കി.ഗ്രാം | 17,000/kg/Ha |
| കുരുമുളക് | 650Ha | 16.3 ടൺ | 250Kg/Ha |
| പ്ലാവ് | 35000 എണ്ണം | | |
| കശുമാവ് | 2Ha | 1400 Kg. | 700Kg/Ha |
| മാവ് | 23542 എണ്ണം | | |
| റബർ | 210Ha | 161 ടൺ | 0.76 |
| കമുക് | 225 Ha | 450.8 ലക്ഷം കായ് | 2 ലക്ഷം കായ് |
| ഏലം | 500Ha | 42500 Kg. | 225 Ha. |

(അവലംബം: കൃഷിഭവൻ കണക്ക്)

1899

## ജൈവസമ്പത്ത്

വിസ്തൃതിയിൽ ചെറിയ പഞ്ചായത്താണെങ്കിലും സസ്യ ജൈവസമ്പത്തുകൊണ്ടനുഗ്രഹീതമാണ് ഈ പ്രദേശം. ചൊക്രമുടി മലനിരകളിൽ കണ്ടുവരുന്ന നീലക്കുറിഞ്ഞി സസ്യലോകത്തുതന്നെ അപൂർവ്വവും കൗതുകമുണർത്തുന്നതുമാണ്. ആദിവാസികൾക്ക് മാത്രം തിരിച്ചറിയാൻ കഴിയുന്ന ഒട്ടനവധി ഔഷധസസ്യങ്ങൾ ഇവിടെയുണ്ട്. ശാസ്ത്രീയമായ തിരിച്ചറിവിന്റെ അഭാവത്തിൽ ഇവയെല്ലാം നമുക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടേക്കാം. ഇരവികുളം ദേശീയ ഉദ്യാനത്തിൽ കാണപ്പെടുന്ന വരയാടുകളെ അപൂർവ്വമായെങ്കിലും ഈ മലനിരകളിലും കാണാം. വനനശീകരണവും വേട്ടയാടലും മൂലം നിരവധി വന്യജീവികൾക്ക് ഇന്നു ധ്വംശനാശംതന്നെ സംഭവിച്ചിരിക്കുന്നു. പഠനനിരീക്ഷണങ്ങൾക്ക് വിധേയമാക്കപ്പെടാത്ത ചിലയിനം പക്ഷികളും ദേശാടനക്കിളികളും നമ്മുടെ മേഖലയുടെ സവിശേഷതകളിൽ ഉൾപ്പെടുന്നു. ജൈവവൈവിദ്ധ്യം സംബന്ധിച്ച് കൂടുതൽ ശാസ്ത്രീയമായ നിരീക്ഷണങ്ങളും പഠനങ്ങളും ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു.

## മനുഷ്യവിഭവശേഷി

ഉല്പാദനപ്രക്രിയയിലെ ഏറ്റവും സുപ്രധാനഘടകമായ മനുഷ്യവിഭവത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് സമ്പന്നമാണെങ്കിലും ഗുണനിലവാരവും പങ്കാളിത്തവും ഇനിയും വർധിക്കേണ്ടിയിരിക്കുന്നു. 1981–ലെ സെൻസസ് പ്രകാരം ഇവിടുത്തെ ജനസംഖ്യ 9455 ആയിരുന്നു. 1991–ൽ അതു 13255 ആയി വർധിച്ചു. വാർഷികജനസംഖ്യാവളർച്ചാനിരക്ക് 4 ശതമാനത്തിൽ അധികമാണെന്നു കാണാം. ഇതു സംസ്ഥാനനിരക്കിനേക്കാൾ 1.5% കൂടുതലാണ്. പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 300.05 ആണ്. ഉന്നതസാങ്കേതികവിദ്യാഭ്യാസകാര്യത്തിൽ നമ്മൾ ഇപ്പോഴും പിന്നിൽതന്നെയാണ്. രണ്ടു ഡോക്ടർമാരും അഞ്ച് എഞ്ചിനീയർമാരും അഞ്ച് നിയമബിരുദധാരികളും ഒരു അഗ്രികൾച്ചർ ബിരുദധാരിയും ഈ പഞ്ചായത്തിലുണ്ട്. സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ പ്രദേശത്തില്ല. പഞ്ചായത്തു പ്രദേശത്തുനിന്നും 88 ആളുകൾ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നു. തൊഴിലില്ലായ്മയും ഭാഗികമായിമാത്രം തൊഴിലുള്ള അവസ്ഥയും സൃഷ്ടിക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ നിസാരമല്ല.

## വികസനമേഖലകൾ

### 1. പ്രാഥമികമേഖല

### കൃഷിയും ജലസേചനവും കാർഷിക ചരിത്രം

ബൈസൺവാലി പഞ്ചായത്ത് ഒരു കുടിയേറ്റ മേഖലയാണ്. കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും അദ്ധ്വാനശീലരായ കർഷകർ കൃഷിഭൂമിക്കുവേണ്ടിയുള്ള ദാഹവുമായി ഇവിടേക്കു കടന്നുവന്നു. പ്രകൃതിയുടെയും നിയമത്തിന്റെയും പ്രതികൂല



**'കാടും ചെടിയും എല്ലാം നശിച്ചു തുടങ്ങി'**- അന്യംനിന്നുവരുന്ന ഒരപൂർവ്വ ഔഷധസസ്യം കയ്യിൽ പിടിച്ച് ആകുലതയോടെ നിൽക്കുന്ന ആദിവാസി. കൂടെ പഠനസംഘാംഗങ്ങളായ പി.വൈ.ജോൺ, വി.എഫ്.ജോസ് എന്നിവരെയും കാണാം.

സാഹചര്യങ്ങളുടെയും വെല്ലുവിളികളെ നേരിട്ടുകൊണ്ട് തങ്ങളുടെ കാർഷിക ജീവിതം ഇവിടെ കരുപ്പിടിപ്പിച്ചു. ഭക്ഷ്യാവശ്യത്തിനുവേണ്ടി നെല്ലും കപ്പയും കൃഷി ചെയ്തുതുടങ്ങി. ഏറുമാടങ്ങളിൽ നിന്നു താഴെയിറങ്ങി കൃഷി സ്ഥലങ്ങളിൽ വാസമുറപ്പിച്ചപ്പോൾ കാർഷികരീതിയിൽ പ്രകടമായ മാറ്റം വന്നു. നാണ്യവിളകൾക്കു പ്രാധാന്യം നല്കപ്പെട്ടപ്പോൾ ഏലം, കുരുമുളക്, കാപ്പി, കമുക്, തെങ്ങ് തുടങ്ങിയവ കൃഷിയിടങ്ങൾ കൈയടക്കി. 'വലിച്ചെറിഞ്ഞാൽ മുളച്ചുപൊന്തുന്ന' ഫലഭൂയിഷ്ഠമായ മണ്ണിൽ കർഷകന്റെ അദ്ധ്വാനം കനകം വിളയിച്ചു.

ച്ചെലവിലെ വർദ്ധനവ് ഉല്പാദനക്ഷമതക്കുറവ്, വിലയിലെ അസ്ഥിരത എന്നിവമൂലം കടുത്ത പ്രതിസന്ധിയിലാണ്. റബർ, കാപ്പി, വാഴ തുടങ്ങിയ കൃഷികളിൽ കൃഷിക്കാർ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങിയിരിക്കുന്നു. വിവിധ വിളവിതരണക്രമം പരിശോധിച്ചാൽ ചില കൃഷികൾ പ്രത്യേകമേഖലകളിൽ കേന്ദ്രീകരിച്ചിക്കുന്നതായി കാണാൻ കഴിയും. ഏലം കൃഷി കൂടുതലായി കാണപ്പെടുന്നത് 2, 5, 6, 7, 8, 4 വാർഡുകളിലാണ്. കുരുമുളകു കൃഷി എല്ലാ വാർഡുകളിലുമുണ്ട്. 1,2,3, 4, 5 വാർഡുകളിലാണ് തെങ്ങുകൃഷി കൂടുതലായി കാണുന്നത്. ഏറ്റവും



ഭൂമിയുടെ സാധ്യതകളറിഞ്ഞ്– മുട്ടുകാട് പാടശേഖരത്തിലെത്തിയ ഭൂപ്രകൃതി പഠന പര്യടനസംഘം

എന്നാൽ പിന്നീട് അശാസ്ത്രീയമായ കൃഷിരീതികളും മണ്ണു സംരക്ഷണത്തിന്റെ അപര്യാപ്തതയും നടീൽ വസ്തുക്കളുടെ ഗുണമേന്മയില്ലായ്മയും കാർഷികമേഖലയെ പിന്നോട്ടടിപ്പിച്ചു. അര നൂറ്റാണ്ടിന്റെ കഠിനാധ്വാനചരിത്രമുള്ള കർഷകന്റെ സാമൂഹ്യപദവി ഇന്നും താഴ്ന്ന നിലയിലാണെന്ന ഖേദകരമായ വസ്തുത കാണാതിരുന്നുകൂടാ. കൈവശഭൂമിക്കു പട്ടയം എന്ന ചിരകാലസ്വപ്നം കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നിയമക്കുരുക്കിൽ ബന്ധിതമായിരിക്കുമ്പോൾ കർഷകൻ അനുഭവിക്കുന്ന വേദന ഭരണാധികാരികൾ എന്നു മനസ്സിലാക്കും ?

വില്ലേജിൽനിന്നും ശേഖരിച്ച കണക്കുപ്രകാരം പട്ടയഭൂമിയുടെ അളവും പുറമ്പോക്കിന്റെ അളവും തമ്മിൽ വലിയ അന്തരമില്ല. കർഷകന്റെ കൈവശഭൂമി പുറമ്പോക്കുഭൂമിയായി കണക്കാക്കപ്പെട്ടിരിക്കുന്നതായി കാണാം. ഈ കൃഷിഭൂമിയിൽ നിന്ന് എന്നെങ്കിലും ആട്ടിയിറക്കപ്പെടുമോ എന്ന ആശങ്ക സ്ഥായിയായ വികസനപ്രവർത്തനത്തിൽനിന്നു അകറ്റിനിർത്തുന്നു.

## വിളചേരുവ

ഏലകൃഷിയും കുരുമുളകുകൃഷിയും പ്രഥമസ്ഥാനത്തു നിൽക്കുന്നുവെങ്കിലും അവ രോഗങ്ങൾ, കീടങ്ങൾ, ഉല്പാദന

കൂടുതൽ നെൽക്കൃഷിയുള്ളത് ഏട്ടാം വാർഡിലാണ്. മിക്ക വാർഡുകളിലുമുള്ള ചതുപ്പുപ്രദേശങ്ങളിൽ നാമമാത്രമായ നെൽക്കൃഷിയുണ്ട്. കാപ്പിക്കൃഷി പൊതുവെ എല്ലാ പ്രദേശങ്ങളിലുമുണ്ടെങ്കിൽ 6, 7, 8 വാർഡുകളിൽ അത്യുത്പാദനശേഷിയുള്ള രോഗപ്രതിരോധശേഷിയും ഒത്തിണങ്ങിയ ഇനങ്ങൾ കാണപ്പെടുന്നു. കൊക്കോ കൃഷി അധികമുള്ളത് 1, 2, 4 വാർഡുകളിലാണ്. റബർകൃഷിയിൽ ഗണ്യമായ വർധനവുണ്ട്. 1, 3, 4, 5 വാർഡുകളിലാണ് റബ്ബർ കൃഷി കൂടുതലായി കാണപ്പെടുന്നത്. ഭക്ഷ്യവസ്തുക്കളുടെ കൃഷി പൊതുവേ കുറഞ്ഞുവരുന്നു. നെൽപാടങ്ങൾ നികത്തി നാണ്യവിളക്കൃഷിക്കും കെട്ടിടനിർമാണത്തിനും വിനിയോഗിക്കുന്നു. മണ്ണു സംരക്ഷണത്തിനും ജലസംരക്ഷണത്തിനുംവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഒട്ടും തൃപ്തികരമല്ല. വിളവിസ്തീർണ്ണവും ഉല്പാദനവും സംബന്ധിച്ച ചാർട്ട് ഇതോടൊപ്പം ചേർക്കുന്നു.

വിളവിസ്തീർണ്ണവും ഉല്പാദനവും സംബന്ധിച്ച അഞ്ചു വർഷത്തെ ശരാശരി കണക്ക്.

| വിവിധ വിള വിസ്തീർണ്ണവും ഉല്പാദനവും സംബന്ധിച്ച ചാർട്ട്( 5 വർഷത്തെ ശരാശരി) | | | |
|---|---|---|---|
| വിള | വിസ്തീർണ്ണം ഹെക്ടറിൽ | ആകെ ഉല്പാദനം | ഉല്പാദന ക്ഷമത/Ha |
| നെല്ല് 1-ാംവിള | 70Ha | | 1.5 ടൺ/Ha |
| നെല്ല് 2-ാം വിള | 60 Ha | | 1.6 ടൺ/Ha |
| നെല്ല് 3-ാംവിള | -- | | |
| പയർ | 10Ha | | |
| എള്ള് | -- | | |
| പച്ചക്കറികൾ | 20Ha | | |
| തെങ്ങ് | 110Ha | 3.63 ലക്ഷം തേങ്ങ | 3300 തേങ്ങ |
| വാഴ | 70Ha | 6.65ലക്ഷം കി.ഗ്രാം | 7500 kg/Ha |
| മരച്ചീനി | 32Ha | 5.44 ലക്ഷം കി.ഗ്രാം | 17,000/kg/Ha |
| കുരുമുളക് | 650Ha | 16.3 ടൺ | 250Kg/Ha |
| പ്ലാവ് | 35000 എണ്ണം | | |
| കശുമാവ് | 2Ha | 1400 Kg. | 700Kg/Ha |
| മാവ് | 23542 എണ്ണം | | |
| റബർ | 210Ha | 161 ടൺ | 0.78 |
| കമുക് | 225 Ha | 450.8 ലക്ഷം അടയ്ക്ക | 2 ലക്ഷം കായ |
| ഏലം | 500Ha | 112500 Kg. | 225 Ha. |
| (അവലംബം: കൃഷിഭവൻ കണക്ക്) | | | |

| വിളകൾ പ്രധാനമായി കാണപ്പെടുന്ന വാർഡുകൾ പ്രധാന രോഗങ്ങൾ എന്നിവ | | |
|---|---|---|
| കൃഷിയിനം | പ്രധാന രോഗങ്ങൾ | കൂടുതലായി കാണപ്പെടുന്ന വാർഡ് |
| ഏലം | അഴുകൽ, വേരുചീയൽ, കറ്റെറ, മഞ്ഞപ്പ് | 2,4,5,6,7,8 |
| കുരുമുളക് | ദ്രുതവാട്ടം, പോഷണക്കുറവുകൊണ്ടുള്ള രോഗങ്ങൾ | എല്ലാ വാർഡുകളിലും |
| കമുക് | മഹാളി | " |
| നെല്ല് | കാറ്റുവീഴ്ച, | 8 |
| തെങ്ങ് | മുഞ്ഞളിപ്പ്, കീടബാധകുമ്പുചീയൽ, | എല്ലാ വാർഡുകളിലും |
| കാപ്പി, കൊക്കോ | കമ്പുണക്കം, വാട്ടരോഗം, കുമിൾരോഗങ്ങൾ | 1,2,4 |
| വാഴ | തണ്ടുതുരപ്പൻ, അഴുകൽ | 3,4 |
| റബർ | പട്ടമരപ്പ്, കമ്പുണങ്ങൽ | എല്ലാ വാർഡുകളിലും |
| പച്ചക്കറി | കീടബാധ, പോഷണക്കുറവിൽനിന്നുള്ള രോഗങ്ങൾ | " |
| അവലംബം: കൃഷി ഭവൻ കണക്ക് | | |

## ജലസേചനസൗകര്യങ്ങൾ

കുളങ്ങൾ, കിണറുകൾ,തോടുകൾ തുടങ്ങിയ ചെറിയതോതിലുള്ള ജലസേചനസൗകര്യങ്ങളാണ് നിലവിലുള്ളത്. ഇവയിലൂടെയുള്ള ജലസേചനസാദ്ധ്യത തികച്ചും അപര്യാപ്തമാണ്. ഉദ്ദേശം 12 കൃഷിക്കാർ ആധുനിക ജലസേചനസംവിധാനങ്ങളായ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ഇറിഗേഷൻ എന്നിവ പ്രയോജനപ്പെടുത്തുന്നു.

| ജലസേചനസംവിധാനങ്ങൾ | | |
|---|---|---|
| വാർഡു നമ്പർ | പൊതു ജലസേചനകിണർ | കുളങ്ങൾ |
| 1 | – | 5 |
| 2 | 4 | 4 |
| 3 | 2 | 8 |
| 4 | 2 | 5 |
| 5 | 2 | 6 |
| 6 | 1 | 5 |
| 7 | 2 | 4 |
| 8 | – | 3 |

## ഉല്പന്നങ്ങളുടെ വിലയും വിപണനവും

മിക്ക കാർഷിക വിളകളുടെയും വിപണനരംഗത്ത് ചെറുകിട സ്വകാര്യ കച്ചവടകാരെ ആശ്രയിക്കാനേ കർഷകർക്ക് കഴിയുന്നുള്ളു. കുരുമുളക് വ്യാപാര രംഗത്ത് പൊട്ടൻ കാട് സർവ്വീസ് സഹകരണ സംഘം ഏർപ്പെട്ടിട്ടുണ്ട്. പക്ഷേ ഇത് ആകെയുള്ള കൃഷിക്കാരിൽ കുറഞ്ഞ ശതമാനത്തിനു മാത്രമേ പ്രയോജനപ്പെടുത്താൻ കഴിയുന്നുള്ളു. മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ ഒന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഏലയ്ക്കാ വിപണന രംഗം ഏറെ പ്രതിസന്ധിയിലാണ്. അടുത്ത പ്രദേശങ്ങളിലെങ്ങും ഓക്ഷൻ കേന്ദ്രങ്ങളില്ല. അതുകൊണ്ട് കൂടുതൽ ഏലയ്ക്കായും കുടികിടകച്ചവടത്തിലൂടേയും മറ്റും വിപണനം ചെയ്യപ്പെടുകയാണ്. ഏലയ്ക്കാവ്യാപാരം തമിഴ്നാട്ടിലെ ബോഡി നായക്കന്നൂർ കേന്ദ്രീകരിച്ചാണ് പ്രധാനമായും നടന്നുവരുന്നത്. എന്നതിനാൽ ഏലയ്ക്കാകള്ളക്കടത്ത് വ്യാപകമാവുന്നതിനും, നമ്മുടെ ഖജനാവിന് ലഭിക്കേണ്ട നികുതി നഷ്ടമാകുന്നതിനും കാരണമാവുന്നു. വിപണന സൗകര്യങ്ങളുടെ അഭാവം മെച്ചപ്പെട്ട വില ലഭിക്കുന്നതിൽ നിന്നും കർഷകരെ തടയുന്നു. വിളവെടുപ്പു സീസണിൽ പൊതുവേ ഉല്പന്നങ്ങൾക്കു വിലകുറവായിരിക്കും. ചെറുകിട ഇടത്തരം കൃഷിക്കാർക്ക് ഉല്പന്നങ്ങൾ സംഭരിച്ചുവച്ച് വില കൂടുമ്പോൾ വില്ക്കാൻ കഴിയുകയില്ല. അതു കൊണ്ട് വില ഉയർന്നാലുണ്ടാകുന്ന നേട്ടം പ്രധാനമായും ഇടത്തട്ടുകാരായ കച്ചവടക്കാർക്കും ചുരുക്കം വൻ കിട കൃഷിക്കാർക്കും മാത്രമായി ഒതുങ്ങുന്നു.

## കാർഷിക ബന്ധങ്ങൾ

ഭൂ ഉടമസ്ഥതയുടെ വലിപ്പച്ചെറുപ്പ വിതരണ പട്ടിക താഴെ കൊടുക്കുന്നു.

| ഭൂവുടമസ്ഥതയുടെ വിവരപ്പട്ടിക | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 മുതൽ 10 സെന്റുവരെ ഭൂമിയുള്ളവർ | 10 മുതൽ 20 വരെ സെന്റ് | 20 മുതൽ 50 വരെ | 50 സെന്റ് മുതൽ 100 സെന്റ് വരെ | 1 ഏക്കർ മുതൽ 2 ഏക്കർ വരെ | 2 ഏക്കർ മുതൽ 5 ഏക്കർ വരെ | 5 ഏക്കറിനു മുകളിൽ | ആകെ | 1 ഹെക്ടറിൽ താഴെ ഭൂമിയുള്ളവർ ആകെ | ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയ്ക്കു ഭൂമിയുള്ളവർ | 2 ഹെക്ടറിനു മുകളിൽ ഭൂമിയുള്ളവർ |
| 179 | 249 | 302 | 620 | 631 | 855 | 76 | 2912 | 2472 | 976 | 300 |

തങ്ങളുടെ കൃഷി ഭൂമിയിൽ സ്വയം പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കുറഞ്ഞു കൊണ്ടിരിക്കുന്നു എന്നാണ് പഠനം വ്യക്തമാക്കുന്നത്. പ്രത്യേകിച്ച് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെയിടയിൽ. ഈ പഞ്ചായത്തിൽ ആകെയുള്ള കർഷക തൊഴിലാളികളുടെ എണ്ണം 1557 ആണ്. ഇതിൽ പുരുഷൻമാർ 1072ഉം സ്ത്രീകൾ 485ഉം ആണ്. ഇത് മൊത്ത ജനസംഖ്യയുടെ 11.75 ശതമാനമാണ്. പൊതുവെ ഉയർന്ന കൂലി നിലവാരം നിലനില്ക്കുന്നുണ്ട്. സ്ത്രീക്കും പുരുഷനും തുല്യ ജോലിക്കു തുല്യ വേതനം ലഭിക്കുന്നു. ജോലി സമയം എട്ടു മണിക്കൂറും ശരാശരി ദിവസക്കൂലി 50 രൂപയുമാണ്. കൂടുതൽ കായികാധ്വാനമോ വൈദഗ്ധ്യമോ വേണ്ട പണികൾക്ക് കൂടിയ കൂലി നിരക്ക് നിലനിൽക്കുന്നു. ഉദാഹരണമായി വിറകുവെട്ട്, തടിയറുപ്പ് മുതലായ പണികൾക്ക് 150/- രൂപ വരെ ദിവസക്കൂലിയുണ്ട്.

| വളം വില്പന നടത്തിയ സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം (കിലോ ഗ്രാം) | കീടനാശിനി | | രാസവളം (കിലോ ഗ്രാം) | കീടനാശിനി | | രാസവളം (കിലോ ഗ്രാം) | കീടനാശിനി | |
| | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| സഹകരണബാങ്ക് + സ്വകാര്യ കടകൾ | 520 ടൺ | 5240 ലിറ്റർ | 102 ടൺ | 534 ടൺ | 5312 ലിറ്റർ | 109 ടൺ | 536 ടൺ | 5240 ലിറ്റർ | 112 ടൺ |

## വള ഉപഭോഗം.

വള ഉപഭോഗത്തെ സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇവിടെ കൊടുത്തിരിക്കുന്ന വളം - കീടനാശിനികളെ സംബന്ധിച്ച കണക്കുകൾ അപൂർണ്ണമാണ്. ഏലത്തോട്ടങ്ങളിൽ വിവിധകമ്പനി ഏജൻസികൾ നേരിട്ട് ഇവ എത്തിച്ചു കൊടുക്കുന്നുണ്ട്. കൂടാതെ തമിഴ്നാട്ടിൽ നിന്നും വളവും കീടനാശിനിയും കൊണ്ടുവരുന്നവരുമുണ്ട്. ജൈവവള ഉപയോഗം സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. ചാണകം വ്യാപകമായി ഉപയോഗിച്ചു വരുന്നുണ്ട്.

കൃഷിഭവനെപ്പറ്റി ആളുകളുടെ ധാരണ ചില സബ്സിഡികൾ ലഭിക്കാൻ മാത്രമുള്ള കേന്ദ്രം എന്നുള്ള നിലയിലാണെന്ന വിലയിരുത്തലാണ് ഓഫീസ് തലത്തിലുള്ളത്. സബ്സിഡി സമ്പ്രദായത്തിനു പകരം വികസന പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുന്ന സ്ഥാപനമായി തന്നെ നിലനിൽക്കണം എന്നുള്ള അഭി

പ്രായമാണ് അവർക്കുള്ളത്. കുരുമുളകിനെ ബാധിക്കുന്ന ദ്രുതവാട്ടത്തിനെതിരെ 50% സബ്സിഡിയോടുകൂടി തുരിശ്, സി.ഒ.സി, കക്ക എന്നിവ വിതരണം ചെയ്യപ്പെടുന്നു എങ്കിലും ഈ ഉദ്ദേശത്തിനായി അത് ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. ജലസേചന സൗകര്യത്തിനായുള്ള കുളം കിണർ പണികളും മോട്ടോർ പമ്പ് സ്ഥാപിക്കലും ഒരു വിധം തൃപ്തികരമായി നടന്നു വരുന്നതായി വിലയിരുത്തപ്പെടുന്നു.



ഠ:സൂചനയുടെ അടയാളം—ആളം തെറ്റിയ മണ്ണ്—പ്രകൃതി സംരക്ഷണത്തിന്റെ പ്രതീകമായി 'മണ്ണോട് മല്ലടിക്കുന്ന' ഫലവൃക്ഷം

## പ്രധാന പ്രശ്നങ്ങൾ

**1. കൃഷിക്കാരന്റെ കൈവശഭൂമിക്ക് പട്ടയമില്ലാത്തതാണ്** പ്രഥമവും പ്രധാനവുമായ പ്രശ്നം. സ്ഥായിയായ കൃഷി സംരംഭങ്ങൾക്കും മുതൽ മുടക്കിനും കൃഷിക്കാർ മടിക്കുന്നു. പട്ടയത്തിന്റെ അഭാവംമൂലം ബാങ്കുകളിൽനിന്നും ഇതര വായ്പാ സ്ഥാപനങ്ങളിൽനിന്നും വായ്പലഭിക്കാനുള്ള അവസരം നിഷേധിക്കപ്പെടുന്നു.

**2. കർഷകന്റെ കടക്കെണി:-** "കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടത്തിൽ മരിക്കുന്ന" കർഷകന്റെ ചിത്രമാണ് ബൈസൺ വാലി ഗ്രാമ പഞ്ചായത്തിന് അവതരിപ്പിക്കാനുള്ളത്. ഫലപ്രദമായ കർഷക സംരക്ഷണ സംവിധാനത്തിന്റെ അഭാവത്തിൽ പുരോഗതിയെപ്പറ്റി ചിന്തിക്കാനേ സാദ്ധ്യമല്ലാത്ത അവസ്ഥയാണ്.

**3. ഫലപ്രദമല്ലാത്ത കൃഷി സമ്പ്രദായം:-** കൃഷിയിടങ്ങളിൽ അങ്ങിങ്ങായി ചില വിളവുകളുണ്ടെങ്കിലും വളരെയധികം ഭൂമി ഫലപ്രദമായ കൃഷിക്ക് വിധേയമാക്കപ്പെടുന്നില്ല. വിള സാന്ദ്രത അങ്ങേയറ്റം താഴ്ന്ന നിലയിലാണ്.

**4. ജല സേചന സൗകര്യങ്ങളുടെ അപര്യാപ്തത:-** ജലസേചനത്തിനുള്ള സ്കീമുകൾ പലതും നടപ്പാക്കപ്പെട്ടതായി പറയുമ്പോൾതന്നെ കൃഷിയിടങ്ങൾ വരണ്ട ഭൂമികളായി മാറുന്ന അവസ്ഥയാണ് നിലവിലുള്ളത്.

**5. കീടബാധയും രോഗങ്ങളും:-** എല്ലാ വിളകളെയും കീടങ്ങളും രോഗങ്ങളും കീഴ്പ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഇതിന് പ്രതിവിധികളൊന്നും ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

**6. നല്ല നടീൽ വസ്തുക്കളുടെ ദൗർലഭ്യത:-** കൃഷിക്കാരുടെ കൈവശമുണ്ടായിരുന്ന പരമ്പരാഗത വിത്തിനങ്ങൾ അന്യം നിന്നുപോയിരിക്കുന്നു. അത്യുത്പാദനശേഷിയുള്ളതും രോഗപ്രതിരോധശേഷിയുള്ളതുമായ നല്ല വിത്തിനങ്ങൾ ലഭിക്കുന്നില്ല.

**7. ഉത്പ്പാദനക്ഷമതക്കുറവ് :-** മണ്ണിന്റെ ഫലഭൂയിഷ്ഠത കുറഞ്ഞുവരുന്നതുകൊണ്ടും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും നാൾക്കുനാൾ ഉത്പ്പാദനക്ഷമത കുറഞ്ഞുവരുന്നു. ഉത്പ്പാദനച്ചെലവ് ക്രമാതീതമായി വർദ്ധിക്കുന്നതിന് ഇത് കാരണമാകുന്നു.

**8. ജൈവവളപ്രയോഗത്തിന്റെ അപര്യാപ്തത:-** മണ്ണിന്റെ ജൈവസംപുഷ്ടി നിലനിർത്താൻ സഹായകമാംവിധം ജൈവവളങ്ങൾ ഉപയോഗിക്കപ്പെടുന്നില്ല. മണ്ണിന്റെ സ്വാഭാവികഘടന നഷ്ടപ്പെടാൻ ഇതിടയാക്കുന്നു.

**9. കർഷകത്തൊഴിലാളികളുടെ കുറവും കൂലി വർദ്ധനവും:-** കാർഷിക മേഖലയിൽനിന്നും തൊഴിലാളികൾ മറ്റു മേഖലകൾ തേടിപ്പോകുന്നതായി അനുഭവപ്പെടുന്നു. കൂലിവർദ്ധനവിനും തന്മൂലമുള്ള ഉത്പ്പാദനച്ചെലവ് വർദ്ധനയ്ക്കും ഇതിടയാക്കുന്നു.

**10. ആവശ്യമായ യന്ത്രോപകരണങ്ങൾ കിട്ടാനില്ല.** കൃഷിഭൂമിക്ക് അനുയോജ്യവും കർഷകരുടെ വിരസത ഒഴിവാക്കുന്ന തരത്തിലുള്ളതുമായ കാർഷിക യന്ത്രങ്ങളുടെ അഭാവം ഒരു പ്രശ്നം തന്നെയാണ്.

**11. ഉല്പന്നങ്ങളുടെ വിലക്കുറവ് :-** വിപണന സൗകര്യങ്ങളുടെ അപര്യാപ്തതയും വിളവെടുപ്പുകാലത്തുണ്ടാകുന്ന വിലക്കുറവും ചെറുകിടകൃഷിക്കാരെ കുറച്ചൊന്നുമല്ല ബുദ്ധിമുട്ടിക്കുന്നത്.

**12. കൃഷിഭവന്റെ കാര്യക്ഷമമല്ലാത്ത പ്രവർത്തനം:-** കൃഷിക്കാരെ ബോധവത്ക്കരിക്കുന്നതിനും സ്ഥായിയായ കാർഷിക സംരംഭങ്ങൾക്ക് പ്രാപ്തരാക്കുന്നതിനും സഹായകമായ വികസന പ്രവർത്തന രീതികൾ ഇന്ന് കൃഷിഭവനിലൂടെ നടപ്പാക്കപ്പെടുന്നില്ല.

**13. വായ്പാ സൗകര്യങ്ങളുടെ കുറവ് :-** ഉദാരമായ വ്യവസ്ഥകളിൽ ആവശ്യമായ സമയങ്ങളിൽ പര്യാപ്തമായ വായ്പ

കൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. പലപ്പോഴും അമിത പലിശക്ക് പ്രാദേശിക സ്വകാര്യപണമിടപാടുകാരെ ആശ്രയിക്കേണ്ടി വരുന്നു. ഇത് കടത്തിന്റെ ഒരു വിഷമവൃത്തത്തിൽ കർഷകനെ അകപ്പെടുത്തുന്നു.

14. ഉത്പന്ന സംസ്ക്കരണത്തിനുള്ള സൗകര്യക്കുറവ്:- കാർഷികോത്പന്നങ്ങൾ പ്രാദേശികമായി തന്നെ സംസ്കരിക്കുന്നതിനുള്ള സൗകര്യമില്ലാത്തതുകൊണ്ട് കുറഞ്ഞ വിലയ്ക്ക് ഉല്പന്നങ്ങൾ വിറ്റഴിക്കേണ്ടിവരുന്നു.

15. കൃഷിക്കാരന്റെ താഴ്ന്ന സാമൂഹ്യ പദവി:- ഒരു രണ്ടാംകിട പൗരനായി പരിഗണിക്കപ്പെടുന്ന അനുഭവമാണ് കൃഷിക്കാരനുള്ളത്.



തകരുന്ന കൃഷിയെപറ്റി അവലോകനം നടത്തുന്ന ഭൂപ്രകൃതി പഠന പര്യടനസംഘം

## പരിഹാര നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1. കൈവശ കൃഷിക്കാർക്ക് പട്ടയം കൊടുക്കുവാനുള്ള നടപടി ഉണ്ടാവണം. കുറഞ്ഞ പക്ഷം കൈവശഭൂമിക്ക് കൈവശരേഖ ലഭ്യമാക്കുകയും അതിന്റെ ഈടിന്മേൽ വായ്പ ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യണം.

2. വിളസാന്ദ്രത വർദ്ധിപ്പിക്കൽ:- കൃഷി ഭൂമിയിൽ വിളകളും ഇടവിളകളും ചെയ്യാവുന്നത്ര ചെയ്യുന്നതിനെപ്പറ്റിയുള്ള അറിവ് കാർഷകർക്ക് ലഭ്യമാക്കണം.

3. മണ്ണു സംരക്ഷണപ്രവർത്തനങ്ങൾ ജനകീയ സഹകരണത്തോടെ നടപ്പാക്കണം. കല്ലുകയ്യാല, സസ്യവേലി സമ്പ്രദായം, പുൽത്തിട്ടപിടിപ്പിക്കൽ കോൺടൂർ ലൈൻ വെട്ടൽ കുഴികൾ നിർമ്മിക്കൽ മരം വച്ച്പിടിപ്പിക്കൽ തുടങ്ങിയവ മണ്ണുസംരക്ഷണ നടപടികളായി സ്വീകരിക്കാവുന്നതാണ്. പശ്ചിമ ഘട്ട വികസന പദ്ധതിയിൽപ്പെടുത്തി മണ്ണു സംരക്ഷണ നടപടികൾ ഫലപ്രദമായി നടപ്പിലാക്കാം.

4. ജലസേചനസൗകര്യങ്ങൾ:- നമ്മുടെ ജലസ്രോതസ്സുകളും മണ്ണിന്റെ ഘടനയും ഭൂ പ്രകൃതിയും വിലയിരുത്തി ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കുളങ്ങൾ, കിണറുകൾ, തടയണകൾ, സ്പ്രിംഗ്ളർ സമ്പ്രദായം, ഡ്രിപ്പ് ഇറിഗേഷൻ തുടങ്ങിയവയിൽ ഏറ്റവും അനുയോജ്യമായവ സ്വീകരിക്കണം. നിലവിലുള്ള ജലസേചന സൗകര്യങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കണം.

5. നേഴ്സറികൾ:- ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് നേഴ്സറികൾ സ്ഥാപിക്കണം. ഉല്പാദനശേഷിയിലും രോഗപ്രതിരോധശേഷിയിലും മികച്ചയിനം വിത്തുകളും തൈകളും വിതരണം ചെയ്യുന്നതിന് ക്രമീകരണമുണ്ടാക്കണം.

6. നെൽകൃഷി:- പാടങ്ങൾ നികത്തി മറ്റ് കൃഷികൾക്കുപയോഗിക്കുന്നത് ഭക്ഷ്യോത്പാദനത്തെ ദോഷകരമായി ബാധിക്കുന്നു. നെല്ലുത്പാദനം ലാഭകരവും ആകർഷകവുമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

7. കാർഷിക മേഖലയിൽ രോഗപ്രതിരോധ നടപടികളെപ്പറ്റി പഠിക്കാനും ഗവേഷണങ്ങൾ നടത്താനുമുള്ള ഒരു പഠന കേന്ദ്രം നമ്മുടെ പ്രദേശത്തുണ്ടാവണം. ടിഷ്യൂകൾച്ചർ ലാബറട്ടറിയും മണ്ണു പരിശോധനാ കേന്ദ്രവും കൃഷിഭവനുമായി ബന്ധപ്പെട്ട് സ്ഥാപിക്കണം.

8. കൃഷിഭവൻ, കേര വികസന സമിതി, കുരുമുളകു വികസനസമിതി, റബ്ബർ ഉല്പാദക സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ ശാസ്ത്രീയ മായി പുനസംഘടിപ്പിക്കണം. കാലാവസ്ഥക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ കൃഷി രീതികൾ അവലംബിക്കണം.

9. പച്ചക്കറികൃഷി വ്യാപകമാക്കി സ്വയം പര്യാപ്തതനേടണം. പച്ചക്കറികൃഷിക്കേറ്റവും അനുയോജ്യമായ പ്രദേശങ്ങളിൽ വിപണനം ലക്ഷ്യമാക്കി വൻതോതിൽ കൃഷി നടത്തണം. ഇതിന് മുട്ടുകാട് ചൊക്രമുടി വാർഡുകളിലെ ജല ലഭ്യതയുള്ള ചില തരിശുസ്ഥലങ്ങൾ അനുയോജ്യമാണെന്ന് പഠന പര്യടനത്തിൽ കണ്ടെത്തിയിട്ടുണ്ട്. എല്ലാ വാർഡുകളിലും പച്ചക്കറി കൃഷിക്ക് സാധ്യതയുണ്ട്.

10. കാർഷിക രംഗത്തെ ആവശ്യങ്ങളറിഞ്ഞ് യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് അഗ്രോക്ലിനിക്കുകൾ സ്ഥാപിക്കുക.

11. റബ്ബർ കൃഷി പഞ്ചായത്തിൽ വ്യാപകമായുണ്ടെങ്കിലും ശാസ്ത്രീയമായ ടാപ്പിംഗ് വശമുള്ള ആളുകളുടെ സഹായം കൃഷിയുടെ വിളവെടുപ്പിനെ സാരമായി ബാധിക്കുന്നുണ്ട്. ഈ പോരായ്മ പരിഹരിക്കുന്നതിന് റബ്ബർ ബോർഡിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിൽ ഒരു ടാപ്പിംഗ് പരിശീലന കേന്ദ്രം സ്ഥാപിക്കണം.

12. കാർഷിക മേഖലയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി നീർത്തട വികസന പദ്ധതി നടപ്പാക്കണം.

13. ടി-കമ്പനി അഗ്രോസർവ്വീസ് സെന്ററിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

## വായ്പാ സൗകര്യങ്ങൾ

പൊട്ടൻകാട്ടിൽ പ്രവർത്തിക്കുന്ന S.B.Tയുടെ ശാഖ രാജാക്കാട് പ്രവർത്തിക്കുന്ന യൂണിയൻ ബാങ്കിന്റെ ശാഖ എന്നിവയാണ് ഈ പ്രദേശത്ത് വായ്പ നല്കുന്ന പൊതു മേഖലാബാങ്കുകൾ. കുഞ്ചിത്തണ്ണിയിലെ ഫെഡറൽ ബാങ്ക് ശാഖ മാത്രമാണ് ഇവിടെ വായ്പ നല്കുന്ന വാണിജ്യബാങ്ക്. ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽകാർഷിക വായ്പ ലഭ്യമാക്കുന്ന സ്ഥാപനം പൊട്ടൻകാട് സർവ്വീസ് സഹകരണബാങ്കാണ് പൊട്ടൻകാട്, ബൈസൺ വാലി കൊച്ചുപ്പ് എന്നിവിടങ്ങളിലായി 3 ബ്രാഞ്ചുകൾ ഈ സ്ഥാപനത്തിനുണ്ട്. മലനാട് ഗ്രാമവികസനബാങ്കിന്റെ രാജകുമാരിശാഖയിൽനിന്നും വിവിധ ദീർഘകാല വായ്പകൾ കൃഷിക്കാർക്ക് നല്കിവരുന്നു: സഹകരണ മേഖലയെപ്പറ്റിയും ബാങ്കിംഗ് മേഖലയെപ്പറ്റിയും തൃതീയ മേഖലയിൽ പരാമർശിക്കപ്പെടുന്നതുകൊണ്ട് തൽസംബന്ധമായ വിശദാംശങ്ങൾക്ക് ഇവിടെ തുനിയുന്നില്ല. ഈ ബാങ്കുകളുടെയെല്ലാം വായ്പാവിതരണനടപടിക്രമങ്ങൾ ലഘൂകരിക്കുകയും യഥാസമയത്തും വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും പലിശ വർദ്ധനവ് കുറയ്ക്കുകയും ചെയ്യേണ്ടതാണ്. വായ്പ തിരിച്ചടവിലെ അലംഭാവം സഹകരണ മേഖലയുടെ തകർച്ചയ്ക്കുതന്നെ കാരണമാവുന്നു. സഹകരണ ബാങ്കിനെ ഒരു പഞ്ചായത്തിന്റെ ബാങ്ക് എന്ന പദവിയിലേക്ക് ഉയർത്തേണ്ടതാണ്.

സാമാന്യം ദീർഘകാലമായ ഒരു വിലയിരുത്തൽ കാർഷിക മേഖലയെപ്പറ്റി നടത്തപ്പെട്ടുകഴിഞ്ഞു എന്ന് കരുതട്ടെ. നമ്മുടെ പഞ്ചായത്തിൽ കൃഷിഭൂമികളിലെ വിളസാന്ദ്രത വർദ്ധിപ്പിച്ചും മണ്ണ് ജലസംരക്ഷണ പദ്ധതികൾ ശാസ്ത്രീയമായി നടപ്പാക്കിയും കൂട്ടായ്മയുടെ ഒരു പുതിയ വികസന സമീപനം സ്വീകരിച്ചും പുരോഗതിയുടെ പുതിയ പാത വെട്ടിത്തുറക്കാൻ കഴിയും എന്നു പ്രത്യാശിക്കുന്നു. ഈ രംഗത്ത് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥൻമാരുടെയും ജനസാമാന്യത്തിന്റെ ആകെയും ബോധപൂർവ്വവും സാമൂഹ്യ ബോധത്താൽ പ്രചോദിതവുമായ പുതിയ ഐക്യനിരയുണ്ടാവണം. ഒരു പുതിയ വികസന സംസ്കാരം—ഒരു പുതിയ വികസന രാഷ്ട്രീയം—ഈ മേഖലയ്ക്ക് അനന്ത, സാദ്ധ്യതകളരുളും എന്നതിൽ തർക്കമില്ല. ജനകീയാസൂത്രണത്തിന്റെ പുതിയ സാഹചര്യത്തിൽ ഈ മുന്നേറ്റത്തിനായി നമുക്കു തയ്യാറാകാം, പ്രതിജ്ഞയെടുക്കാം.

## മൃഗസംരക്ഷണം

ബൈസൺവാലി ഗ്രാമപഞ്ചായത്ത് മൃഗസംരക്ഷണ രംഗത്ത് തീർത്തും പിന്നോക്കമാണെന്നു പറഞ്ഞുകൂടാ. കുടിയേറ്റത്തിനുശേഷം കൃഷിഭൂമികളിൽ വാസമുറപ്പിച്ചകാലം മുതൽ പശു, ആട്, കോഴി തുടങ്ങിയവയെ വളർത്തിത്തുടങ്ങി. ആദ്യകാലങ്ങളിൽ ഉല്പാദനക്ഷമത കുറഞ്ഞ നാടൻ ഇനങ്ങളാണ് ഉണ്ടായിരുന്നത്. ഇന്ന് സങ്കരയിനം പശുക്കളെ മാത്രം വളർത്തുന്ന സ്ഥിതിയാണുള്ളത്. ആട്, കോഴി തുടങ്ങിയവയുടെ കാര്യത്തിൽ ഇത് പൂർണ്ണമായ നിലയിൽ നിലവിൽവന്നു എന്നു പറഞ്ഞുകൂടാ. ഇനിയും കൂടുതൽ വികസന സാധ്യതകളുള്ള രംഗമാണിത്. പ്രത്യേകിച്ചും തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും കർഷകരുടെ വരുമാനവർദ്ധനവിലും ഇത്രയധികം സംഭാവന ചെയ്യാൻ കഴിയുന്ന മറ്റൊരു മേഖലയില്ല. ടി കമ്പനിയിലുള്ള ഗവൺമെന്റ് മൃഗാശുപത്രിയും കൊച്ചുപ്പിൽ പ്രവർത്തിക്കുന്ന I.C.D.P സബ്സെന്ററുമാണ് നിലവിലുള്ള മൃഗചികിത്സാ കേന്ദ്രങ്ങൾ. മുട്ടുകാട്ടിൽ ഒരു സബ്സെന്റർകൂടി അടുത്തകാലത്തു അനുവദിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ല. പാൽ വില്പനയ്ക്ക് പൊട്ടൻകാട് ക്ഷീരോത്പാദകസഹകരണസംഘത്തെയാണ് ആശ്രയിക്കുന്നത്. വിവിധ വാർഡുകളിലായി 6 യൂണിറ്റുകൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നു. പൊട്ടൻകാട്ടിലും ബൈസൺവാലിയിലും നാടൻക്ഷീരോത്പന്നയൂണിറ്റുകൾ ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നു.

### പ്രശ്നങ്ങൾ

1. പാലിനു ന്യായമായ വില ലഭിക്കുന്നില്ല. ശരാശരി 7 രൂപയാണ് ഒരു ലിറ്ററിനു ലഭിക്കുന്ന വില. കാലിവളർത്തലിനു വേണ്ടി വരുന്ന അദ്ധ്വാനവും കാലിത്തീറ്റയുടെ വില വർധനവും കണക്കിലെടുക്കുമ്പോൾ ഇത് തീരെ അപര്യാപ്തമാണെന്നു കാണാം.

2. കുളമ്പുരോഗം, അകിടുവീക്കം, താടനീർ, കരൾരോഗം മറ്റ ഞ്ഞാതരോഗങ്ങൾ എന്നിവ സാധാരണയായി കാണപ്പെടുന്നു. ടി കമ്പനിയിലുള്ള മൃഗാശുപത്രിയിൽ സ്ഥിരമായി ഡോക്ടറോ, ആവശ്യമായ മരുന്നുകളോ ഇപ്പോഴില്ല. ഈ ആശുപത്രിക്ക് കെട്ടിടം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

3. കാലിത്തീറ്റയുടെ അമിതമായ വിലവർധനവും കുറഞ്ഞ ഗുണനിലവാരവും കർഷകരെ ബുദ്ധിമുട്ടിക്കുന്നു.

4. കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

5. മൃഗങ്ങൾക്കുവേണ്ട പ്രതിരോധകുത്തിവയ്പുകൾ യഥാസമയം നൽകപ്പെടുന്നില്ല.

6. കാലാവസ്ഥയ്ക്കിണങ്ങിയതും അത്യുത്പാദനശേഷിയുള്ളതുമായ കന്നുകാലികളെവേണ്ട വിധം ലഭിക്കുന്നില്ല.

7. ആട്, മുയൽ, പന്നി, കോഴി എന്നിവയുടെ വളർത്തൽ വേണ്ടത്ര പരിപോഷിപ്പിക്കപ്പെട്ടിട്ടില്ല.

8. അശാസ്ത്രീയമായി പ്രവർത്തിക്കുന്ന അറവുശാലകളാണ് പഞ്ചായത്തുപ്രദേശത്ത് നിലവിലുള്ളത്. മാംസശീതീകരണ, സംഭരണസൗകര്യങ്ങൾ നിലവിലില്ല.

9. അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കൾ ആരോഗ്യരംഗത്ത് ഭീഷണി ഉയർത്തുന്നു.

## സാധ്യതകളും, പരിഹാരമാർഗ്ഗങ്ങളും

1. പാലുല്പാദകർക്ക് ന്യായമായവില ഉറപ്പാക്കണം.

2. രോഗപ്രതിരോധകുത്തിവയ്പ്, ചികിത്സ എന്നിവയഥാസമയങ്ങളിൽ നൽകാൻ കഴിയണം. കാലിരോഗങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സെമിനാറുകളും ചർച്ചാക്ലാസുകളും സംഘടിപ്പിക്കണം.

3. പഞ്ചായത്തിലുള്ള ഏക മൃഗാശുപത്രിയിൽ സ്ഥിരമായി ഡോക്ടറെയും മറ്റ് ഉദ്യോഗസ്ഥന്മാരെയും നിയമിക്കണം. സ്വന്തമായി കെട്ടിടവും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തണം. ആവശ്യത്തിനു മരുന്നെത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കും.

4. ഗുണനിലവാരമുള്ള കാലിത്തീറ്റ, ന്യായമായവിലയ്ക്കു ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. പ്രാദേശിക വിഭവങ്ങളായ കൊക്കോത്തോട്, ചക്കക്കുരു, തവിട് തുടങ്ങിയവ ഉപയോഗിച്ച് കാലിത്തീറ്റ നിർമിക്കുന്നതിന് പദ്ധതി രൂപീകരിക്കണം.

5. കൃത്രിമബീജസങ്കലനകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഗുണമേന്മയുള്ള സങ്കരയിനം കാലികളുടെ ബീജം കുത്തിവയ്പുകേന്ദ്രങ്ങളിൽ ലഭ്യമാക്കണം.

6. പ്രതിരോധകുത്തിവയ്പിനും പരിശോധനയ്ക്കുമുള്ള വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം. വെറ്റിനറി സർവീസ് സെന്ററുകൾ സ്ഥാപിക്കണം.

7. കന്നുകുട്ടിപരിപാലന പരിപാടിപോലുള്ള പദ്ധതികളുടെ പ്രയോജനം എല്ലാകർഷകർക്കും ലഭ്യമാവത്തക്കവിധത്തിൽ പുനരാവിഷ്കരിക്കണം.

8. കന്നുകാലി ഇൻഷുറൻസ് സൗകര്യം വ്യാപകമാക്കണം.

9. എരുമ, ആട്, മുയൽ, പന്നി, കോഴി, താറാവ്, കാട, എന്നിവയുടെ വളർത്തൽ പ്രോത്സാഹിപ്പിക്കണം.

10. മിനിഡയറി യൂണിറ്റുകൾ ആരംഭിക്കണം.

11. പുൽകൃഷി വ്യാപകമാക്കണം. തോടുപുറമ്പോക്കുകളിലും, തെങ്ങ്, കമുക് തുടങ്ങിയ പ്രധാനവിളകളുടെ ഇടവിളയായും തീറ്റപുല്ല് കൃഷി ചെയ്യണം. അതുപോലെതന്നെ കാലിത്തീറ്റയായി ഉപയോഗിക്കാവുന്ന സുബാബൂൾ, ശീമക്കൊന്ന തുടങ്ങിയവ വച്ചുപിടിപ്പിക്കണം. മണ്ണ്, പ്രകൃതി സംരക്ഷണത്തിനും ഇതു പ്രയോജനപ്പെടുന്നു. വൈയ്ക്കോലും പുല്ലും വിളവെടുപ്പുകാലത്ത് ശാസ്ത്രീയമായി സംസ്കരിച്ച് സംഭരിച്ചുവയ്ക്കുന്നതിനുള്ള പദ്ധതികളുണ്ടാവണം.

12. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചുനശിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

വളർത്തുമൃഗങ്ങൾ എന്നിവയെ സംബന്ധിച്ച പട്ടികതാഴെ കൊടുക്കുന്നു.

## മത്സ്യകൃഷി

ബൈസൺവാലിപഞ്ചായത്തിൽ മത്സ്യകൃഷിക്കുള്ള സാധ്യതകൾ പരിമിതമാണ്. ചുരുക്കം ചിലവ്യക്തികൾ തങ്ങളുടെ വീട്ടുവളപ്പിലെ കുളങ്ങളിൽ മത്സ്യം വളർത്തുന്നുണ്ട്. കൃഷിഭൂമികളിൽ കുളങ്ങൾ നിർമിച്ച് ശുദ്ധജലമത്സ്യകൃഷി വ്യാപിപ്പിക്കാവുന്നതാണ്. നിലവിലുള്ള ജലസേചനക്കുളങ്ങളും അളയാർ, ഉപ്പാർ 300 ഏക്കർതോട്, മറ്റു നീരൊഴുക്കുകൾ എന്നിവയിലും ഒഴുക്കു നീർമത്സ്യകൃഷി നടത്താവുന്നതാണ്. ഇതിനായി ഈ തോടുകളിൽ തടയണകൾ നിർമിക്കേണ്ടതാണ്. മുട്ടുകാട് ഭാഗത്തുള്ള പാടശേഖരങ്ങളിൽ കൃഷിശേഖരങ്ങളിൽ കൃഷിയോടൊപ്പം മത്സ്യം വളർത്തുന്നതിനുമുള്ള സാധ്യതകളുമുണ്ട്.



ഒന്നുമായില്ല....ഇനിയും ദൂരങ്ങളേറെ–പഠന പര്യടനത്തിനിടയിലെ ഒരു വിശ്രമ നിമിഷം

| വളർത്തുപക്ഷികളുടെ പട്ടിക | | | | | |
|---|---|---|---|---|---|
| വാർഡ് | പൂവൻകോഴി | പിടക്കോഴി | | താറാവ് | |
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ |
| ക്രമനമ്പർ 1 | 2 | 3 | 4 | 5 | 6 |
| 1 | 50 | 250 | 50 | 15 | 7 |
| 2 | 70 | 225 | 40 | 5 | 8 |
| 3 | 80 | 260 | 80 | 7 | 10 |
| 4 | 100 | 240 | 75 | – | – |
| 5 | 120 | 250 | 90 | – | – |
| 6 | 90 | 210 | 75 | – | – |
| 7 | 110 | 200 | 60 | 5 | 10 |
| 8 | 120 | 210 | 80 | 8 | 12 |
| ആകെ | 740 | 1845 | 550 | 40 | 47 |

(അവലംബം:- മൃഗാശുപത്രികണക്ക്)

| വളർത്തുമൃഗങ്ങളുടെ കണക്ക് | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പന്നി | ആന |
| | വംശവർധനവ് | മറ്റുള്ളവ | വംശവർധനവ് | മറ്റുള്ളവ | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | – | – | 4 | – | – | – | 400 | 100 | 8 | 3 | 2 | 80 | 200 | – |
| 2 | – | – | 6 | – | – | – | 300 | 80 | 10 | 4 | 5 | 100 | 180 | – |
| 3 | – | – | 5 | – | – | – | 310 | 90 | 10 | 6 | 3 | 85 | 300 | – |
| 4 | – | – | 5 | – | – | – | 320 | 80 | 14 | 1 | 1 | 75 | 280 | – |
| 5 | – | – | 3 | – | – | – | 375 | 80 | 16 | 3 | 2 | 90 | 300 | – |
| 6 | – | – | 5 | – | – | – | 310 | 70 | 15 | 7 | 3 | 100 | 290 | – |
| 7 | – | – | 6 | – | – | – | 370 | 75 | 12 | 7 | 6 | 110 | 290 | – |
| 8 | – | – | 3 | – | – | – | 360 | 90 | 8 | 4 | 3 | 100 | 280 | – |
| ആകെ | – | – | 42 | – | – | – | 2745 | 645 | 93 | 35 | 25 | 660 | 2120 | – |

(അവലംബം:- മൃഗാശുപത്രികണക്കുകൾ)

# സാമൂഹ്യവനവൽക്കരണം

മണ്ണിന്റെ ജലാംശം, ജൈവാംശം, ഫലപുഷ്ടിയുള്ള ഇവ നിലനിർത്തുന്നതിൽ മരങ്ങൾക്കുള്ള പങ്ക് സുപ്രധാനമാണ്. വനനശീകരണം ഒരു വലിയ പരിസ്ഥിതി പ്രശ്നമാണ്. ഇത് പ്രകൃതിയുടെ സംതുലിതാവസ്ഥയെയും മനുഷ്യന്റെ നിലനില്പിനുതന്നെയും ഭീഷണിയാണ്. ഈ സാഹചര്യത്തിലാണ് സാമൂഹ്യവനവത്ക്കരണം പ്രസക്തമാവുന്നത്. സാമൂഹ്യവനവത്ക്കരണത്തിന്റെ പേരിൽ വിവിധ പരിപാടികൾ പലപ്പോഴും കൊട്ടിഘോഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിന്റെ ഫലപ്രാപ്തി ഉദ്ദേശലക്ഷ്യങ്ങളിൽനിന്നും അകലെയായിരുന്നു.

സാമൂഹ്യവനവത്ക്കരണത്ത് അവലംബിക്കാവുന്ന ചില നിർദേശങ്ങൾ:-

1. സ്കൂൾ കോമ്പൗണ്ടുകളിലും ഓഫീസ് കോമ്പൗണ്ടുകളിലും മരങ്ങൾ വച്ചുപിടിപ്പിക്കണം.
2. പൊതുവഴിയോരങ്ങളിൽ ഗുൽമോഹർ, മഹാഗണി, മാവ്, ആഞ്ഞിലി എന്നീ മരങ്ങൾ വച്ചുപിടിപ്പിക്കണം.
3. തോടുകളുടെ തീരങ്ങളിൽ മണ്ണൊലിപ്പും ഇടിച്ചിലും തടയാൻ സഹായിക്കുന്ന ചെടികളും മരങ്ങളും വച്ചുപിടിപ്പിക്കണം.
4. കൃഷിഭൂമിയിൽ കൃഷിക്കനുയോജ്യമല്ലാത്ത ഇടങ്ങളിൽ വിറകിനും ഫലങ്ങൾക്കുമായി, അനുയോജ്യമായ വൃക്ഷങ്ങൾവച്ചു പിടിപ്പിക്കണം.
5. ചൊക്കൻ മലനിരകളിൽ തരിശായി കിടക്കുന്ന സർക്കാർ ഭൂമിയിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മരങ്ങൾ വച്ചുപിടിപ്പിക്കണം.



ഇത് സാമൂഹ്യ വനവൽക്കരണമോ, കൃഷിയോ, അതോ? .......... ഭക്ഷ്യധാന്യകൃഷിയും നാണ്യവിളകളും ഉപേക്ഷിച്ച് യൂക്കാലികൃഷി വ്യാപകമാകുന്ന ബൈസൺവാലി പഞ്ചായത്തിന്റെ ഒരു ദൃശ്യം.

# ദ്വിതീയമേഖല

ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ടിന്റെ രണ്ടാം ഭാഗമായ ദ്വിതീയ മേഖലയിൽ വ്യവസായം, ഊർജം, ഗതാഗതം, പാർപ്പിടം എന്നീ വികസന മേഖലകളെയാണ് പരാമർശിക്കുന്നത്. ഈ മേഖലകളുടെ പ്രശ്നങ്ങളും സാധ്യതകളും സംബന്ധിച്ച് ചുരങ്ങിയ ചർച്ചയാണ് ഇനി വരുന്നത്.

## 1. വ്യവസായം

ബൈസൺവാലി ഗ്രാമപഞ്ചായത്തിൽ മറ്റു വികസന മേഖലകളേക്കാൾ [redacted] വ്യവസായ മേഖല പിന്നോക്കാവസ്ഥയിലാണ്. വൻകിടവ്യവസായങ്ങൾ ഒന്നും തന്നെ ഇവിടെയില്ല. ചെറുകിട വ്യവസായത്തിന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. പൊട്ടൻകാട് ക്ഷീരവ്യവസായ സംഘത്തിന്റെ ആഭിമുഖ്യത്തിൽ രണ്ടു നാടൻ ക്ഷീരോത്പന്ന യൂണിറ്റുകൾ ബൈസൺവാലിയിലും പൊട്ടൻകാട്ടിലുമായി പ്രവർത്തിക്കുന്നു. ക്ഷീരവ്യവസായ സഹകരണസംഘത്തിന് ആറു യൂണിറ്റുകളും എട്ടു ജീവനക്കാരുമുണ്ട്. ക്ഷീരോത്പന്ന യൂണിറ്റുകളിൽ എട്ടുവനിതകൾ ജോലി ചെയ്യുന്നു. സ്വകാര്യമേഖലയിൽ അഞ്ചാം വാർഡിൽ ഒരു ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റും ആറാം വാർഡിൽ ഒരു ചെരിപ്പു നിർമാണ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഏഴു പുരുഷന്മാരും മൂന്നു സ്ത്രീകളും ജോലി ചെയ്യുന്നു.

## പ്രശ്നങ്ങൾ

1. വ്യവസായ സംരംഭങ്ങളെക്കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞത.
2. വിദഗ്ധ തൊഴിലാളികളുടെ അഭാവം
3. സംരംഭകരുടെ ഇല്ലായ്മ
4. അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതക്കുറവ്
5. ഊർജപ്രതിസന്ധിയും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസവും.
6. വ്യവസായ ലൈസൻസ് ലഭിക്കുന്നത് ഉൾപ്പെടെയുള്ള നടപടി ക്രമങ്ങളിലെ നൂലാമാലകൾ.
7. വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തത.
8. സഹകരണാടിസ്ഥാനത്തിൽ വ്യവസായ സംരംഭങ്ങൾ ഉണ്ടാവുന്നില്ല.
9. വിദേശ ഇന്ത്യാക്കാരുടെ മുതൽമുടക്കില്ലായ്മ.
10. പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെടാൻ ആളുകൾ തയ്യാറാവുന്നില്ല. ഇതിൽ നിന്നും ജീവിതസുരക്ഷിതത്വത്തിനാവശ്യമായ വരുമാനം ലഭിക്കാത്ത സാഹചര്യമാണുള്ളത്.
11. ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത.
12. റവന്യൂ ഭൂമിയിൽനിന്ന് നിയമാനുസൃതം തടിവെട്ടാൻ കഴിയാത്തതുകൊണ്ട് തടിയുമായി ബന്ധപ്പെട്ട യാതൊരു വ്യവസായങ്ങളും തുടങ്ങാൻ കഴിയുന്നില്ല.
13. ഈ പഞ്ചായത്തിൽ ചൊക്രമുടി, ടീ കമ്പനി പ്രദേശങ്ങളിൽ മൾബറി കൃഷി തുടങ്ങി എങ്കിലും പുഴുക്കൾക്ക് കീടബാധ വ്യാപകമായതുകൊണ്ട് പരാജയപ്പെട്ടു.
14. ഉത്പന്നങ്ങൾക്കുള്ള വിപണന സൗകര്യമില്ല.
15. കാർഷികേതര അസംസ്കൃത വസ്തുക്കളുടെ അഭാവം.
16. വ്യവസായ വകുപ്പിൽ നിന്നുള്ള മാർഗ്ഗനിർദേശങ്ങളുടെ അപര്യാപ്തത.

## സാദ്ധ്യതകൾ

1. ഇതൊരു കാർഷിക മേഖലയാണ്. കാർഷിക വിളകൾകൊണ്ടുള്ള വ്യവസായങ്ങൾക്കാണ് മുൻതൂക്കം നൽകേണ്ടത്. കാർഷിക വിളകളായ ഏലം, കുരുമുളക്, കൊക്കോ, അടയ്ക്ക, കാപ്പി എന്നിവയുടെ ശേഖരണവും സംസ്കരണവും വിപണനവും വ്യാവസായിക അടിസ്ഥാനത്തിൽ ചെയ്ത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
2. റബ്ബർ ഉപയോഗിച്ച് റബ്ബർ ബാൻഡ്, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ എന്നിവ വ്യവസായിക അടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്.
3. കുടിൽവ്യവസായം എന്ന നിലയിൽ തേനീച്ച വളർത്തൽ, പട്ടുനൂൽപുഴു വളർത്തൽ, കോഴി വളർത്തൽ, കറവമാടു വളർത്തൽ, പന്നി വളർത്തൽ എന്നിവയ്ക്കുള്ള പ്രാധാന്യം നൽകാം.
4. ചിപ്സ്, അച്ചാർ, മെഴുകുതിരി, പ്ലാസ്റ്റിക് നെയ്ത്ത് എന്നിവ ധാരാളം തൊഴിൽ സാദ്ധ്യതയും സാമ്പത്തിക ഭദ്രതയും നൽകുന്നു.
5. വനിതാ സഹകരണസംഘങ്ങൾസ്ഥാപിച്ച് റെഡിമെയ്ഡ് സെന്റർ, തയ്യൽ പരിശീലനകേന്ദ്രം, നെയ്ത്തുശാലകൾ എന്നിവ തുടങ്ങാം.
6. സഹകരണ മേഖലയിൽ തടി സംസ്കരണവ്യവസായം തുടങ്ങാം. കെട്ടിടനിർമ്മാണസാമഗ്രികൾ, ഫർണിച്ചർ എന്നിവ നിർമ്മിച്ച് വിതരണം നടത്തിയാൽ നിർമ്മാണതൊഴിലാളികൾക്ക് തൊഴിൽസ്ഥിരത ഉറപ്പാക്കാം.
7. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് പരമ്പരാഗത വ്യവസായങ്ങളായ പനമ്പ്, കുട്ട, മുറം, ചൂരൽക്കസേര എന്നിവയുടെ നിർമ്മാത്തിൽ ഏർപ്പെടാവുന്നതാണ്. വനവിഭവങ്ങളായ തേൻ, തെള്ളി, കുന്തിരിക്കം മുതലായവ ശേഖരിക്കുന്നതിനും വ്യവസായിക അടിസ്ഥാനത്തിൽ സംസ്കരിച്ചു വിറ്റഴിക്കുന്നതിനുമുള്ള സഹകരണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
8. നടീൽ വസ്തുക്കൾ ഫലവക്ഷതൈകൾ, പുഷ്പകൃഷിക്കാവശ്യമായ വിത്ത്, തൈകൾ എന്നിവയ്ക്കുള്ള നേഴ്സറികൾ വ്യവസായിക അടിസ്ഥാനത്തിൽ തുടങ്ങാം.
9. ചിരട്ട, ചകിരി, വാഴനാര് മുതലായവ ഉപയോഗിച്ച് ചെറുകിട കുടിൽവ്യവസായങ്ങൾ തുടങ്ങാം.
10. ഇഷ്ടികനിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാം.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തടിസ്ഥാനത്തിൽ വിവിധ വ്യവസായങ്ങളെക്കുറിച്ചും അസംസ്കൃത വസ്തുക്കളെക്കുറിച്ചും ബോധവത്ക്കരണം നടത്തുക.
2. സംരംഭകരെ കണ്ടെത്തി വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹനം കൊടുക്കുക.
3. വ്യവസായങ്ങൾ തുടങ്ങുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇൻഡസ്ട്രിയൽ കോംപ്ലക്സുകൾ സ്ഥാപിക്കണം.
4. ഊർജപ്രതിസന്ധി പരിഹരിക്കുവാൻ പാരമ്പര്യേതര ഊർജസ്രോതസുകൾ കണ്ടെത്തി വികസിപ്പിക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
5. വ്യവസായസംരംഭകർക്ക് ഇന്നനുഭവപ്പെടുന്ന സാങ്കേതിക തടസങ്ങളിൽനിന്നും നിയമക്കുരുക്കുകളിൽനിന്നും മോചനം നൽകാനാവശ്യമായ ഉദാരസമീപനം ഉണ്ടാവണം.
6. കാർഷികോത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ സഹകരണമേഖലയിൽ തുടങ്ങണം.
7. സ്വകാര്യസംരംഭകർക്ക് പ്രോത്സാഹനം നല്കാൻ മതിയായ വായ്പാസൗകര്യങ്ങൾ ലഭ്യമാക്കണം.
8. ഈ പഞ്ചായത്തിൽ ഔട്ട്–വർക്കർ പ്രൊഡക്ഷൻ യൂണിറ്റ് ആരംഭിക്കണം.
9. പഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം.
10. പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ പരമ്പരാഗത കുടിൽ വ്യവസായങ്ങൾ നിലനിർത്താനാവശ്യമായ ഉദാരസമീപനങ്ങളും വിപ

ണന സൗകര്യങ്ങളും ഉണ്ടാക്കണം.

11. പഞ്ചായത്തിൽ ഒരു ജൈവവളനിർമ്മാണ ഫാക്ടറി പ്രവർത്തനമാരംഭിക്കണം.

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

മലനിരകളും കുന്നിൽചരിവുകളും നിറഞ്ഞ ഈ പഞ്ചായത്തിൽ പല പ്രദേശത്തും കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന കുടിവെള്ള സ്രോതസ്സുകൾ നീരുറവ, ചെറുതോടുകൾ, കിണറുകൾ, കുളങ്ങൾ എന്നിവയാണ്. ഭൂരിഭാഗം ജനങ്ങളും ഭൂഗർഭ നീരുറവയാണ് ഉപയോഗിക്കുന്നത്. ഇവയിൽ മിക്കതും നാലുമാസക്കാലത്തേക്ക് വറ്റിപ്പോവുന്നവയാണ്. ഈ കാലയളവിൽ ജനങ്ങൾ വളരെയധികം ജലക്ഷാമം അനുഭവിക്കുന്നു. പഞ്ചായത്തിലെ കുറെ ആളുകൾ ചെറുതോടുകളെ കുടിവെള്ളത്തിനായി ആശ്രയിക്കുന്നു. പഞ്ചായത്തിലെ നൂറോളം വരുന്ന കിണറുകളിൽ നിന്നുമാണ് ഒരു ചെറുവിഭാഗമാളുകൾ വെള്ളം ഉപയോഗിക്കുന്നത്. പഞ്ചായത്തിലാകെയുള്ള പതിമൂന്നു പൊതു കിണറുകളിൽ നിന്നുമായി 250–ഓളം ആളുകൾ ദിനംപ്രതി കുടിവെള്ളം ഉപയോഗിക്കുന്നു. പല കുളങ്ങളും കുടിവെള്ളത്തിനായി നിർമ്മിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിനാസ്ഥാനത്തിനു സമീപമുള്ള ഒരു ചെറുകുളം മാത്രമാണ് ഉപയോഗയോഗ്യമായിട്ടുള്ളത്. ഇതിന് ഏഴ് ടാപ്പുകൾ ഉണ്ട്. പട്ടികജാതിക്കാർ താമസിക്കുന്ന മുത്തൻമുടിയിലും പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പെത്തലക്കുടി മേഖലയിലും കുളം നിർമ്മിച്ച് പൈപ്പുലൈൻ സ്ഥാപിച്ച് ശുദ്ധജലവിതരണം ആരംഭിച്ചിരുന്നു എങ്കിലും ബന്ധപ്പെട്ട വകുപ്പുകളുടെ അനാസ്ഥമൂലം അവ പ്രവർത്തനക്ഷമമല്ല. മറ്റു പല പദ്ധതികളും ഒന്നാംഘട്ട പ്രവർത്തനത്തിനുശേഷം നിശ്ചലാവസ്ഥയിലാണ്. പൊട്ടൻകാട്, ബൈസൺവാലി, സൊസൈറ്റി മേട് എന്നിവിടങ്ങളിൽ കുഴൽകിണർകുഴിച്ചു നോക്കിയെങ്കിലും വെള്ളം കിട്ടിയില്ല. രണ്ടാംവാർഡിൽ ആരംഭിച്ചിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ രണ്ടാംഘട്ട പണിപൂർത്തിയായാൽ, ആപ്രദേശത്തെ കുറെയധികം വീടുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. പഞ്ചായത്തിലാകെ ഏഴുപട്ടികജാതി പട്ടികവർഗ്ഗ കോളനികളുണ്ട് എങ്കിലും അതിൽ ടീ കമ്പനി എട്ടൂർപട്ടികജാതി കോളനിയിലെ കുറച്ചുവീടുകൾക്കു മാത്രമേ ശുദ്ധജല വിതരണ സംവിധാനമെത്തിയിട്ടുള്ളു. ബാക്കിയുള്ളവർ കടുത്ത ജലക്ഷാമം അനുഭവിക്കുന്നവരാണ്. ആറാംവാർഡിൽ ടീ കമ്പനി ഭാഗത്തു സ്ഥാപിച്ചിട്ടുള്ള പമ്പു ഹൗസിൽനിന്നും വെള്ളം പമ്പു ചെയ്ത്, എതിർവശത്തുമലയുടെ മുകളിൽ നിർമ്മിച്ചിരിക്കുന്ന ടാങ്കിൽ സംഭരിച്ച് രണ്ടുകിലോമീറ്റർ ദൂരത്തോളം പത്തിലധികം ടാപ്പുകളിൽനിന്നുമായി ഇരുന്നുറിൽപ്പരം കുടുംബങ്ങളിൽ കുടിവെള്ളമെത്തിക്കുന്നു.

വർഷങ്ങൾക്കുമുൻപ് രണ്ടാംവാർഡിൽ മുല്ലക്കാനത്തിനു സമീപം ഇരുപത്തഞ്ചോളം കുടുംബങ്ങളെ ഉദ്ദേശിച്ചു നിർമ്മിച്ച കുളത്തിന്റെ പ്രയോജനം പത്തിൽ താഴെ കുടുംബങ്ങൾക്കേയുള്ളു. ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഏകദേശം ഒന്നേമുക്കാൽ ലക്ഷത്തോളം രൂപയോളം ചെലവഴിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വേനൽക്കാലത്തെ കുടിവെള്ളവിതരണത്തിനായി പഞ്ചായത്തിൽ പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കുന്നില്ല. പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന ഒന്നാംവാർഡിലെ വിരിപ്പിൽ പ്രദേശത്ത് ശുദ്ധജലവിതരണ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.



രൂക്ഷമായ കുടിവെള്ളക്ഷാമത്തെപ്പറ്റി രാമസ്വാമി മുതുവാൻ പഠനപര്യടനസംഘത്തോട്

## പ്രശ്നങ്ങൾ

1. ഒന്നാംവാർഡിന്റെ കിഴക്കേ അതിർത്തിയായ കുട്ടപ്പൻസിറ്റി മുതൽ വിരിപ്പിൽ പ്രദേശംവരെ ജലക്ഷാമം രൂക്ഷമാണ്.
2. രണ്ടാംവാർഡിൽ ജോസ്ഗരി പള്ളിക്കുസമീപവും, അരീപ്പാറ

ക്കുന്ന്, ശാലോം പ്രാർത്ഥനാലയപ്രദേശം, ഞരളിക്കോട്ട്കുന്ന് എന്നിവിടങ്ങളിലെല്ലാം ജലക്ഷാമം അനുഭവപ്പെടുന്നു.

3. മൂന്നാംവാർഡിൽ എട്ടൂർകോളനിക്കു മുകൾഭാഗം മുതൽ കുട്ടപ്പൻസിറ്റിവരെയുള്ള പ്രദേശങ്ങളിലും കുയിലിമല ഭാഗത്തും ജലക്ഷാമം രൂക്ഷമാണ്.
4. നാലാംവാർഡിൽ ഇരുപതേക്കറിനു തെക്കുവശത്തുള്ള മലമ്പ്രദേശത്തും ഇരുപതേക്കർ ആദിവാസി കോളനി, പൂമലഭാഗം, ഉപ്പാർപ്രദേശം എന്നിവിടങ്ങളിൽ ജലക്ഷാമം അനുഭപ്പെടുന്നു.
5. അഞ്ചാംവാർഡിലെ ഉപ്പള, ഇരുട്ടള, നെല്ലിക്കാട്, ഇരുപതേക്കർ, ദേശീയം എന്നീ പ്രദേശങ്ങളിലെല്ലാം ജലക്ഷാമമുണ്ട്.
6. ആറാം വാർഡിൽ ലക്ഷം വീടുകോളനി പ്രദേശം, ചന്ദ്രൻകുന്ന്മേട്, പട്ടിക ജാതിക്കാർ അധിവസിക്കുന്ന പ്രദേശം, ചൊക്രമുടിയിലെ പട്ടികജാതി മേഖല, ബൈസൺവാലി ടൗൺ എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
7. ഏഴാം വാർഡിൽ കാക്കാക്കട, ചങ്ങനാശേരിക്കട, സ്കൂൾപ്പടി, നാല്പതേക്കർ ഇവിടങ്ങളിലെല്ലാം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
8. എട്ടാംവാർഡിൽ കണക്കൻകുടി കോളനി, സൊസൈറ്റിമേട്, അരമനപ്പാറ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

## സാദ്ധ്യതകൾ


1. എട്ടൂർ കോളനി ടാങ്കിൽ നിന്ന്, കൊച്ചീത്തറ മലയിൽ മറ്റൊരു ടാങ്ക് തീർത്ത് പൈപ്പുലൈൻ സ്ഥാപിച്ച് കുട്ടപ്പൻസിറ്റി മുതൽ വിരിപ്പിൽപ്രദേശംവരെ ജലവിതരണം നടത്താവുന്നതാണ്. ആ ടാങ്കിൽനിന്ന് മൂന്നാംവാർഡിലെ കിഴക്കേടത്തുകുന്ന് കിയിലിമല പ്രദേശത്തെ ജലക്ഷാമവും പരിഹരിക്കാൻ സാധിക്കും.
2. കല്ലുംപ്ലാക്കൽ തോമസ് വക പുരയിടത്തിൽ കുളം നിർമ്മിച്ച് പൈപ്പുലൈൻ സ്ഥാപിച്ചാൽ വിരിപ്പിൽ കോളനിവരെ ജലവിതരണം നടത്താവുന്നതാണ്.
3. ഏഴേലിക്കൽ ആന്റണിവക പുരയിടത്തിൽകുളവും നിരവത്തുപറമ്പിൽ ജോസഫിന്റെ പുരയിടത്തിൽ ടാങ്കും തീർത്ത് പൈപ്പുലൈൻവഴി ആ പ്രദേശത്ത് ജലവിതരണം നടത്താവുന്നതാണ്.
4. കൈപ്പനാനിക്കൽ തോമസിന്റെ പുരയിടത്തിൽ കുളം നിർമ്മിച്ച് പൈപ്പുലൈൻ സ്ഥാപിച്ചാൽ ആ പ്രദേശത്ത് ശുദ്ധ ജലവിതരണം നടത്താവുന്നതാണ്.
5. രണ്ടാംവാർഡിൽ എസ്.പി. ഗണേശൻവക സ്ഥലത്തുള്ള ജലധാരാ പദ്ധതിപ്രകാരം അനുവദിച്ചിട്ടുള്ള കുളത്തിൽനിന്നും പൈപ്പുലൈൻ സ്ഥാപിച്ചാൽ ജോസ്ഗിരി പള്ളിക്കുസമീപമുള്ള പ്രദേശത്തും അരീപ്പാറകുന്നിൽ പ്രദേശത്തും ജലവിതരണം നടത്താം.
6. മുല്ലക്കാനംഭാഗത്ത് നിലവിലുള്ള കുളം പുനരുദ്ധരിച്ച് ഞരളിക്കോട് കുന്നിൻഭാഗത്തും നിലവിലുള്ള ടാങ്കിൽനിന്നും പൈപ്പുലൈൻ ഉപയോഗിച്ച് ശാലോം പ്രാർത്ഥനാലയ പ്രദേശത്തും കുടിവെള്ളം ലഭ്യമാക്കാം.
7. നാലാം വാർഡിൽ കളപ്പുരയിൽ ജോയിയുടെ പുരയിടത്തിനോടു ചേർന്നുള്ള ചതുപ്പിൽകുളം നിർമ്മിച്ച് പൈപ്പുലൈൻ സ്ഥാപിച്ചാൽ ജവഹർ ജംഗ്ഷൻ, ഇരുപതേക്കറിനു തെക്കുള്ള മലമ്പ്രദേശം, ഇരുപതേക്കർ പട്ടികവർഗ്ഗ കോളനി എന്നിവിടങ്ങളിലായി താമസിക്കുന്ന ഇരുന്നൂറോളം കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്താം.
8. ആനയുന്തി രാജപ്പന്റെ പുരയിടത്തിലുള്ള കുളത്തിൽ നിന്നും പൈപ്പു ലൈൻവഴി ഉപ്പാർപ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം.
9. പൂമലയ്ക്കു മുകളിൽ കുളം തീർത്തു പൈപ്പുലൈൻ സ്ഥാപിച്ചാൽ പൂമലപ്രദേശത്തെ പട്ടികജാതിക്കാർക്ക് കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.
10. മുതിരപ്പുഴ ആറ്റുതീരത്ത് വാട്ടർടാങ്കും പമ്പുഹൗസും നിർമ്മിച്ച് കുഞ്ചിത്തണ്ണി പള്ളിക്കുന്നിൽ ടാങ്കുകെട്ടി വെള്ളം സംഭരിച്ചാൽ അഞ്ചാംവാർഡിലെ നൂറോളം വരുന്ന കുടുംബക്കാർക്ക് ശുദ്ധജലം എത്തിക്കുവാൻ കഴിയും.
11. ഉപ്പളത്തോട്ടിൽ ചെക്കുഡാംകെട്ടി പൈപ്പുലൈൻ സ്ഥാപിച്ചാൽ അഞ്ചാംവാർഡിലെ ഭൂരിപക്ഷം ജനങ്ങളുടെയും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. (നാലാംവാർഡിലും ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.
12. കടവനാപ്പുഴ തങ്കമ്മയുടെ പുരയിടത്തിൽ നിലവിലുള്ള കുളത്തിൽനിന്നും പൈപ്പുലൈൻവഴി ആ പ്രദേശത്ത് ശുദ്ധജലവിതരണം നടത്താവുന്നതാണ്.
13. വട്ടച്ചാലിൽ സുകുമാരന്റെ സ്ഥലത്ത് കുളം നിർമ്മിച്ച് പൈപ്പ് സ്ഥാപിച്ചാൽ ദേശീയം പ്രദേശത്തും അതിനു മുകൾഭാഗത്തും ജലവിതരണം നടത്താവുന്നതാണ്.
14. നാരായണരാജ് ആന്റ് സൺസ് എസ്റ്റേറ്റിൽക്കൂടിയുള്ള തോട്ടിൽ ചെക്കുഡാം നിർമ്മിച്ചാൽ പൈപ്പുലൈനിലൂടെ ലക്ഷംവീടു കോളനി പ്രദേശത്തും ബൈസൺവാലി ടൗൺഭാഗത്തും ജലംവിതരണം നടത്താവുന്നതാണ്.
15. ആറാം വാർഡിന്റെ പടിഞ്ഞാറുഭാഗത്ത് അച്ചൻകാടിന്റെ പരിസരത്തുകൂടി ഒഴുകുന്ന തോട്ടിൽ ചെക്ക് ഡാം നിർമ്മിച്ച് പൈപ്പിട്ടാൽ ചന്ദ്രൻകുന്നു ഭാഗത്തുള്ള ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാം.
16. ബൈസൺവാലി ടൗണിൽ ടാങ്ക് നിർമ്മിച്ച്, വണ്ടാനത്തുകുന്നേൽ ശ്രീനിവാസന്റെ പുരയിടത്തിൽ നിലവിലുള്ള കുളത്തിലെ വെള്ളം പമ്പു ചെയ്തു സംഭരിച്ചാൽ ബൈസൺവാലി പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.
17. കൈപ്പയിൽ ജനാർദ്ദനന്റെ പുരയിടത്തിൽ നിർമ്മിച്ചിരിക്കുന്ന കുളത്തിൽനിന്നും ചങ്ങനാശേരിക്കട ഭാഗത്ത് ടാങ്ക് നിർമ്മിച്ച്, പമ്പു ചെയ്ത് വെള്ളം സംഭരിച്ച് പൈപ്പുവഴി ആറും ഏഴും വാർഡുകളിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാം.
18. കോമാളിക്കുടി ജലവിതരണപദ്ധതി പൂർത്തിയാക്കിയാൽ കോമാളിക്കുടി, പോസ്റ്റോഫീസ്, സ്കൂൾഭാഗം എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.
19. കജനാപ്പാറയിൽനിന്നും മുതുവാക്കുടിയിലൂടെ ഒഴുകുന്ന കൈത്തോട്ടിൽ ചെക്കുഡാം കെട്ടി പയറ്റു കാലാലൂക്കായുടെ പുരയിടത്തിൽ ടാങ്കുകെട്ടി ജലം സംഭരിച്ചാൽ സൊസൈറ്റിമേട് പരിസരപ്രദേശത്ത് പൈപ്പുലൈൻ വഴി ജലവിതരണം നടത്താം.
20. സൊസൈറ്റി മേട്ടിൽ ടാങ്ക് നിർമ്മിച്ച് നിലവിലുള്ള പഞ്ചായത്തു കുളത്തിൽ നിന്നും ജലം പമ്പുചെയ്തു സംഭരിച്ച് പൈപ്പുലൈൻവഴി ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.
21. അരമനപ്പാറയിൽ ടാങ്കു നിർമിച്ച് നിലവിലുള്ള പഞ്ചായത്ത് കിണറ്റിൽനിന്നും ജലം പമ്പു ചെയ്ത് ശേഖരിച്ച് ആ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.
22. കണിയാംകണ്ടംപുരയിടത്തിൽ കുളം നിർമ്മിച്ച് ടാങ്കുകെട്ടി പൈപ്പുലൈൻ വഴി മനോഹർലാൽ എസ്റ്റേറ്റു പ്രദേശത്ത് കുടി

വെള്ളമെത്തിക്കാവുന്നതാണ്.

## പൊതുജനാരോഗ്യം

ഗ്രാമപഞ്ചായത്തിലെ ജനനമരണ നിരക്കുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യപ്രശ്നങ്ങളെ വിലയിരുത്തുമ്പോൾ 1991–ലെ സെൻസസ് അനുസരിച്ച് ആകെ ജലസംഖ്യ 13255 ആണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് ആകെ ജനസംഖ്യ 15194 ആണ്. ജനനം ശരാശരി പ്രതിവർഷം 258 ആണ്. 1.69% മാത്രമാണ്. എന്നാൽ ജനസംഖ്യാവർദ്ധനവ് 2.05 ശതമാനമാണ്. മരണനിരക്ക് 0.23 ശതമാനമാണ്. മാതൃശിശുമരണങ്ങൾ വളരെക്കുറവാണ്. ഒരു വയസിനു താഴെയുള്ള കുട്ടികളുടെ എണ്ണം 355 ആകുന്നു. അഞ്ചു വയസിനു താഴെ പ്രതിരോധകുത്തിവയ്പു നടത്തിയിട്ടുള്ള കുട്ടികളുടെ എണ്ണം 1087 ആണ് എന്ന് ആരോഗ്യപോഷണ നിലവാര പട്ടികയിലൂടെ മനസ്സിലാക്കുന്നു. കുട്ടികളുടെ ആരോഗ്യപോഷണ നിലവാരപ്പട്ടിക ചുവടെ ചേർക്കുന്നു.

**പറയുവാനേറെയുണ്ട്– തലമുറകളുടെ ആരോഗ്യപ്രശ്നങ്ങൾ, തമിഴ് ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് വി.പി. എസ്റ്റേറ്റിലെ രാമസ്വാമി പഠനപര്യടന സംഘത്തോട്** ⇒



### കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | ഒന്നാം ഗ്രേഡ് | | രണ്ടാം ഗ്രേഡ് | | മൂന്നാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| ഒരു വയസിൽ താഴെ | 204 | | 98 | | 53 | | | |
| ഒന്നു മുതൽ മൂന്നു വയസിനു താഴെ | 207 | | 187 | | 82 | | | |
| 3–6 വയസ് | 262 | | 222 | | 100 | | | |

(അവലംബം: അംഗൻവാടി കണക്ക്)

ബൈസൺവാലി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 1995–96ൽ ഒരു വയസ്സിൽതാഴെ പ്രായത്തിൽ മരണമടഞ്ഞ കുട്ടികളുടെ എണ്ണം 2 മാത്രമാണ്. പകർച്ച വ്യാധി വിവരങ്ങളനുസരിച്ച് ക്ഷയരോഗികൾ രണ്ടും മലേറിയാ മൂന്നും മസൂരി 17 ഉം കോളറ 208ഉം ന്യൂമോണിയ 2 ഉം എന്ന ക്രമത്തിലാണ്. പട്ടികജാതി ജനസംഖ്യ 1142ഉം പട്ടികവർഗ്ഗ ജനസംഖ്യ 832ഉം എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്ത് രാജ് നിയമമനുസരിച്ച് ആരോഗ്യരംഗത്തു ചെലവഴിക്കാൻ 26800 രൂപ പദ്ധതി വിഹിതമായി ലഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ പൊതുജനാരോഗ്യത്തിനായി ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് 5 വർഷങ്ങളിൽ പൊതുജനാരോഗ്യത്തിനായി ചെലവഴിച്ച തുക | | | | | |
|---|---|---|---|---|---|
| പൊതു ജനാ രോഗ്യം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
| | 8297 | 9560 | 14233 | 14393 | 7156 |

(അവലംബം: ഗ്രാമപഞ്ചായത്ത്)

### പ്രായാടിസ്ഥാനത്തിൽ ദമ്പതികളുടെ കണക്ക് ചുവടെ കൊടുക്കുന്നു. (സ്ത്രീയുടെ പ്രായക്രമം)

| | | | | |
|---|---|---|---|---|
| A | 15 മുതൽ 19 വരെ | 46 | | |
| B | 20 മുതൽ 24 വരെ | 441 | | |
| C | 25 മുതൽ 29 വരെ | 625 | | |
| D | 30 മുതൽ 34 വരെ | 529 | | |
| E | 35 മുതൽ 39 വരെ | 298 | | |
| F | 40 മുതൽ 44 വരെ | 195 | | |

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാരുടെ എണ്ണം കുട്ടികളുടെ അടിസ്ഥാനത്തിൽ

A. 1 കുട്ടി - ഇല്ല
B. 2 കുട്ടികൾ - 337
C. 2-ൽ കൂടുതൽ കുട്ടികൾ - 560

അമ്മമാരുടെ എണ്ണം കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ.

A. 1 കുട്ടി - 274
B. 2 കുട്ടികൾ - 320
C. 2 ൽ കൂടുതൽ കുട്ടികൾ - 1262

ഇപ്പോഴുള്ള ഗർഭിണികളുടെ കണക്ക് –177

(അവലംബം:- അംഗൻവാടി)


ഈ പഞ്ചായത്തിൽ ആരോഗ്യ പരിപാലന രംഗത്ത് സേവനമനുഷ്ഠിക്കുന്ന കേന്ദ്രങ്ങൾ ബൈസൺവാലിയിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രവും രണ്ട് വാർഡുകൾക്ക് ഒന്ന് എന്ന കണക്കിൽ കൊച്ചുപ്പ്, ഇരുപതേക്കർ, ടീ കമ്പനി, പോസ്റ്റാഫീസ് പടി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകളും ആണ്. ഇവയെല്ലാം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 1995–96 വർഷത്തിൽ ബൈസൺ വാലി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്ന് പകർച്ച വ്യാധി ബാധിച്ച 390 പേരും മറ്റ് 14208 പേരും വൈദ്യ സഹായം തേടിയിട്ടുണ്ട്. 1984–ൽ സ്ഥാപിതമായ ബൈസൺവാലി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 13 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നു. ജനസംഖ്യാനുപാതികമായി ഉദ്യോഗസ്ഥരുടെ എണ്ണം തികച്ചും അപര്യാപ്തമാണ്. പഞ്ചായത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വേണ്ടത്ര സാങ്കേതിക ചികിത്സാസഹായം കിട്ടാത്ത അവസ്ഥയാണ്.

## പ്രശ്നങ്ങൾ

1. വിസ്തൃതമായ ഈ പഞ്ചായത്തിൽ ഹോമിയോ, ആയുർവേദ ചികിത്സാ സൗകര്യങ്ങളില്ല.
2. രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല.
3. ആവശ്യത്തിന് വിദഗ്ധരായ ഡോക്ടർമാരും മറ്റും ജീവനക്കാരുമില്ല.
4. ആശുപത്രിയ ജീവനക്കാർക്കു വേണ്ടത്ര താമസ സൗകര്യത്തിന്റെ അപര്യാപ്തത.
5. പഞ്ചായത്തിലെ IPP സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
6. വാർഡ് അടിസ്ഥാനത്തിൽ ഒന്ന് എന്ന ക്രമത്തിൽ IPP സെന്ററുകൾ ഇല്ല.
7. പട്ടികജാതി പട്ടികവർഗമേഖലകളിൽ വേണ്ടത്ര ആരോഗ്യപരിപാലനവും ബോധവത്കരണവും ലഭിക്കുന്നില്ല.
8. ശുചിത്വ, ആരോഗ്യസംരക്ഷണത്തിന സഹായകമാകും വിധം എല്ലാ വീടുകളിലും കക്കൂസ് സൗകര്യമില്ല.
9. പഞ്ചായത്തിലൊരിടത്തും പൊതുക്കൂസുകളും കംഫർട്ട് സ്റ്റേഷനുകളും ഇല്ല.

## പരിഹാരമാർഗങ്ങൾ

1. ഹോമിയോ, ആയുർവേദ, സിദ്ധവൈദ്യചികിത്സാ സൗകര്യങ്ങൾ പഞ്ചായത്തിൽ നടപ്പാക്കുക.
2. ബൈസൺവാലിയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ കുറഞ്ഞത് 25 രോഗികളെ യെങ്കിലും കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയും സ്ഥിരമായി ഡോക്ടറെ നിയമിക്കുകയും ചെയ്യുക.
3. ജീവനക്കാർക്കുവേണ്ട ക്വാർട്ടേഴ്സ് സൗകര്യം ഏർപ്പെടുത്തുക.
4. പഞ്ചായത്തിലെ IPP സെന്ററുകളിൽ സ്ഥിരമായി ഹെൽത്ത് അസിസ്റ്റന്റുമാരെ നിയമിക്കുകയും ആവശ്യാനുസരണം ഔഷധങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
5. ആദിവാസി മേഖലയിൽ ആരോഗ്യ-ശുചിത്വ പരിപാലനം- ബോധവത്ക്കരണ നടപടികൾ ഊർജിതമാക്കണം. പകർച്ചവ്യാധികൾ തടയാനുള്ള നടപടികൾ യുദ്ധകാലാടസ്ഥാനത്തിൽ കൈക്കൊള്ളണം.
6. രോഗപ്രതിരോധ കുത്തിവയ്പുകളെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുകയും നടപ്പാക്കുകയും ചെയ്യുക.
7. ആരോഗ്യ ശുചിത്വ പരിപാലനത്തിനുവേണ്ടി കക്കൂസ് സൗകര്യവും ഏർപ്പെടുത്തണം.
8. ശുദ്ധ ജലവിതരണം കാര്യക്ഷമമാക്കണം.
9. കൊച്ചുപ്പ്, ഇരുപതേക്കർ, പൊട്ടൻകാട് ബൈസൺവാലി, പോസ്റ്റോഫീസ് പടി, അമ്പലപ്പടി, ചങ്ങനാശേരിക്കട, സൊസൈറ്റി മേട് എന്നിവിടങ്ങളിൽ പൊതുകക്കൂസ് നിർമിക്കുക.
10. പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്ന മത്സ്യമാംസാദികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.
11. അംഗൻവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ നടപ്പിലാക്കി വരുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ആരോഗ്യപോഷണ പരിപാലന പരിപാടി ഊർജിതപ്പെടുത്തുകയും ചെയ്യുക.



ആരോഗ്യമുള്ള ഒരു പുത്തൻ തലമുറയ്ക്കുവേണ്ടി


## ഗതാഗതവും ഊർജ്ജവും

ഗതാഗതസൗകര്യങ്ങളുടെ കാര്യത്തിൽ ബൈസൺവാലി പഞ്ചായത്ത് വളരെയേറെ പിന്നോക്കാവസ്ഥയിലാണ്. ആകെയുള്ള 17.5 കിലോമീറ്റർ PWD റോഡിൽ 8.5 കിലോമീറ്റർ മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. ഇപ്പോൾ ഈ റോഡിന്റെ 2 കിലോമീറ്റർ മെറ്റൽ ചെയ്തിട്ടുണ്ട്. MLA റോഡ് സ്കീമിൽപ്പെടുത്തി 1988-ൽ പണിതുടങ്ങിയതാണ് കുഞ്ചിത്തണ്ണി കജനപ്പാററോഡ്. ഈ പഞ്ചായത്തിലെ അഞ്ച് വാർഡുകളിൽകൂടി കടന്നുപോവുന്ന ഈ റോഡിന്റെ പ്രയോജനം ചിന്നക്കനാൽ, രാജകുമാരി, പള്ളിവാസൽ എന്നീ പഞ്ചായത്തുകൾക്കുംകൂടി ലഭിക്കുന്നു. തമിഴ്നാടുമായി ഈ പ്രദേശങ്ങളിൽനിന്നും ബന്ധപ്പെടുന്നതിന് ഏറ്റവും എളുപ്പമായ മാർഗ്ഗവും ഇതുതന്നെയാണ്. അടിമാലി ബ്ലോക്കിൽനിന്നും N.R.E.P, R.L.E.G.P, E.A.S തുടങ്ങിയ സ്കീമുകളിൽപ്പെടുത്തി പണിതുടങ്ങിവച്ചതും പൂർത്തീകരിക്കാത്തതുമായ പാറക്കടവ് – ബൈസൺവാലി റോഡ്പണി പൂർത്തീകരിച്ച് പാറക്കടവ് – കൊച്ചുമുല്ലക്കാനം റോഡ്, എലക്കൽ – മുല്ലക്കാനം റോഡ്, കുഞ്ചിത്തണ്ണി – എല്ലക്കൽ പാലം കുഞ്ചിത്തണ്ണി – മുത്തൻമുടി റോഡ് (വഴി ദേശീയ വായനശാല) ടീ കമ്പനി ബൈസൺവാലി റോഡ്, ബൈസൺവാലി – ചങ്ങനാശേരിക്കട റോഡ്, പണി പൂർത്തീകരിച്ചിട്ടില്ലാത്ത ഇരുപതേക്കർ. ഒറ്റമരം റോഡ്, ഇരുപതേക്കർ – മുത്തൻമുടി റോഡ്, ചങ്ങനാശേരിക്കട – സൊസൈറ്റി മേട് മുട്ടുകാട് റോഡ്, കാക്കാക്കട – ചൊക്രമുടി റോഡ് എന്നിവയിൽ പലതും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ഗതാഗതയോഗ്യമല്ല. ഇവയിൽ പണി പൂർത്തിയാക്കാത്തവ എത്രയുംവേഗം പൂർത്തിയാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ആകെ 139 കിലോമീറ്റർ റോഡുകൾ ഉണ്ട്. ഇതിൽ ടാർ ചെയ്തത് 31.5 കിലോമീറ്റർ ആണ്. 13.75 കിലോമീറ്റർ മെറ്റൽ റോഡുകളുണ്ട്. ബാക്കി വരുന്ന 93.75 കിലോമീറ്റർ ചെമ്മൺ പാതകളാണ്. മഴക്കാലമായാൽ ചെമ്മൺ പാതകളിൽ അധികവും സാധാരണ ജനങ്ങൾ ഉപയോഗിക്കുന്നതായ ജീപ്പുകൾക്കുപോലും തികച്ചും സഞ്ചാരയോഗ്യമല്ല. കാൽനടക്കാർക്കുപോലും സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉണ്ട്. ടാക്സി സ്റ്റാൻഡുകളോ മറ്റു സൗകര്യങ്ങളോ ഈ പഞ്ചായത്തിൽ ഇല്ല. ബൈസൺവാലി ടൗണിൽ തുടങ്ങിവച്ച ബസ്

സ്റ്റാൻഡിന്റെ പണിപൂർത്തീകരിച്ചിട്ടില്ല. ഇതോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സ്, കംഫർട്ട് സ്റ്റേഷൻ എന്നിവ പൂർത്തിയാക്കി വാഹനങ്ങൾ കയറിയിറങ്ങി പോവുന്നതിനും പാർക്കു ചെയ്യുന്നതിനും സൗകര്യമുണ്ടാക്കിയാൽ പഞ്ചായത്തിന് ഒരു വരുമാനമാർഗവും ജനങ്ങൾക്ക് സൗകര്യപ്രദവുമായിരിക്കും. അടിമാലിയിൽനിന്നും ദിനംപ്രതി 15 ബസ് സർവീസുകളും 100ൽ അധികം ജീപ്പുകളും ബൈസൺവാലി വഴി സർവീസ് നടത്തുന്നുണ്ട്.

## പ്രശ്നങ്ങൾ
### (മറ്റു പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ)

1. വെള്ളത്തൂവൽ, പള്ളിവാസൽ, പഞ്ചായത്തുകളെ ചിന്നക്കനാൽ രാജകുമാരി രാജാക്കാട് പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നതും ബൈസൺവാലി പഞ്ചായത്തിലെ നാലു വാർഡുകളിൽക്കൂടി കടന്നുപോകുന്നതുമായ പാറക്കടവ് – ബൈസൺവാലി റോഡിന് ഏഴു കിലോമീറ്റർ നീളമുണ്ട്. ഇതിൽ ടാർ, മെറ്റൽ എന്നിവ ചെയ്തത് 3 കിലോമീറ്റർ ദൂരം മാത്രമാണ്. ബാക്കി ഭാഗം അടിയന്തരമായി പണിതീർക്കേണ്ടതുണ്ട്.
2. എല്ലക്കൽ, രാജാക്കാട്, കൊച്ചുപ്പ് വഴി PCM കവല റോഡ് താലൂക്ക് ആസ്ഥാനമായ നെടുംകണ്ടമായും തൊട്ടടുത്ത അയൽസംസ്ഥാനമായ തമിഴ്നാടുമായും ബന്ധപ്പെടുന്നതിന് ഏറ്റവും സൗകര്യപ്രദവും ദിനംപ്രതി നിരവധി വാഹനങ്ങൾ സഞ്ചരിക്കുന്നതുമായ റോഡാണ്. ഇത് അടിമാലി ബ്ലോക്കിന്റെ പരിധിയിൽ വരുന്നതാണ്. എത്രയുംവേഗം ഈ റോഡിന്റെ ശോച്യാവസ്ഥ പരിഹരിച്ച് ടാർ ചെയ്യണം.
3. ബൈസൺവാലി – ചിന്നക്കനാൽ എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും ദിനംപ്രതി നിരവധി വാഹനങ്ങൾ സർവീസ് നടത്തുന്നതുമായ ബൈസൺവാലി മുട്ടുകാട് റോഡ് അടിമാലി ബ്ലോക്കിൽനിന്നും നിർമിച്ചതാണ്. അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ വാഹനസഞ്ചാരയോഗ്യമല്ല. ഈ റോഡിൽ 450 മീറ്റർ നീളം മെറ്റൽ, ടാർ പണികൾ പൂർത്തീകരിച്ചാൽ പെരിയകനാൽ പൂപ്പാറ, ബോഡിമെട്ട് എന്നീ ഭാഗങ്ങളിലേക്ക് വളരെവേഗം എത്തിച്ചേരുവാൻ സാധിക്കും. അടിയന്തരമായി ഈ പണിപൂർത്തീകരിക്കേണ്ടതാണ്.
4. ഈ പഞ്ചായത്തിനെ തൊട്ടടുത്ത ടൂറിസ്റ്റുകേന്ദ്രമായ മൂന്നാറുമായി ബന്ധിപ്പിക്കുന്നതും പേത്തലക്കുടി, മുത്തൻമുടി എന്നീ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽക്കൂടി കടന്നുപോകുന്നതുമായ ഇരുപതേക്കർ ഒറ്റമരം റോഡ് ഒന്നാംഘട്ടം അടിമാലി ബ്ലോക്കിൽനിന്നും പണി നടത്തിയിട്ടുള്ളതാണ്. ബാക്കി ദൂരം എത്രയുംവേഗം പണിയേണ്ടതാണ്. ഹൈറേഞ്ചിലെ പ്രധാന പച്ചക്കറി വ്യവസായകേന്ദ്രവുമായി ഈ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന ഈ റോഡിന്റെ പണി പൂർത്തീകരിക്കേണ്ടതാണ്.
5. ബൈസൺവാലി പഞ്ചായത്തിനെ ടൂറിസ്റ്റുകേന്ദ്രമായ ചിന്നക്കനാൽ പഞ്ചായത്തിലെ ഗ്യാപ്പ്, സൂര്യനെല്ലി പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നതും ചൊക്രമുടി പട്ടികവർഗ്ഗ കോളനിവഴി കടന്നുപോകുന്നതുമായ കാക്കാക്കട – ഗ്യാപ്പ് റോഡ് (വഴി ചൊക്രമുടി കോളനി) ഈ റോഡിന്റെ ഒന്നാംഘട്ടം അടിമാലി ബ്ലോക്കിൽനിന്നും പൂർത്തീകരിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ ബാക്കി പണികൂടി പൂർത്തീകരിക്കേണ്ടതാണ്.




രണ്ടാം വാർഡിലെ വികസനപ്രവർത്തനങ്ങൾക്ക് വാർഡ് മെമ്പർ ശ്രീമതി മേരി ജോണി തുടക്കം കുറിക്കുന്നു.

## പഞ്ചായത്തിനുള്ളിലെ പ്രധാന റോഡുകൾ

1. എല്ലക്കല്ലിൽനിന്നും മഞ്ഞപ്പള്ളിക്കട കുട്ടപ്പൻകട വഴി ടീ കമ്പനിയിലെത്തുന്ന എല്ലക്കൽപ്പാലം – മഞ്ഞപ്പള്ളിക്കട റോഡ്, മഞ്ഞപ്പള്ളിക്കട – കുട്ടപ്പൻകട റോഡ്, കുട്ടപ്പൻകട – ടീകമ്പനി റോഡ് എന്നിവ എത്രയുംവേഗം പൂർത്തീകരിച്ച് ടീകമ്പനിയിൽ എത്തിക്കേണ്ടതാണ്. ഈ റോഡിന്റെ സൈഡിൽ ഉപ്പാർ വിരിപ്പുകോളനി, എട്ടൂർ കോളനി എന്നിവ സ്ഥിതിചെയ്യുന്നതും ഒന്നും മൂന്നും വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നവയുമാണ്.
2. പഞ്ചായത്തിലെ 4, 6 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും ഉപ്പാർ തീരത്തുകൂടി കടന്നുപോവുന്നതുമായ ഉപ്പാർ – ടീ കമ്പനി റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ച് പഞ്ചായത്ത് ആസ്ഥാനവുമായി ജനങ്ങൾക്ക് ബന്ധപ്പെടുന്നതിനുള്ള സൗകര്യം എത്രയുംവേഗം ഉണ്ടാക്കേണ്ടതാണ്. ഈറോഡ്, ഒന്നും മൂന്ന്

വാർഡുകളിലെ കുറെയധികം ആളുകൾക്കുകൂടി പ്രയോജനം ചെയ്യുന്നതാണ്.

3. പൊട്ടൻകാട് – കുഞ്ചിത്തണ്ണി റോഡ് (പഴയത്) കെ.എൽ.ഡി ആന്റ് എം.എം.ബോർഡിന്റെ സഹായത്തോടെ നിർമിച്ചതും ഇപ്പോൾ സഞ്ചാരയോഗ്യമല്ലാത്തതും വളരെയേറെ ജനങ്ങൾക്കു പ്രയോജനപ്പെടുന്നതുമായ ഈ റോഡിന്റെ റീടാറിംഗും മറ്റു പണികളും അടിയന്തിരമായി ചെയ്യേണ്ടതാണ്.
4. തേക്കിൻകാനം – മുല്ലക്കാനം (വഴി വിമലപുരം) റോഡ് ഇപ്പോഴും ബസ് ഗതാഗതമുള്ളതും ബ്ലോക്കിൽനിന്നു പണി തീർത്തതുമായ ഈ റോഡിന്റെ അറ്റകുറ്റപണികൾ എത്രയുംവേഗം ചെയ്യേണ്ടതാണ്.
5. 4, 6 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും ചന്ദ്രഗിരി ചൊക്രമുടി ഭാഗത്തുള്ള പട്ടികജാതി കുടുംബങ്ങൾക്ക് ഗുണം ചെയ്യുന്നതും പഞ്ചായത്ത് ആസ്ഥാനവും. ഗ്യാപ്പ് റോഡുമായും ബന്ധപ്പെടുന്നതുമായ പൊട്ടൻകാട് ചൊക്രമുടി (വഴി അച്ചൻകാട്) റോഡിന്റെ പണി എത്രയുംവേഗം പൂർത്തീകരിക്കേണ്ടതാണ്. 1996 നവംബർ 1–ാം തീയതി പുനരർപ്പണദിനവുമായി ബന്ധപ്പെട്ട് ഈ റോഡിലെ 2.5 കിലോമീറ്റർ ദൂരം ശ്രമദാനമായി മണ്ണുപണി തീർത്തിട്ടുള്ളതാണ്.



ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം... ആദ്യകാല കുടിയേറ്റം, ഗതാഗതം എന്നിവയെക്കുറിച്ച് ഒരു അനുസ്മരണം – മുട്ടുകാട്ടിലെ ആദ്യകാല കുടിയേറ്റക്കാരനായ ശ്രീ കാന്തിയുമായുള്ള അഭിമുഖത്തിൽനിന്ന്.

## വാർഡുതലത്തിലെ പ്രധാന റോഡുകൾ

## വാർഡ് I മുതൽ VIII വരെ

1. തറപ്പേൽപാലം – ഏഴോലിക്കൽ പുരയിടം റോഡ്
2. മഞ്ഞപ്പള്ളിക്കവല – പൊട്ടൻകാട്
3. കൊച്ചുപ്പ് – മഞ്ഞപ്പള്ളിക്കവല
4. തറപ്പേൽപുരയിടം – കുട്ടപ്പൻകട
5. കുട്ടപ്പൻകട – മേച്ചരിപ്പടി
6. നാൽപ്പതേക്കർ – കോമാളിക്കുടി
7. പോസ്റ്റാഫീസ്പടി – മുട്ടുകാട്
8. ദേശീയം – മുത്തൻമുടി
9. ടീ കമ്പനി – നാല്പതേക്കർ
10. ചങ്ങനാശേരിക്കട – പോസ്റ്റാഫീസ് പടി
11. ജോസ്ഗിരി – കുരങ്ങുപാറ
12. പി.സി.എം കവല – മുല്ലക്കാനം
13. കുരങ്ങുപാറ – മുന്നൂറേക്കർ
14. ബൈസൺവാലി ടൗൺ – ചൊക്രമുടി
15. ലക്ഷംവീട് – ചൊക്രമുടി
16. പൊട്ടൻകാട്നിരപ്പ് – ഉപ്പാർ
17. പൊട്ടൻകാട്നിരപ്പ് – എല്ലക്കൽ (വഴി കൊച്ചുപുരയ്ക്കൽ പുരയിടം)
18. ഇരുപതേക്കർ – മുത്തൻമുടി
19. കുഞ്ചിത്തണ്ണി – ഇരുപതേക്കർ (വഴി കാത്തലിക് ചർച്ച്)
20. മുത്തൻമുടി – നെടുങ്ങാട്ടിൽപ്പുരയിടം
21. ബൈസൺവാലി – ചൊക്രമുടി (വഴി ചന്ദ്രൻകുന്നേൽ പുരയിടം)
22. ടീ കമ്പനി – കുളിക്കടവ്
23. ടീ കമ്പനി – കുരങ്ങുപാറ
24. നാല്പതേക്കർ – ടീ കമ്പനി (വേവുകാട്ട് പുരയിടംവരെ)
25. 56 ഏക്കർ – പൊട്ടൻകാട്
26. കൊല്ലംപറമ്പിൽ പുരയിടം – എസ്.എം.എസ്.ആർ.എസ്റ്റേറ്റ്
27. അരമനപ്പാറ – കാന്താരിമേട്
28. കാക്കാക്കട – പെരിയകനാൽ
29. പൊട്ടൻകാട് – ഇരുപതേക്കർ (വഴി തയ്യിൽ പുരയിടം)
30. സൊസൈറ്റിമേട് – ആനക്കയം

ഇവ വാർഡുകളിലെ പ്രധാനപ്പെട്ട റോഡുകളാണ് ഇവയുടെ പണിയും അടിയന്തിരമായി ചെയ്തുതീർക്കേണ്ടതാണ്.

## പുതുതായി നിർമിക്കപ്പെടേണ്ട റോഡുകൾ

1. ചിന്നക്കനാൽ പഞ്ചായത്തിലെ ഗ്യാപ്പിൽനിന്നും മൂന്നാർ ഹെഡ് വർക്സിൽ എത്തിച്ചേരുന്ന പുരാതനമായ ഒരു നടപ്പുവഴി ഈ പഞ്ചായത്തിലുണ്ട്. ഈ നടപ്പുവഴിയുടെ മൂന്നാർ, പള്ളിവാസൽ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന ഒറ്റമരം വരെയുള്ള ഭാഗങ്ങൾ PWD ഏറ്റെടുത്ത് ടാർ ചെയ്തിട്ടുണ്ട്. ഒറ്റമരം മുതൽ ഇരുട്ടളവരെയുള്ള ഭാഗം ബൈസൺവാലി പഞ്ചായത്തിന്റെ ശ്രമഫല

മായി ജീപ്പുഗതാഗതത്തിന് അനുയോജ്യമാക്കിത്തീർത്തിട്ടുണ്ട്. ശേഷിക്കുന്ന ഇരുട്ടള മുതൽ ഗ്യാപ്പുവരെയുള്ള ഭാഗത്തിന്റെ പണി എത്രയുംവേഗം പൂർത്തീകരിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ 4, 5, 6, 7 എന്നീ വാർഡുകൾക്കും ചിന്നക്കനാൽ പള്ളിവാസൽ, മൂന്നാർ എന്നീ പഞ്ചായത്തുകൾക്കും ഇതുകൊണ്ട് പ്രയോജനം ലഭിക്കുന്നു.

2. ജോസ്ഗിരി – കൊച്ചുപ്പ് (വഴി പെന്തക്കോസ്ത് പള്ളി) റോഡ് നിർമിക്കണം.
3. അപ്പിക്കുഴിയിൽനിന്നും ഈറ്റക്കാനത്തേക്ക് റോഡു നിർമിക്കണം.
4. മ്ലാക്കുഴി ജംഗ്ഷനിൽനിന്നും മുന്നൂറേക്കർ ഭാഗത്തേക്ക് റോഡു നിർമിക്കണം.
5. പമ്പുഹൗസ് ഭാഗത്തുനിന്ന് കുരങ്ങുപാറയ്ക്ക് റോഡു നിർമിക്കണം.
6. കുട്ടപ്പൻസിറ്റിയിൽനിന്ന് മാമല ഭാഗത്തേക്ക് റോഡു നിർമിക്കണം.
7. പന്നിയാർ ഓഗ്മെന്റേഷൻ സ്കീം ഭാഗത്തുനിന്നും മഞ്ഞപ്പള്ളി സിറ്റിയിൽ എത്തിച്ചേരുന്ന (കിഴക്കേക്കുറ്റ് പുരയിടത്തിനു സമീപത്തുകൂടി) റോഡുനിർമിക്കണം.
8. പൊട്ടൻകാട്ടിൽനിന്നും പൂമല ഭാഗത്തേക്ക് റോഡു നിർമിക്കണം.
9. ശാസ്താംകോവിലിൽനിന്നും ഉപ്പളയ്ക്ക് റോഡുണ്ടാക്കണം.
10. ലക്ഷംവീട്ടിലേക്ക് ചൊക്രമുടിയിൽനിന്നും പാറക്കാലാപുരയിടം വഴി റോഡു നിർമിക്കണം.
11. സൊസൈറ്റി മേട്ടിൽ ഏലപ്പാറയ്ക്കുള്ള റോഡ് പണിയണം.
12. ടീ കമ്പനി ചപ്പാത്തിന്റെ അറ്റകുറ്റപ്പണി ഉടൻ പൂർത്തീകരിക്കണം. ഇതുവഴി നിരവധി ബസുകളും മറ്റു വാഹനങ്ങളും ദിനംപ്രതി സഞ്ചരിക്കുന്നതാണ്.

## കലുങ്കുകൾ, നടപ്പാതകൾ, നടപ്പാലങ്ങൾ

1. 4–ാം വാർഡിൽ ഇരുപതേക്കർ – പൊട്ടൻകാട് റോഡിൽ കമ്പിക്കൽ പുരയിടത്തിനു സമീപം ഒരു കലുങ്ക് നിർമ്മിക്കണം.
2. ബൈസൺവാലി ചങ്ങനാശേരിക്കട റോഡിൽ പുത്തൻചിറ പുരയിടത്തിനു സമീപം ഒരു കലുങ്ക്.
3. 6, 7 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൊച്ചുപറമ്പിൽ പുരയിടത്തിനു സമീപം ഒരു നടപ്പാലം.
4. 8–ാം വാർഡിൽ ചിന്നസ്വാമിക്കുടിയിൽ ഒരു നടപ്പാലം.
5. കൊച്ചുപ്പ് സിറ്റിയിൽനിന്നും ചാലിൽപ്പുരയിടത്തിലേക്കുള്ള നടപ്പുവഴിയിൽ നട കെട്ടുക.
6. രണ്ടാം വാർഡിൽ തെക്കേപ്പുളിക്കൽ സുഗുണന്റെ പുരയിടത്തിൽക്കൂടി പോകുന്ന നടപ്പാതയിൽ നടകെട്ടുക.
7. കൊച്ചുപ്പ് പാറമടയിൽനിന്നും കല്ലംപ്ലാക്കൽ പുരയിടംവഴി നടപ്പാത നിർമിക്കുക.
8. മൂന്നാംവാർഡിൽ പട്ടികജാതി വിഭാഗക്കാർ പാർക്കുന്ന കുയിലിമല ഭാഗത്തേക്കു ഈ നടപ്പുവഴിയിൽ അടിയന്തിരമായി പടികൾ നിർമിക്കണം.

## സാധ്യതകളും പരിഹാരമാർഗ്ഗങ്ങളും

1. എല്ലാ റോഡുകളുടെയും ഓടകൾ നിർമിക്കാനായി സന്നദ്ധപ്രവർത്തനം സംഘടിപ്പിക്കാവുന്നതാണ്.
2. P.W.D റോഡിന്റെ പണി ഗവൺമെന്റ മേൽനോട്ടത്തിൽ എത്രയുംവേഗം പൂർത്തീകരിക്കേണ്ടതാണ്.
3. ബ്ലോക്കിൽനിന്നും നിർമിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ ബ്ലോക്കു പഞ്ചായത്തിന്റെ മുൻഗണനാ ലിസ്റ്റിൽപ്പെടുത്തി ചെയ്തുതീർക്കുകയോ പഞ്ചായത്തിന്റെ അൺടൈഡ് ഫണ്ട്, ജെ.ആർ.വൈ.ഇ.എ.എസ് മുതലായ പദ്ധതികളിൽ മുൻഗണന കൊടുത്ത് ചെയ്തുതീർക്കുകയോ ചെയ്യേണ്ടതാണ്.
4. റോഡുസംരക്ഷണത്തിനായി പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കണം.
5. റോഡിൽ നീരൊഴുക്കുള്ള ഭാഗങ്ങളിൽ കലുങ്കുകൾ നിർമിക്കേണ്ടതാണ്.
6. പുതിയ റോഡുകൾ നിർമിക്കുന്നതിന് ബഹുജനസഹകരണം പരമാവധി സംഘടിപ്പിക്കണം. ഇതിന്റെ നേതൃത്വം വാർഡുമെമ്പർമാർ ഉത്തരവാദിത്വപൂർവ്വം ഏറ്റെടുക്കണം.
7. രണ്ടു ബ്ലോക്കുപഞ്ചായത്തുകളുടെ പരിധിയിൽ വരുന്നതും പ്രധാനപ്പെട്ട സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ റോഡുകളുടെ നിർമാണജോലികൾ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ മുൻഗണന നല്കി ചെയ്യണം.

## ഊർജ്ജം

ഊർജ്ജം ഉപയോഗരംഗത്ത് ബൈസൺവാലി പഞ്ചായത്ത് തികച്ചും പിന്നോക്കാവസ്ഥയിലാണ്. ആകെയുള്ള 3823 വീടുകളിൽ 1126 വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചത്. പഞ്ചായത്തിലെ ആകെ വീടുകളുടെ മൂന്നിലൊന്നുഭാഗം മാത്രമാണ് ഇത്. ജനങ്ങൾ മുഖ്യമായും ഊർജ്ജാവശ്യത്തിന് വിറക് ഉപയോഗിക്കുന്നു. മണ്ണെണ്ണ, ബയോഗ്യാസ്, L.P.G ഗ്യാസ് എന്നിവയാണ് ഇതര പ്രധാന ഊർജ്ജസ്രോതസ്സുകൾ. ചിത്തിരപുരം മേജർ ഇലക്ട്രിക് സെക്ഷന്റെ കീഴിലാണ് ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണം നടപ്പാക്കിയിരിക്കുന്നത്. ആകെ 400ൽപ്പരം പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉള്ളതിൽ 75–ൽ താഴെ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. ഇവരിൽ എട്ടുപേർ സൗജന്യസ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്നു. ഈ കോളനികളിൽ 46 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ കിട്ടാനുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാർ അല്ലാത്ത അപേക്ഷകർ ഓർഡിനറി 195ഉം O.T.P 18ഉം O.Y.E.C 21ഉം ആണ്. ആകെ ഈ പഞ്ചായത്തിൽ 2697 വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടതായിട്ടുണ്ട്. കാർഷികരംഗത്ത് 23ഉം വ്യാവസായികമേഖലയിൽ 12ഉം വ്യാപാരരംഗത്ത് 163ഉം കണക്ഷനുകൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ 52 സ്ട്രീറ്റുലൈറ്റുകൾ ഉണ്ട്. പ്രതിവർഷം 16884 രൂപാ വൈദ്യുതി ബോർഡിൽ പഞ്ചായത്ത് അടയ്ക്കുന്നുണ്ട്. പഞ്ചായത്തിൽ ആകെ 12 L.T. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മിക്കവാറും വൈദ്യുതി ലഭിക്കുന്നില്ല. പത്ത് ബയോഗ്യാസ് കണക്ഷനുകൾ പഞ്ചായത്തിൽ ഉണ്ട്. മിക്ക വീടുകളിലും കാലിവളർത്തൽ ഉള്ളതാണ് എങ്കിലും ബയോഗ്യാസ് കണക്ഷനുകൾ ഇതിന് ആനുപാതികമായി ഇല്ല. ബ്ലോക്കിൽനിന്നും 67442 രൂപ ബയോഗ്യാസ് പ്ലാന്റിനായി ലോൺ നല്കിയിട്ടുണ്ട്. പഞ്ചായത്തിൽ 40 വീടുകളിലും പത്ത് കടകളിലും മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നതായി കാണുന്നു. പഞ്ചായത്തിലാകെയുള്ള എട്ടു റേഷൻ കടകൾവഴി 116896 ലിറ്റർ മണ്ണെണ്ണ 1995–96 കാലയളവിൽ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. എട്ടു പെർമിറ്റുകളിലായി 340 ലിറ്ററും വിതരണം ചെയ്തു. രണ്ട് ഡീസൽ മോട്ടോർ പമ്പുകൾ പഞ്ചായത്തിലുണ്ട്. L.P.G വാതക കണക്ഷനുവേണ്ടി അപേക്ഷ സമർപ്പിച്ചവർ ധാരാളമുണ്ടെങ്കിലും 18 പേർക്കു മാത്രമേ എൽ.പി. ജി കണക്ഷൻ കിട്ടിയിട്ടുള്ളൂ. പുകയില്ലാത്ത അടുപ്പുകൾ 120 ഓളം കുടുംബങ്ങളിൽ ഉപയോഗിക്കുന്നതായി റിപ്പോർട്ടുണ്ട്. പിന്നോക്ക വിഭാഗങ്ങൾക്കായി വൈദ്യുതി വിതരണത്തിന് പ്രത്യേക പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. സൗരോർജ്ജം ഉപയോഗി

ക്കുന്ന ഒരു വീട് പഠനസംഘം കണ്ടെത്തി. പഞ്ചായത്തിലെ ഇന്ധന ഉപയോഗം സൂചിപ്പിക്കുന്ന ചാർട്ട് ചുവടെ ചേർക്കുന്നു.

### ഇന്ധന ഉപയോഗം

| ക്രമ നമ്പർ | ഇനം | വീടുകളുടെ എണ്ണം | ശതമാനം | പമ്പുസെറ്റ് |
|---|---|---|---|---|
| 1. | വിറക് | 3823 | 100 | |
| 2. | L.P.G ഗ്യാസ് | 18 | .47 | |
| 3. | ബയോഗ്യാസ് | 10 | .2 | |
| 4. | മണ്ണെണ്ണ | 50 | 1.3 | |
| 5. | വൈദ്യുതി | 1126 | 29.45 | 23 |
| 6. | ഡീസൽ & പെട്രോൾ | 12 | .31 | 10 സ്പ്രെയർ 2 മോട്ടോർ |
| 7. | സൗരോർജ്ജം | 1 | | |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വൈദ്യുതി എത്തിയിട്ടില്ല
2. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ലക്ഷംവീടുകളിലും വൈദ്യുതി ഇല്ല.
3. വോൾട്ടേജ് ക്ഷാമം നിലനില്ക്കുന്നു.
4. തെരുവുവിളക്കുകൾ വേണ്ടത്രയില്ല.
5. ബയോഗ്യാസ് പ്ലാന്റുകൾ കാലിവളർത്തലിന് ആനുപാതികമായില്ല.
6. പുകയില്ലാത്ത അടുപ്പുകൾ വേണ്ടത്ര പ്രചാരത്തിലില്ല.
7. L.P.G ഗ്യാസ് കണക്ഷൻ ആവശ്യത്തിനു ലഭ്യമല്ല.
8. വിറകിന്റെ അമിതമായ വിലയും വിറകു സംഭരിക്കുവാൻ ഫോറസ്റ്റുവകുപ്പിന്റെ നിയമതടസവും.
9. മണ്ണെണ്ണ ആവശ്യത്തിനു ലഭിക്കുന്നില്ല.

## സാധ്യതകളും പരിഹാര മാർഗ്ഗങ്ങളും

1. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ പഞ്ചായത്തിൽ ആറാം വാർഡിൽ സമുദ്രനിരപ്പിൽനിന്നും 7000 അടി ഉയരത്തിലുള്ള മുത്തൻമുടിയിലും ഉപ്പളമലമുകളിലും രണ്ടാംവാർഡിൽ കുരിശുമലയിലും മൂന്നാംവാർഡിൽ കിഴക്കേടത്തുമലയിലും സാധ്യതകൾ ഉണ്ട്.
2. ഉപ്പാർ ഭാഗത്ത് മിനി പ്രോജക്ടിനുള്ള സൗകര്യം പരിശോധിക്കാവുന്നതാണ്.
3. വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിനും പുതിയ കണക്ഷൻ കൊടുക്കുന്നതിനുംവേണ്ടി ബൈസൺവാലിയിൽ ഒരു സബ്സ്റ്റേഷൻ പണിത് ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.
4. ചിത്തിരപുരത്തുനിന്നും വരുന്നതായ 11 KV ലൈനിലും മറ്റു ലൈനുകളിലും മരച്ചില്ലകളുമായുള്ള ടച്ചുകൾ നീക്കം ചെയ്ത് പ്രസരണനഷ്ടം ഒഴിവാക്കാവുന്നതാണ്.
5. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു വൻപദ്ധതിക്ക് രൂപം നല്കാവുന്നതാണ്.
6. ഇന്ധനച്ചെലവു കുറയ്ക്കാൻ പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കാവുന്നതാണ്.
7. സൗരോർജ്ജം ഉപയോഗിച്ചുള്ള ഡോളാർ ലൈറ്റുകൾ വ്യാപകമായി പ്രചരിപ്പിക്കാം.
8. ഊർജ്ജലാഭമുള്ള വൈദ്യുതദീപങ്ങൾ പ്രചരിപ്പിക്കുക.
9. വനത്തിൽ വീണുകിടന്നു നശിച്ചുപോവുന്ന തടികൾ ശേഖരിച്ച് ഫോറസ്റ്റുവകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ വിറകുഡിപ്പോ നടത്താവുന്നതാണ്.
10. സാമൂഹ്യവനവത്ക്കരണത്തിലൂടെ വിറകുക്ഷാമം പരിഹരിക്കാവുന്നതാണ്.
11. L.P.G ഗ്യാസ് കണക്ഷൻ അപേക്ഷകർക്കെല്ലാം അടിയന്തിരമായി നല്കി വിറകിന്റെ ഉപയോഗം കുറയ്ക്കുകയും അതുവഴി വനനശീകരണം തടയുകയും ചെയ്യാം.
12. കുഞ്ചിത്തണ്ണിയിൽ ഒരു എൽ.പി.ജി വിതരണ ഏജൻസി തുടങ്ങുക.

## പാർപ്പിടം

ബൈസൺവാലി ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളും പുല്ലുമേഞ്ഞവയാണ്. പുല്ലുമേഞ്ഞ വീടുകൾ 1098ഉം ഓടുമേഞ്ഞവ 1524– ഉം ഒറ്റ നിലയുള്ള കോൺക്രീറ്റ് കെട്ടിടങ്ങൾ 122–ഉം ഒന്നിൽകൂടുതൽ നിലകളുള്ള എട്ട് കെട്ടിടങ്ങളും ഈ പഞ്ചായത്തിലുണ്ട്. മറ്റുള്ളവ 1071– ആണ്. ആകെ 3823 വീടുകൾ ഈ പഞ്ചായത്തിലുണ്ട്. സ്വന്തമായി വീടുകളില്ലാത്ത ആളുകൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുണ്ട്. വിവിധ ധനസഹായത്താൽ നിർമ്മിക്കപ്പെട്ടവീടുകളുടെ എണ്ണം പഞ്ചായത്തിൽ 140ആണ്.

I.R.D.P സർവ്വേപ്രകാരം ആവശ്യമുള്ള വീടുകളുടെ എണ്ണം പഞ്ചായത്തിൽ 430 ആണ്. കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നവർ ഇരുപത്തോളം വരും. സ്വന്തമായി ഭവനമില്ലാതെ മറ്റുള്ളവരുടെ വീടുകളിൽ താമസിക്കുന്നവർ 120–ഓളം വരും. ദുർബലവിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനായി പുതിയ സംരംഭങ്ങൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. പഞ്ചായത്തിൽ 3 പട്ടികജാതി കോളനികളിലായി 106 കുടുംബങ്ങളും 4 പട്ടികവർഗ്ഗകോളനികളിലായി 179 കുടുംബങ്ങളുമുണ്ട്. ഇതിൽ കെട്ടുറപ്പില്ലാത്തതായ 230–ന് മേൽ വീടുകളുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഗവൺമെന്റിൽ നിന്നും ലഭ്യമായിക്കൊണ്ടിരിക്കുന്ന പാർപ്പിടധനസഹായങ്ങൾ അപര്യാപ്തമാണ്. നിർമ്മിച്ചവീടുകളിൽ തന്നെ വേണ്ടത്ര സൗകര്യങ്ങളില്ല. പഞ്ചായത്തിൽ 4 സെന്റ് കോളനികൾക്കായി 3 ഏക്കർ 60 സെന്റ് സ്ഥലം നീക്കിയിട്ടുണ്ട്. ബൈസൺവാലി ലക്ഷം വീടു കോളനിയിൽ എട്ടുവീടുകൾ നിർമ്മിച്ച് കൊടുത്തിട്ടുണ്ട്. ഈ പഞ്ചായത്ത് കുന്നിൻ

ചരിവുകളും പാറക്കെട്ടുകളും ധാരാളമുള്ള പ്രദേശമാണ് അപകട സാദ്ധ്യത ഉള്ളതായ പ്രദേശങ്ങളിൽ നിർമ്മിച്ചിരിക്കുന്ന വീടുകൾ 200-ന് മേൽ വരും 2.5 ശതമാനം ആളുകൾ പ്രതിവർഷം വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ സഹായത്തോടെയും സ്വന്തപരിശ്രമത്തിലൂടെയും ഭവനങ്ങൾ നിർമ്മിക്കുന്നു. പുറമ്പോക്കു ഭൂമിയിൽ 35 വീടുകൾ ഈ പഞ്ചായത്തിലുണ്ട്. ഹൗസിംഗ് സൊസൈറ്റികൾ ഒന്നും ഈ പഞ്ചായത്തിലില്ല. കെട്ടിടനിർമ്മാണ തൊഴിലാളികൾ കുറവാണ്. വിദഗ്ദതൊഴിലാളികൾ ആവശ്യാനുസരണം ഇല്ല. ഭവനനിർമ്മാണ തൊഴിലാളികൾക്ക് 150 രൂപയാണ് ശമ്പളം കെട്ടിടനിർമ്മാണ സാമഗ്രികൾ വേണ്ടത്ര ലഭ്യമല്ല. ഈ പ്രദേശത്ത് കുടിയേറിയിട്ട് നാലു ദശാബ്ധങ്ങൾ ആയിട്ടും പട്ടയം ലഭിക്കാത്തവർ ധാരാളമുണ്ട്. ഭവനനിർമ്മാണത്തിനും മറ്റും സർക്കാർ ലോണുകൾ ലഭിക്കുന്നതിന് ഇതൊരു തടസ്സമാണ്. കെട്ടിടനിർമാണ രംഗത്ത് ചെലവുകുറഞ്ഞതും നൂതനവുമായ സാങ്കേതിക രീതികൾ അവലംബിക്കപ്പെടുന്നില്ല. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ സംബന്ധിക്കുന്ന ചാർട്ട് ചുവടെ ചേർക്കുന്നു.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | | വിവിധ ഭവന നിർമ്മാണ പദ്ധതി കളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| 1 | 371 | – | 1[illegible] | 167 | 95 | 99 | 12 |
| 11 | 347 | – | 11 | 169 | 100 | 67 | 5 |
| 111 | 509 | – | 9 | 173 | 179 | 148 | 37 |
| IV | 529 | 2 | 26 | 244 | 129 | 128 | 3 |
| V | 628 | 2 | 31 | 205 | 152 | 238 | 24 |
| VI | 525 | 2 | 20 | 230 | 133 | 140 | 20 |
| VII | 567 | - | 6 | 229 | 174 | 158 | 6 |
| VIII | 347 | 2 | 9 | 107 | 136 | 93 | 33 |
| ആകെ | 3823 | 8 | 122 | 1524 | 1098 | 1071 | 140 |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഭൂരിഭാഗവും ക്യാച്ച് മെന്റ് ഏരിയായായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ കെട്ടിടനിർമ്മാണത്തിനാവശ്യമായി തടിയും മറ്റും ലഭിക്കുന്നതിന് നിയമതടസ്സമുണ്ട്.
2. കൈവശഭൂമിക്ക് പട്ടയമില്ലാത്തതിനാൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ലോൺ കിട്ടുന്നതിന് നിയമതടസ്സമുണ്ട്.
3. പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണസംഘം ഇല്ല.
4. കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള സ്ഥാപനങ്ങൾ ഇല്ല.
5. നിർമ്മാണരംഗത്തെ വിദഗ്ദ തൊഴിലാളികളുടെ അഭാവം.
6. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിക്കുന്ന വീടുകളുടെ ഉറപ്പില്ലായ്മ, സർക്കാർ മുതൽമുടക്കിലെ കുറവ്.
7. മറ്റു പിന്നോക്ക വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിനായി സൗജന്യ ധനസഹായമില്ലായ്മ.
8. ഭൂമിശാസ്ത്രപരമായി അപകടമേഖലയിൽ ഉള്ള വീടുകൾ.

## സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും

1. പട്ടയം ലഭിക്കാനുള്ള നിയമ തടസ്സങ്ങൾ നീക്കം ചെയ്യുക. പട്ടയം ലഭിക്കാത്ത സാഹചര്യത്തിൽ കൈവശ അവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും, ലോൺ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
2. ഭവന നിർമ്മാണ സഹകരണസംഘങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കുക. കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങുക.
3. നിർമ്മാണ തൊഴിലാളികൾക്ക് വിദഗ്ദ പരിശീലനം നൽകുക
4. ചെലവുകുറഞ്ഞ ഭവനനിർമ്മാണ രീതികളെക്കുറിച്ച് ബോധവത്കരണം നടത്തുക.
5. പട്ടികജാതി, പട്ടികവർഗ്ഗ ഭവനങ്ങളുടെ നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.
6. പിന്നോക്ക വിഭാഗങ്ങളിലെ ഭവനരഹിതർക്ക് സൗജന്യ ധനസഹായം നൽകുക.
7. അപകട മേഖലകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

## വനിതാക്ഷേമം

കേരളത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും സ്ത്രീകളാണെങ്കിലും വിവിധ മേഖലകളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കാത്തതാണ് നമ്മുടെ ദൗർബല്യം. പഞ്ചായത്തിലെ ജനസംഖ്യനിരക്കനുസരിച്ച് പുരുഷൻമാർ കൂടുതലാണ്. ആകെ 13255 ഉള്ള ജനസംഖ്യയിൽ 6494 പേരാണ് സ്ത്രീകളായിട്ടുള്ളത്. സ്ത്രീകളുടെ പൊതുവിലുള്ള വിദ്യാഭ്യാസ നിലവാരം തൃപ്തികരമല്ല SC/ST വിഭാഗങ്ങളുടെ കാര്യം പ്രത്യേകിച്ചും. പഞ്ചായത്തിലെ എല്ലാ സ്കൂളിലും കൂടി 814 പേർ പഠിക്കുന്നുണ്ട്, അതിൽ 198 പേർ SC/ST വിഭാഗത്തിൽപ്പെട്ടവരാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ചവരിൽ ഒരു വക്കീലും, അഗ്രിക്കൾച്ചർ ഓഫീസറും രണ്ടു വനിതകൾ മാത്രമാണുള്ളത്. ബിരുദവും ബിരുദാനന്തര ബിരുദവും ലഭിച്ച വനിതകൾ കുറെയുണ്ടെങ്കിലും ബഹുഭൂരിപക്ഷവും തൊഴിൽ രഹിതരോ, വരുമാനമില്ലാത്തവരോ ആണ്. സ്ത്രീകളുടെ പൊതുവായ ആരോഗ്യസ്ഥിതി മോശമാണ്, ഇതിനു പ്രധാന കാരണങ്ങൾ കുടിവെള്ളക്ഷാമം ശുചിത്വമുള്ള കക്കൂസിന്റെ അപര്യാപ്തത, പുകയില്ലാത്ത അടുപ്പിന്റെ കുറവ് എന്നിവയാണ് എന്ന് ഗ്രാമസഭകളിൽ വന്ന ചർച്ചകൾ ചൂണ്ടിക്കാണിക്കുന്നു. തൊഴിൽ രംഗത്തും സ്ത്രീകൾക്കുള്ള പങ്കാളിത്തം ശ്രദ്ധേയമാണ്. തോട്ടംമേഖല, കാർഷിക മേഖല എന്നിവയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ഭൂരിപക്ഷവും സ്ത്രീകൾ തന്നെയാണ്. ഏററവും കൂടുതൽ സ്ത്രീകൾക്കു തൊഴിൽ നൽകുന്ന മേഖല പ്രധാനമായും 2, 4, 5, 6, 7, 8 എന്നീ വാർഡുകളിൽ വ്യാപിച്ചുകിടക്കുന്ന ഏലത്തോട്ടം മേഖലയാണ്. പാറമടയിൽ പണിയെടുക്കുന്ന സ്ത്രീകളും, സ്വന്തമായി തയ്യൽ ജോലിയിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളും പഞ്ചായത്തിലുണ്ട്. മൃഗസംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ഒട്ടും കുറവല്ല. എല്ലാ തൊഴിൽ മേഖലയിലും സ്ത്രീയ്ക്കും പുരുഷനും തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നു എന്നത് ഈ പ്രദേശത്തെ ഒരു പ്രത്യേകതയാണ്. സാമൂഹിക-സാംസ്കാരിക സംഘടനകളുടെ നേതൃനിരയിൽ വനിതാ പ്രാതിനിധ്യം കുറവാണ്.

D. W. C. R. A. പദ്ധതിപ്രകാരം 1996 വരെയുള്ള കാലയളവിൽ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ട വനിതകൾ 46 പേരാണ്. ഇവരുടെ ഇപ്പോഴത്തെ തൊഴിൽസ്ഥിതി തൃപ്തികരമല്ല. സ്ത്രീകൾക്കുവേണ്ടി നടപ്പാക്കപ്പെടുന്ന ക്ഷേമ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ എണ്ണം തീരെ കുറവാണ്. 9 വിധവകൾക്കുമാത്രമാണ് ഈ പഞ്ചായത്തിൽ വിധവാ പെൻഷൻ ലഭിക്കുന്നത്.

## പ്രശ്നങ്ങൾ

1) സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക സംഘടനകളുടെ നേതൃനിരയിൽ സ്ത്രീകൾ കടന്നുവരാൻ മടിക്കുന്നതും ഇത്തരം സംഘടനകളിലുള്ള പങ്കാളിത്തക്കുറവും.

2) വനിതകൾക്കായി പ്രത്യേക തൊഴിൽ പരിശീലന പരിപാടികൾ ഇല്ലാത്തത്.

3) ആരോഗ്യ രംഗത്തെ സംരക്ഷണക്കുറവ് ഏലത്തോട്ടങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ആരോഗ്യനില തൃപ്തികരമല്ല. അശാസ്ത്രീയമായ കീടനാശിനി പ്രയോഗം സ്ത്രീകളുടെ ആരോഗ്യത്തെ വളരെ ദോഷകരമായി ബാധിക്കുന്നുണ്ട്.

4) സ്ത്രീകളുടെ പൊതുവായ വായന, വിദ്യാഭ്യാസ നിലവാരക്കുറവ്.

## സാദ്ധ്യതകളും പരിഹാര നിർദ്ദേശങ്ങളും

1) പഞ്ചായത്തു തലത്തിൽ വനിതകൾക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

2) സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്ന പരസ്യങ്ങളും പ്രസിദ്ധീകരണങ്ങളും നിരോധിക്കുക.

3) വനിതാ സഹകരണ സംഘങ്ങൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ സ്ഥാപിക്കുക.

4) കോഴി, ആട്, പന്നി, എന്നിവയെ വളർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

5) അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

6) മാതൃശിശു സംരക്ഷണ–പോഷണ പരിപാടികൾ കാര്യക്ഷമമാക്കുക.

7) വിദ്യാഭ്യാസ കാര്യങ്ങളിലെ പിന്നോക്കാവസ്ഥയറിയാൻ ഒരു സർവ്വേ നടത്തുകയും അതിന്റെയടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കുകയും ചെയ്യുക,

8) സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കാൻ ഗ്രന്ഥശാലാ പ്രസ്ഥാനവുമായി ബന്ധപ്പെടുത്തുകയും ആവശ്യമെങ്കിൽ മൊബൈൽ ലൈബ്രറി സൗകര്യം ഉണ്ടാക്കുകയും ചെയ്യുക

9) വിവിധ പെൻഷൻ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തി നിലവിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നു എന്നുറപ്പുവരുത്തുക.

10) മദ്യപാനം, സ്ത്രീപീഡനം എന്നീ സാമൂഹിക വിപത്തുകൾക്കെതിരെ സാമൂഹ്യ ബോധവത്ക്കരണം നടത്തുക. സന്നദ്ധ സംഘടനകളെ ഇതിനായി ഉപയോഗിക്കാം

## സഹകരണമേഖല

കേരളത്തിലെ സാധാരണ ജനങ്ങളുടെ ജീവിതത്തിൽ സഹകരണ പ്രസ്ഥാനത്തിന് അതിപ്രധാന സ്ഥാനമുണ്ട്. ബൈസൺ വാലി ഗ്രാമപഞ്ചായത്തിൽ പൊട്ടൻകാട് സർവ്വീസ് സഹകരണ ബാങ്ക്, പൊട്ടൻകാട് ക്ഷീരവ്യവസായ സഹകരണ സംഘം, കരിങ്കൽ തൊഴിലാളി സഹകരണ സംഘം എന്നിവ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ കാർഷിക മേഖലയ്ക്ക് വായ്പ ലഭിക്കാനുള്ള ഏററവും പ്രധാന ആശ്രയകേന്ദ്രം, പൊട്ടൻകാട് സർവ്വീസ് സഹകരണ ബാങ്കാണ്. പഞ്ചായത്തിലെ 98% ജനങ്ങളും കാർഷിക വായ്പയ്ക്കും മററുമായി ഈ ബാങ്കുമായി ബന്ധപ്പെടുന്നവരാണ്.

1961 മെയ് മാസം 16–ാം തീയതി രജിസ്ററർ ചെയ്യപ്പെട്ട പൊട്ടൻകാട് സർവ്വീസ് സഹകരണ സംഘം 22–5–61–ൽ പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ 235 പേർ അംഗങ്ങളായിരുന്നു. ഓഹരി മൂലധനം 1000/– രൂപ ആയിരുന്നു. ഇപ്പോൾ ആകെ അംഗങ്ങൾ 4839. ഓഹരി മൂലധനം 465000/ രൂപയുമാണ്. വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച സംഘത്തിന് 1979 ൽ സ്വന്തമായി കെട്ടിടം പണിയാൻ സാധിച്ചു. അന്തരിച്ച ശ്രീ. K E ചാക്കോ കോഴിപ്പുവനാനിക്കൽ പ്രസിഡൻറും ശ്രീ. C T ജോസഫ് ചകിരിയാംതടത്തിൽ സെക്രട്ടറിയുമായിരുന്നു അക്കാലത്ത്.

ആദ്യകാലത്ത് നാല് റേഷൻ കടകൾ (പൊട്ടൻകാട്, കൊച്ചുപ്പ്, ബൈസൺ വാലി, തേക്കിൻകാനം) നടത്തിയിരുന്നു. പിന്നീട് അതിന്റെ പ്രവർത്തനം നിലച്ചു. ഇപ്പോൾ സംഘത്തിന് പൊട്ടൻകാട്, കൊച്ചുപ്പ്, ബൈസൺവാലി എന്നിവിടങ്ങളിൽ ബ്രാഞ്ചുകൾ ഉണ്ട്. ബൈസൺ വാലിയിലും പൊട്ടൻകാട്ടിലും സ്വന്തമായി കെട്ടിടമുണ്ട്. പൊട്ടൻകാട് ബാങ്കിന്റെ കീഴിൽ കുരുമുളക് സംഭരണകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കാർഷികോല്പന്നങ്ങൾ ബാങ്കിന്റെ ഗോഡൗണിൽ സൂക്ഷിക്കുന്നതിനും അതിൻമേൽ കൃഷിക്കാർക്ക് വായ്പ നൽകുന്നതിനും സൗകര്യമുണ്ട്. 15 പേർ ഈ സംഘത്തിൽ സ്ഥിരം ജീവനക്കാരായുണ്ട്. ശ്രീ. ജോണി ജോൺ ഇട്ടിയേക്കാട്ട്, പ്രസിഡൻറും C. A. കുര്യാക്കോസ് സെക്രട്ടറിയുമാണ്. കമ്മററി യംഗങ്ങൾ: ശ്രീ P.N. സുധർലാൽ(വൈസ് പ്രസിഡൻറ് ശ്രീ. V.J.ജെയിംസ് വരിക്കയിൽ (ജില്ലാ ബോർഡ് അംഗം) ശ്രീ. ജോസഫ് ജോസഫ് നടുവത്തേട്ട്, ശ്രീ. P.K ബാബു പാലക്കാട്ടേൽ, ശ്രീ. ബാബർ ജോസഫ് കുററിവേലിൽ, ശ്രീ. ജോസ് K. ജോസ് കുടുംബക്കുഴിയിൽ, ശ്രീ. K. K. ബാലസ്വാമി, ശ്രീമതി ത്രേസ്യാമ്മ ബേബി.

പൊട്ടൻകാട് സർവ്വീസ് സഹകരണബാങ്കിന്റെ പൊതുവായ സ്ഥിതി വിവരകണക്ക് താഴെ ചേർക്കുന്നു.

# പൊട്ടൻകാട് സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1 | സ്ഥാപനത്തിന്റെ പേര് | പൊട്ടൻകാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No. K. 165 |
| 2 | പ്രവർത്തനപരിധി | ബൈസൺവാലി ഗ്രാമപഞ്ചായത്ത് അതിർത്തി |
| 3 | സ്വഭാവം (ക്രെഡിറ്റ്, നോൺക്രെഡിറ്റ്) | ക്രെഡിറ്റ് |
| 4 | പ്രവർത്തനം ആരംഭിച്ച വർഷം | 22-5-1961 |
| 5 | ആകെ അംഗങ്ങൾ | 4839 |
| 6 | ഒരു ഓഹരിയുടെ വില | 10 രൂപ |
| 7 | അംഗീകൃത ഓഹരിമൂലധനം | 40,50000 രൂപ |
| 8 | പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം | 2128262 |
| 9 | സർക്കാർ ഓഹരി ഉണ്ടോ? | ഉണ്ട് |
| 10 | ഉണ്ടെങ്കിൽ ലഭിച്ച തുക | 11018571 |
| 11 | പരമാവധി കടമെടുക്കാവുന്ന തുക | 5,2683750. |
| II | പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | |
| a) | സ്ഥിരം | 7035126 |
| b) | ഹ്രസ്വകാലം | 4006044 |
| III | നൽകിയിട്ടുള്ള വായ്പകൾ | |
| a) | കാർഷിക വായ്പകൾ | |
| | ഇനം | തുക |
| 1 | ഹ്രസ്വകാലം | 6254369/- |
| 2 | മദ്ധ്യകാലം | 309328/- |
| 3 | ദീർഘകാലം | 864709 |
| 4 | ജലസേചനം (ദീർഘകാലം) | 565841 |
| b | മററു വായ്പകൾ | |
| | ഇനം | തുക |
| 1 | സമാകരണ വായ്പ | 4613540 |
| 2 | സ്വർണ്ണപ്പണയം | 7750250 |
| 3 | ബിസിനസ് വായ്പ | 819203 |
| 4 | സ്വന്തം ഫണ്ട് വായ്പ | 437831 |
| c | പ്രത്യേക വായ്പകൾ | |
| | ഇനം | തുക |
| 1 | I R D P വായ്പകൾ | 186733 |
| 2 | മദ്ധ്യകാല കറവമാട് | 289988 |
| 3 | ആടുവളർത്തൽ | 250825 |
| 4 | ദീർഘകാല ബയോഗ്യാസ് | 67442 |
| 5 | സ്വയം തൊഴിൽ വായ്പ | 47653 |

## സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| ഇടുക്കിജില്ല സഹകരണബാങ്ക് | കാർഷികം ഹ്രസ്വകാലം | 5582050 |
| ,, | മദ്ധ്യകാല കാർഷികം | 771810 |
| ,, | ദീർഘകാല കാർഷികം | 1619613 |
| ,, | സാധാരണ വായ്പയും ഓവർഡ്രാഫ്റ്റും. | 3401834 |
| കേരള സർക്കാർ | ഗോഡൗൺ വായ്പ | 248999 |

## നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| ക്രമനമ്പർ | വായ്പാ സ്വഭാവം | തുക |
|---|---|---|
| 1 | ഹ്രസ്വകാല കാർഷിക വായ്പ | 764759 |
| 2 | സാധാരണ വായ്പയും ബിസിനസ് വായ്പയും. | 1247925 |
| 3 | I R D P വായ്പ | 49400 |
| 4 | മദ്ധ്യകാല വായ്പ | 179453 |
| 5 | ദീർഘകാല വായ്പ | 61000 |

## സ്ഥാപനത്തിന്റെ ചിലവുകൾ

| | | |
|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് ചാർജ് | —770000 | 1–4–95 മുതൽ |
| കണ്ടിജൻസി ചിലവ് | —300000 | 31–3–96 വരെ |

## സംഘം നടത്തുന്ന മററ് അനുബന്ധ സേവന പ്രവർത്തനങ്ങൾ

1. ആകർഷകമായ പലിശനിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
2. ഹ്രസ്വകാല, മദ്ധ്യകാല കാർഷികേതര വായ്പകൾ നൽകുന്നു.
3. വളം, കീടനാശിനി വില്പന
4. കുരുമുളക് വ്യാപാരം
5. അംഗങ്ങൾക്കുള്ള ഗോഡൗൺ സൗകര്യം

# പൊട്ടൻകാട് ക്ഷീര വികസന സഹകരണസംഘം

ഈ പഞ്ചായത്തിലെ പാൽ ഉല്പാദകരുടെ ഏക ആശ്രയം പൊട്ടൻകാട് ക്ഷീരവികസന സഹകരണസംഘം ആണ്. 10-3-1975-ൽ രജിസ്ററർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു് ഹെഡ് ഓഫീസ് പൊട്ടൻകാട്ടിൽ പ്രവർത്തിക്കുന്നു. പ്രവർത്തന മേഖല ബൈസൺവാലി പഞ്ചായത്ത് മാത്രമാണ്. ശേഖരിക്കുന്ന പാലിൽ പ്രാദേശിക വില്പന കഴിച്ചുള്ളത് എല്ലക്കൽ മിൽക്ക് സൊസൈററിക്ക് കൊടുക്കുകയാണ്. കൊച്ചുപ്പ്, ഇരുപതേക്കർ, പൊട്ടൻകാട് ററീകമ്പനി, ബൈസൺവാലി. മുട്ടുകാട് എന്നിവിടങ്ങളിൽ ഓരോശാഖകൾ പ്രവർത്തിക്കുന്നു. ആകെ എട്ട് ജീവനക്കാർ ജോലിചെയ്യുന്നു. ആകെ അംഗങ്ങൾ 132 ആണ്. ഓഹരി മൂലധനം 12450 രൂപയാണ്. ശ്രീ V P ചാക്കോ വാഴയിൽ പ്രസിഡൻറും, ശ്രീ. P R സുരേഷ് സെക്രട്ടറിയുമായി പ്രവർത്തിക്കുന്നു. പൊട്ടൻകാട് ക്ഷീരോല്പന്ന നിർമ്മാണ വിപണന വനിതാ യൂണിററിൽ 4 വനിതകൾ ജോലിചെയ്യുന്നു. ഓരോ വർഷവും ശേഖരിക്കുന്ന പാലിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | മൊത്തം ശേഖരിക്കുന്നപാൽ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | പുറത്തേയ്ക്ക് അയയ്ക്കുന്നത് |
|---|---|---|---|
| 1 | 2 | 3 | 4 |
| 91_92 | 45429.300 | 14755.500 | 83918 |
| 92_93 | 254295.200 | 34823.200 | 220167.700 |
| 93_94 | 368918.200 | 47119,500 | 3287933.300 |
| 94_95 | 357101.200 | 45455.400 | 315037.200 |
| 95_96 | 364868.100 | 60268.500 | 316752.800 |

കൊച്ചുപ്പ് കരിങ്കൽ തൊഴിലാളി സഹകരണസംഘം സംബന്ധിച്ച രേഖകൾ ലഭ്യമായിട്ടില്ല. ഇവയ്ക്ക് പുറമെ 50 അംഗങ്ങളും 5000 രൂപ ഓഹരിമൂലധനവുമുള്ള ബൈസൺവാലി കൺസ്യൂമർ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചുവരുന്നു. പൊട്ടൻകാട്ടിലുള്ള ജനറൽ മാർക്കററിംഗ് കോ-ഓപ്പറേററീവ് സൊസൈററി കാർഷികോല്പന്ന വിപണന രംഗത്ത് ചെറിയ തോതിൽ പ്രവർത്തിച്ചുവരുന്നു.

## പ്രശ്നങ്ങൾ

1. സഹകരണബാങ്കിംഗ് സംവിധാനങ്ങളെപ്പററി സഹകാരികളുടെ അറിവില്ലായ്മ

2. വർദ്ധിച്ചുവരുന്ന തിരിച്ചടവ് കുടിശിഖ

3. സഹകാരികളുടെ ആവശ്യങ്ങളനുസരിച്ച് സേവനങ്ങൾ ലഭ്യമാക്കുന്നതിലുണ്ടാകുന്ന പരിമിതി

4. പ്രാദേശിക സാഹചര്യങ്ങൾ കണക്കിലെടുക്കാതുള്ള സഹകരണ നിയമങ്ങൾ

5. പൊതുയോഗ തീരുമാനങ്ങൾ റദ്ദു ചെയ്യാനുള്ള ഡിപ്പാർട്ടുമെൻറൽ അധികാരികളുടെ അതിരുകടന്ന അധികാരം

6. വ്യാപാരരംഗത്തെ കാര്യക്ഷമതയില്ലായ്മ.

7. ലഘുനിക്ഷേപങ്ങൾ വർദ്ധിക്കാത്ത സാഹചര്യം

8. അനാവശ്യമായ ത്രിതല സംവിധാനം

9. പലിശനിരക്കിൽ കൂടെകൂടെയുണ്ടാകുന്ന മാററിമറിച്ചിലുകൾ.

10. സഹകരണ വകുപ്പിലുള്ള അനാവശ്യ കാലതാമസവും നിയമക്കുരുക്കും.

11. കാലാകാലങ്ങളിൽ ഓഡിററിംഗ് നടക്കാത്തതുകൊണ്ടുണ്ടാകാവുന്ന ക്രമക്കേടുകളും സാമ്പത്തിക അച്ചടക്കമില്ലായ്മയും.

12. സഹകാരികളും ജീവനക്കാരും തമ്മിലുള്ള പരസ്പര ധാരണക്കുറവ്.

13. സഹകരണമേഖല രാഷ്ട്രീയ വിമുക്തമല്ലാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ.

## സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും

1 സഹകരണമേഖലയിലെ നിയമനം PSC ക്കു വിടുകയും തെരഞ്ഞെടുപ്പിൽ പ്രാദേശികമായിട്ട് യോഗ്യതയുള്ളവർക്ക് മുൻഗണന കൊടുക്കുകയും വേണം,

2. സഹകരണ ജീവനക്കാർക്കും ഭരണ സമിതിക്കും മാനേജ്മെൻറ് പരിശീലനം ഫലപ്രദമായി നൽകുക.

3. യഥാർത്ഥ സമയങ്ങളിൽ പര്യാപ്തമായ തുക കർഷകർക്ക് വായ്പ ലഭിക്കാനുള്ള സംവിധാനമുണ്ടാക്കണം .

4. എടുക്കുന്ന വായ്പകൾ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് തന്നെ ഉപയോഗിക്കുന്നുയെന്നുറപ്പു വരുത്തുക.

5. നിശ്ചിത അളവിൽ പദ്ധതിരഹിത വായ്പകൾ ലഭ്യമാക്കണം .

6. സഹകരണമേഖലയെപ്പററി അവബോധം സൃഷ്ടിക്കത്തക്കവിധം ബഹുജന വിദ്യാഭ്യാസപരിപാടി ആവിഷ്കരിച്ച് നടപ്പാക്കുക.

7. അയൽകൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ സംഘടിപ്പിക്കുക

8. ആവശ്യമായ പ്രദേശങ്ങളിലും ഉല്പാദന, ഉപഭോഗ, വിപണന മേഖലകളിലും സഹകരണ സംഘങ്ങൾ തുടങ്ങുക.

9. കോ-ഓപ്പറേററീവ് മാനേജ്മെൻറിൽ വനിതകൾക്ക് ആനുപാതികപ്രാതിനിധ്യം നൽകുക.

10. സർവ്വീസ് കോ-ഓപ്പറേററീവ് ബാങ്കിൻെറ പ്രവർത്തനം വൈവിദ്ധ്യവത്കരിക്കുക.

11. ജനറൽ ബോഡികളിൽ അംഗങ്ങളുടെ പങ്കാളിത്ത വർദ്ധിപ്പിക്കാൻ ശ്രമിക്കുക,

12. ക്രഡിററ് സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യം അനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കാൻ ശ്രമിക്കുക.

13. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ആവശ്യമാണ്.

14. സഹകരണ സംഘങ്ങളിലെ പലിശ നിരക്ക് കുറയ്ക്കുകയും സബ്സിഡികൾ പുനഃസ്ഥാപിക്കുകയും ചെയ്യുക.

15. ക്ഷീരോല്പാദകർക്ക് ന്യായവില ഉറപ്പുവരുത്തുക.

16. പഞ്ചായത്തിന്റെ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് മാർക്കറ്റിംഗ് സർവ്വീസ് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

17. പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ കൺസ്യൂമർ/മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.

18. ആവശ്യമുള്ള കേന്ദ്രങ്ങളിൽ വനിതാ സഹകരണ സംഘം, പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണസംഘം സ്ഥാപിക്കുക

19. കന്നുകാലി, ആട്, കോഴി, പന്നി, മുയൽ വളർത്തൽ, മത്സ്യകൃഷി, പുഷ്പകൃഷി, കൂൺ പട്ടുനൂൽകൃഷി, തയ്യൽ പരിശീലനം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ചൂരൽ, പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, ചെറുകിട കുടിൽ വ്യവസായം എന്നിങ്ങനെയുള്ള വിവിധ മേഖലകളിൽ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കപ്പെടണം.

20. ഫലപ്രദമായി പ്രവർത്തിക്കുന്ന ക്ഷീര സഹകരണസംഘങ്ങൾ ആവശ്യമാണ്

21. കാർഷിക ഉല്പന്നങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സഹകരണ യൂണിറ്റുകൾ സ്ഥാപിക്കുക.

# ഫെഡറൽ ബാങ്ക് ബൈസൺവാലി പഞ്ചായത്തിൽ നൽകിയ വായ്പകളുടെ വിവരങ്ങൾ

| ഗുണഭോക്താക്കളുടെ എണ്ണം | ഏതിനം വായ്പ | നൽകിയ തുക |
|---|---|---|
| 118 | കാർഷിക വായ്പ | 5535427 |
| 32 | മുൻഗണനാവിഭാഗം | 3650000 |
| 13 | ഭവന നിർമ്മാണം | 813000 |
| 71 | സ്വർണ്ണപ്പണയവും മററ് ലോണുകളും | 158540 |
| 16 | ഐ. ആർ. ഡി. പി. | 148000 |
| ആകെ പേർ 250 | | 11727967 |

# S. B. T. പൊട്ടൻകാട് ശാഖ ഈ പഞ്ചായത്തിൽ 1995-96 സാമ്പത്തിക വർഷം നൽകിയ വായ്പാ വിവരം

| ഗുണഭോക്താക്കളുടെ എണ്ണം | ഇനം | നൽകിയ തുക | കുടിശിഖ |
|---|---|---|---|
| 32 | ഡിമാൻറ് ലോൺ | 429570 രൂ. | |
| 23 | ഹ്രസ്വകാല വായ്പ | 627700 | 9220 |
| 15 | അഗ്രികൾച്ചർ ടേം ലോൺ | 127450 | 15500 |
| 449 | സ്വർണ്ണപ്പണയ വായ്പ | 7,00,000 | 16176 |
| 192 | കാർഷിക സ്വർണ്ണപ്പണയവായ്പ | 6,[illegible]0,000 | 48500 |
| 7 | ക്യാഷ് ക്രഡിററ് | [illegible]3000 | 9400 |
| 42 | കാർഷിക ക്യാഷ് ക്രഡിററ് | 392000 | 2700 |
| ആകെ 760 | | 29,49,720 | 125796 |

കുടിശിഖ% 4.3%

# നമ്മുടെ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ

| ഇനം | സ്ഥാപനത്തിന്റെ പേര് | സർവ്വീസ് ഏരിയ | പ്രവർത്തനങ്ങൾ | വായ്പാ വിതരണ വിവരങ്ങൾ |
|---|---|---|---|---|
| സഹകരണം | 1. പൊട്ടൻകാട് സർവ്വീസ് സഹകരണസംഘം<br>2. പൊട്ടൻകാട് ക്ഷീര വ്യവസായ സംഘം<br>3. കൊച്ചുപ്പ് പാറ പൊട്ടിക്കൽ സഹകരണ സംഘം<br>4. പൊട്ടൻകാട് ജനറൽ മാർക്കറ്റിംഗ് സംഘം | ബൈസൺവാലി ഗ്രാമപഞ്ചായത്ത് | വിവിധ സഹ: മേഖല നോക്കുക | അനുബന്ധ പട്ടിക നോക്കുക. |
| ബാങ്കുകൾ | S B T, ഫെഡറൽ ബാങ്ക് | S B T ഗ്രാമപഞ്ചായത്ത്<br>ഫെഡറൽ ബാങ്ക് 5-ാം വാർഡ് | സാധാരണ ബാങ്കിംഗ് പ്രവർത്തനങ്ങൾ | അനുബന്ധ പട്ടിക നോക്കുക |
| വായ്പാ സംഘങ്ങൾ | പൊട്ടൻകാട് സർവ്വീസ് സഹകരണ സംഘം | ബൈസൺവാലി ഗ്രാമപഞ്ചായത്ത് | സഹകരണ മേഖല നോക്കുക | അനുബന്ധ പട്ടിക നോക്കുക |
| ബാങ്കേതര ഔപചാരികം | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |
| ബാങ്കേതര അനൗപചാരികം | ബൈസൺവാലി ഫൈനാൻസ് | ബാധകമല്ല | സ്വകാര്യ പണമിടപാട് | വ്യക്തമല്ല (അറിവില്ല) |

# വിദ്യാഭ്യാസം

കുടിയേറ്റപ്രദേശമായ ബൈസൺവാലിയിൽ ആദ്യമായി ഒരു വിദ്യാഭ്യാസസ്ഥാപനമുണ്ടായത് 1953-ൽ ബൈസൺവാലിയിലാണ്. ഇവിടെ സ്ഥാപിതമായ ഗവൺമെന്റ് എൽ.പി.സ്കൂളിൽ ഒരു അദ്ധ്യാപകനും രണ്ടു ക്ലാസുകളിലായി 35 വിദ്യാർത്ഥികളുമുണ്ടായിരുന്നു. ഇക്കാലത്ത് പല ആശാൻകളരികളും ഉണ്ടായിരുന്നു. ക്രമേണ ബൈസൺവാലി എൽ.പി. സ്കൂൾ യു.പി.സ്കൂൾ ആയി ഉയർന്നു. 1954-ൽ ഇരുപതേക്കറിൽ സെർവിന്ത്യാ എൽ.പിസ്കൂൾ ആരംഭിച്ചു. ജോസ്ഗിരി സെന്റ് ജോസഫ്സ് സ്കൂളിന്റെ പ്രവർത്തനവും അക്കാലത്തു തന്നെ തുടങ്ങി. പിന്നീട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ പൊട്ടൻകാട്, ഗവ. ഹൈസ്കൂൾ ബൈസൺവാലി എന്നീ അംഗീകൃത സ്കൂളുകളും സെന്റ് ജോർജ് എൽ.പി.എസ്. മുട്ടുകാട്, മായൽത്താമാതാ എൽ.പി.എസ്. പൊട്ടൻകാട് എന്നീ അൺ എയിഡഡ് സ്കൂളുകളും ടാഗോർമൗണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂൾ, മുത്തൻമുടി എസ്.എൻ സെൻട്രൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ബൈസൺവാലി എന്നിവയും ആരംഭിച്ചു. ഈ സ്കൂളുകൾ തൊടുപുഴ വിദ്യാഭ്യാസജില്ലയിലും അടിമാലി വിദ്യാഭ്യാസ ഉപജില്ലയിലും ഉൾപ്പെടുന്നു. ഗവൺമെന്റ് അംഗീകൃത സ്കൂളുകളിൽ 64 അദ്ധ്യാപകർ ജോലിചെയ്യുന്നു. അവരിൽ 40 പേർ സ്ത്രീകളാണ്. ബൈസൺവാലി ഹൈസ്കൂളിലെ അദ്ധ്യയനനിലവാരം അത്ര തൃപ്തികരമല്ല. സ്കൂളിൽവേണ്ട സൗകര്യങ്ങളും അദ്ധ്യാപകരും ഇല്ല. പി.ടി.എ. ശക്തമായി പ്രവർത്തിക്കുന്നു. മാതൃസംഗമം ഇല്ല. പി.ടി.എയുടെ ശ്രമഫലമായി അദ്ധ്യയനനിലവാരത്തിൽ ഗുണപരമായ മാറ്റംവരുത്താൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ സ്കൂളുകളിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ഈ പഞ്ചായത്തിലെ സ്കൂളുകളിൽ ഏറ്റവും കൂടുതൽ എസ്.സി, എസ്.ടി. കുട്ടികൾ പഠിക്കുന്നത് ബൈസൺവാലി ഗവൺമെന്റ് സ്കൂളുകളിലാണ്. പട്ടികവർഗവിഭാഗത്തിലെ ആളുകൾ കുട്ടികളെ വിദ്യാഭ്യാസംചെയ്യിക്കുന്നതിൽ വേണ്ടത്ര താൽപര്യമുള്ളവരല്ല. അവരുടെ സാമൂഹ്യസാംസ്കാരികസാഹചര്യങ്ങളാണ് ഇതിനിടയാക്കുന്നത്. പാഠ്യേതരപ്രവർത്തനങ്ങളിൽ അഞ്ചു വർഷങ്ങൾക്കപ്പുറമുണ്ടായിരുന്ന നിലവാരം ഇപ്പോഴില്ല എന്നാണ് സ്കൂൾ അധികൃതരുടെ വിലയിരുത്തൽ. കലാകായികരംഗങ്ങളിൽ വേണ്ടത്ര പരിശീലനസൗകര്യങ്ങൾ സ്കൂളുകളിൽ ഇല്ല. എങ്കിലും ലഭ്യമായ സാഹചര്യങ്ങൾവച്ച് ഉപജില്ലാ ജില്ലാതലങ്ങളിൽ നേട്ടങ്ങളുണ്ടാക്കിയ കുട്ടികളെയും അദ്ധ്യാപകരെയും അഭിനന്ദിക്കാതിരിക്കാൻ കഴിയുന്നില്ല. ശാസ്ത്രമേളകളിൽ കാര്യമായ നേട്ടമുമുണ്ടാക്കാൻ ഇവിടുത്തെ കുട്ടികൾക്കു കഴിയുന്നില്ല. സ്കൂളുകളിൽ വേണ്ടത്ര ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ ഇല്ലാത്തതാണ് ഇതിനു കാരണം. ആകെയുള്ള സ്കൂൾ കുട്ടികളിൽ 46 പേരാണ് 1994-95 ൽ കൊഴിഞ്ഞുപോകലിനു വിധേയമായത്. അതിൽ 14 പേർ SC, ST കുട്ടികളാണ്. സ്കൂൾ ഉച്ചഭക്ഷണപരിപാടിക്ക് 1995-96ൽ പഞ്ചായത്ത് ചെലവഴിച്ചത് 5400 രൂപയാണ്. പഞ്ചായത്തിലെ സ്കൂൾകുട്ടികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബൈസൺവാലി ഗ്രാമപഞ്ചായത്ത് സ്കൂളുകളിലെ കുട്ടികളുടെ വിവരങ്ങൾ സംബന്ധിക്കുന്ന പട്ടിക നോക്കുക.

ഈ പഞ്ചായത്തിൽ ആകെ 9 സ്കൂളുകളും 14 അംഗൻവാടികളുമുണ്ട്. അംഗൻവാടികളിൽ 3 മുതൽ 5 വരെ പ്രായമുള്ള 584 കുട്ടികൾ ഉണ്ട്. അംഗൻവാടികളുടെ ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല. കുട്ടികൾക്ക് മൂത്രപ്പുര, പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ മുതലായവയില്ല. ഈ അംഗൻവാടികൾ വഴി കുട്ടികൾക്കായി അനുപൂരകപോഷകമൂല്യങ്ങൾ കൊടുക്കുന്നുണ്ട്. പഞ്ചായത്തിലുള്ള മൂന്നു പാരലൽ കോളേജുകളിൽ പ്രധാനപ്പെട്ടത് കുഞ്ചിത്തണ്ണിയിൽ പ്രവർത്തിക്കുന്ന ലൂമൻ കോളേജാണ്. ആകെ 17 ജീവനക്കാരും 435 വിദ്യാർഥികളും ഇവിടെയുണ്ട്. എസ്.എസ്.എൽ.സി., പ്രീഡിഗ്രി, ബിരുദാനന്തരബിരുദ കോഴ്സുകൾ ഈ സ്ഥാപനത്തിൽ നടത്തപ്പെടുന്നുണ്ട്. ഈ സ്ഥാപനത്തിനു പുറമേ ബൈസൺവാലിയിൽ പ്രവർത്തി

## അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ

| സ്കൂളുകൾ | അദ്ധ്യാപകർ ആണ് | അദ്ധ്യാപകർ പെണ്ണ് | അദ്ധ്യാപകർ ആകെ | വിദ്യാർത്ഥികൾ ആണ് | വിദ്യാർത്ഥികൾ പെണ്ണ് | വിദ്യാർത്ഥികൾ ആകെ | മറ്റു സൗകര്യങ്ങൾ: കെട്ടിടം വേണ്ടത്ര ഉള്ളവ | കെട്ടിടം വേണ്ടത്ര ഇല്ലാത്തവ | ഫർണിച്ചർ വേണ്ടത്ര ഉള്ളവ | ഫർണിച്ചർ വേണ്ടത്ര ഇല്ലാത്തവ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| H.S | 12 | 7 | 19 | 234 | 245 | 479 | 1 | 1 | 1 | 1 |
| U.P.S | 8 | 13 | 21 | 372 | 308 | 680 | 2 | 1 | 1 | 2 |
| L.R.S | 4 | 6 | 10 | 292 | 261 | 553 | — | 3 | — | 3 |
| Pre-Primary | — | 14 | 14 | 285 | 299 | 584 | — | 14 | — | 14 |
| ആകെ | 24 | 40 | 64 | 1183 | 1113 | 2296 | 3 | 19 | 2 | 20 |

(അവലംബം:- പഞ്ചായത്തു കണക്ക്)

# ബൈസൺവാലി ഗ്രാമപഞ്ചായത്ത് സ്കൂളുകളിലെ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | കുട്ടികൾ | | | മറ്റുള്ളവർ | | | കുട്ടികൾ | | | മറ്റുള്ളവർ | | |
| | ആൺ | പെൺ | ആൺ | പെൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | പെൺ | ആൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| I | 72 | 63 | 135 | 12 | 5 | 17 | — | — | — | — | — | — | 2 | 1 | 3 | — | — | — |
| II | 71 | 71 | 142 | 19 | 15 | 34 | 1 | — | 1 | 4 | 5 | 9 | 2 | 1 | 3 | 1 | — | — |
| III | 78 | 61 | 139 | 18 | 9 | 27 | 2 | 2 | 4 | 4 | — | 4 | 2 | — | 2 | — | — | — |
| IV | 71 | 66 | 137 | 12 | 15 | 27 | 1 | — | 1 | 6 | — | 6 | — | — | — | 2 | — | 2 |
| V | 116 | 108 | 224 | 16 | 8 | 24 | 2 | — | 2 | 9 | 6 | 15 | 1 | — | 1 | — | — | — |
| VI | 126 | 99 | 225 | 13 | 11 | 24 | 3 | 1 | 4 | 13 | 1 | 14 | 2 | 1 | 3 | 1 | — | 1 |
| VII | 130 | 101 | 231 | 5 | 11 | 16 | 1 | 2 | 3 | 22 | 8 | 30 | — | — | — | 2 | 1 | 3 |
| VIII | 94 | 82 | 176 | 5 | 5 | 10 | — | — | — | 12 | 3 | 15 | — | — | — | 10 | 2 | 12 |
| IX | 73 | 89 | 162 | 3 | 4 | 7 | 2 | 1 | 3 | 9 | 9 | 18 | 1 | — | 1 | 3 | 2 | 5 |
| X | 67 | 74 | 141 | 3 | 3 | 6 | — | — | — | — | — | — | 1 | — | 1 | 4 | 4 | 3 |
| ആകെ | 898 | 814 | 1712 | 106 | 86 | 192 | 12 | 6 | 18 | 79 | 32 | 111 | 11 | 3 | 14 | 23 | 9 | 32 |

ക്കുന്ന S.N. കോളജ്, ഫീനിക്സ് അക്കാദമി എന്നിവയാണ് ഇതര കോളജുകൾ. ഈ കോളേജുകളിലായി 40 കുട്ടികൾ ഗവൺമെന്റിൽനിന്നും SC, ST കുട്ടികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന പഠനസഹായത്തിന് അർഹരാണ്. ഉന്നതസാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല. രണ്ടു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടാണ് ആകെയുള്ളത്. അനൗപചാരിക വിദ്യാഭ്യാസപ്രവർത്തനങ്ങളൊന്നും പഞ്ചായത്തിൽ നടക്കുന്നില്ല. സംസ്ഥാന സർക്കാരിന്റെ സാക്ഷരതാപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപുതന്നെ പഞ്ചായത്തിലെ വിവിധ ലൈബ്രറികളിൽ വയോജനപഠനവേദികൾ പ്രവർത്തിച്ചിരുന്നു. സാക്ഷരതാപ്രവർത്തനത്തിന്റെ ഭാഗമായി ദേശീയ വായനശാലയുടെ ആഭിമുഖ്യത്തിൽ പദയാത്ര നടത്തുകയും സർവ്വോദയ വായനശാലയുടെ ആഭിമുഖ്യത്തിൽ നവസാക്ഷരപുസ്തകങ്ങൾ വിതരണംചെയ്യുകയും ചെയ്തു. ഈ പഞ്ചായത്തിൽ ആകെയുള്ള 4 ലൈബ്രറികൾക്ക് ഗ്രന്ഥശാലാസംഘത്തിന്റെ ഗ്രാന്റ് ലഭിക്കുന്നുണ്ട്. ഇവയെ കൂടാതെ പൊട്ടൻകാട്ടിൽ പഞ്ചായത്ത് ലൈബ്രറി പ്രവർത്തിക്കുന്നു. കലാസാംസ്കാരിക കായിക മേഖലകളിൽ പ്രവർത്തിക്കുന്ന ക്ലബുകളുടെ എണ്ണം 9 ആണ്.

## പ്രശ്നങ്ങൾ

1. ബൈസൺവാലി ഗവൺമെന്റ് ഹൈസ്കൂളിൽ പ്രാഥമിക സൗകര്യങ്ങളോ വേണ്ടത്ര ജീവനക്കാരോ കെട്ടിടസൗകര്യമോ ഇല്ല. P.W.D. റോഡിനോടു ചേർന്നു സ്ഥിതിചെയ്യുന്ന ഈ സ്കൂളിന് ചുറ്റുമതിൽ ഇല്ല.

2. പഞ്ചായത്തിലെ മറ്റു സ്കൂളുകളിലും വേണ്ടത്ര അദ്ധ്യാപകരും ലബോറട്ടറി, ലൈബ്രറി, കളിസ്ഥലം, ഓഡിറ്റോറിയം മുതലായ സൗകര്യങ്ങളും ഇല്ല.

3. പൊട്ടൻകാട്ടിൽ പ്രവർത്തിക്കുന്ന എൽ.പി.സ്കൂളിന് അംഗീകാരമില്ല.

4. അദ്ധ്യാപകർക്ക റഫറൻസ് ബുക്കുകൾ, കാർട്ടേഴ്സ് സൗകര്യങ്ങൾ ടീച്ചിംഗ് സഹായികൾ എന്നിവ ഇല്ല.

5. നിർദ്ധന വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങളും മറ്റും ലഭ്യമല്ല.

6. പി.ടി.എ., മാതൃസംഗമം എന്നിവ സ്കൂളുകളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

7. ട്രൈബൽ മേഖലകളിൽ പ്രത്യേക സ്കൂളുകൾ ഇല്ല.

8. അംഗൻവാടികളിലെ സൗകര്യങ്ങൾ അപര്യാപ്തമാണ്.

9. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇല്ല.

## സാദ്ധ്യതകൾ പരിഹാരമാർഗങ്ങൾ

1. സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങൾ, അദ്ധ്യാപകർക്ക് വേണ്ട താമസസൗകര്യങ്ങൾ, കളിസ്ഥലം, ലൈബ്രറി, ലബോറട്ടറി തുടങ്ങിയവ സ്ഥാപിക്കുക.

2. റോഡിനോടു ചേർന്നുള്ള സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടുക.

3. ട്രൈബൽ മേഖലയിലെ വിദ്യാർഥികളുടെ വിദ്യാഭ്യാസ ലക്ഷ്യമാക്കി 18 ഏക്കർ ഭാഗത്ത് ഒരു ട്രൈബൽ സ്കൂൾ സ്ഥാപിക്കുക.

4. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

5. പി.ടി.എ., മാതൃസംഗമം എന്നിവ കാര്യക്ഷമമാക്കുക.

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമപ്രവർത്തനരംഗത്ത് നമ്മുടെ സംസ്ഥാനം മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്.

ബൈസൺവാലി പഞ്ചായത്തിലും ഈ രംഗത്ത് ഏറെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പഞ്ചായത്തിൽ I.R.D.P. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1016 ആണ്. ഇതിൽ 165 പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾ ഉൾപ്പെടുന്നു. I.R.D.P. പദ്ധതിപ്രകാരം ധനസഹായം ലഭിച്ച കുടുംബങ്ങൾ, 106 SC/ST കുടുംബങ്ങൾ ഉൾപ്പെടെ 212 എണ്ണമാണ്. ധനസഹായം വഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയിട്ടുള്ള കുടുംബങ്ങൾ 167 ആണ്. ഈ കണക്കുകൾ പൂർണ്ണമാണെന്നു കരുതാനാവില്ല. ട്രൈസം തൊഴിൽ പരിശീലനം നേടിയിട്ടുള്ളവർ 52 പേർ മാത്രമാണ്. ഇതിൽ എട്ടുപേർ സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുമ്പോൾ 44 പേർ ഇതരതൊഴിൽ രംഗങ്ങളിലാണ്. 1995–96 ൽ D.W.C.R.A പ്രകാരം 5 ഡയറി യൂണിറ്റുകൾക്ക് ഗ്രാമവികസന വകുപ്പിൽ നിന്ന് ധനസഹായം നൽകിയിട്ടുണ്ട്. IRDP സർവ്വേ അനുസരിച്ച് വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 430 ആണ്. ഇതിൽ വിവിധ പരിപാടികളിലായി 225 വീടുകൾ അനുവദിച്ച് പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. തൊഴിലാളി പെൻഷൻ, വികലാംഗപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നിവ പൂർണ്ണമായി ഈ പഞ്ചായത്തിൽ നൽകപ്പെടുന്നില്ല എന്നു കാണുന്നു. ആവശ്യമായ അപേക്ഷകൾ വേണ്ട രീതിയിൽ നൽകുന്നതിന് ആളുകളുടെ അറവില്ലായ്മ തടസ്സമായി തീർന്നിട്ടുണ്ട്. ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു സൂചന നൽകുന്നത്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള മഹിളാ സമാജങ്ങളിൽ ബൈസൺവാലി SNDP മഹിളാ സമാജം മാത്രമാണ് സാമാന്യമായി പ്രവർത്തിക്കുന്നത്. IRDP സർവ്വേ അനുസരിച്ച് ആകെയുള്ള തൊണ്ണൂറ്റിയാറ് ഗ്രാമീണ കൈത്തൊഴിലുകാരിൽ 54 പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. ഇനിയും 42 പേർ ഇതിന് അർഹരായിട്ടുണ്ട്. ഇവരിൽ പുതിയ സംരംഭങ്ങളിൽ ഏർപ്പെട്ടവരുടെ അവസ്ഥ കാര്യമായി മെച്ചപ്പെട്ടിട്ടില്ല. വികലാംഗരെ സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല. അംഗൻവാടി കണക്കനുസരിച്ച് അഞ്ചു വയസിനു താഴെയുള്ള 1415 കുട്ടികളാണുള്ളത്. എല്ലാവർക്കും യഥാസമയം പ്രതിരോധ കുത്തിവയ്പ്പുകൾ ലഭിക്കുന്നുണ്ട്. 914 കുട്ടികൾക്ക് അനുപൂരക പോഷകാഹാരം ലഭിക്കുന്നു. 100 അമ്മമാർക്കും പോഷകാഹാരം ലഭിക്കുന്നുണ്ട്. അഞ്ചുവയസിൽ താഴെയുള്ള കുട്ടികളുടെ വിവരം ചുവടെ ചേർക്കുന്നു.

| കുട്ടികളുടെ പ്രായം | എണ്ണം |
|---|---|
| ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | 355 |
| 1–2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 226 |
| 2–3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 250 |
| 3–5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 584 |

## പ്രശ്നങ്ങൾ

1. അംഗൻവാടികളിലെ സൗകര്യങ്ങളുടെ അപര്യാപ്തത.
2. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉച്ചഭക്ഷണം, വൈദ്യപരിശോധന, പ്രതിരോധകുത്തിവയ്പു സമ്പ്രദായം എന്നിവ കാര്യക്ഷമമല്ല.
3. വിവിധ സഹായക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കുള്ള അറിവില്ലായ്മ.
4. ട്രൈസം തൊഴിൽ പരിശീലനം വേണ്ടത്ര ആളുകൾക്ക് ലഭ്യമാവുന്നില്ല.
5. ആരോഗ്യബോധന പരിപാടികൾ നടക്കാറില്ല.
6. പഞ്ചായത്തിൽ പൊതു ശ്മശാനമില്ല.
7. ക്ഷേമപരിപാടികളുടെ നടത്തിപ്പിലെ സങ്കീർണ്ണത.

## സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും

1. സാമൂഹ്യക്ഷേമ, ദാരിദ്ര നിർമ്മാർജന പദ്ധതികൾ ജനോപകാരപ്രദമായ രീതിയിൽ പരിഷ്കരിക്കുക.
2. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണമുണ്ടായിരിക്കുക.
3. അംഗൻവാടി ജീവനക്കാരെ ഗവൺമെന്റ് ജീവനക്കാരായി അംഗീകരിക്കുക.
4. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് അറിവു കൊടുക്കാൻ ഒരു ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സെന്റർ പ്രവർത്തിപ്പിക്കുക.
5. പഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കുക.
6. അഗതികളുടെ പുനരധിവാസത്തിന് ഒരു സ്ഥാപനം പഞ്ചായത്തിലുണ്ടാവണം.
7. സാമൂഹ്യക്ഷേമ പദ്ധതികളെ കണ്ടെത്താനായി ജനകീയ കമ്മിറ്റി രൂപീകരിക്കുക.

# സംസ്കാരം

സംസ്കാര വൈവിദ്ധ്യത്തിന്റെ നാടാണ് ബൈസൺവാലി ഗ്രാമപഞ്ചായത്ത്. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നും തമിഴ്നാടിന്റെ പല ഭാഗങ്ങളിൽ നിന്നുമുള്ള ആളുകൾ ഇവിടെ കുടിയേറി പാർക്കുന്നുണ്ട്. ഹിന്ദുക്കളും ക്രിസ്ത്യാനികളും അവരിലെ അവാന്തര വിഭാഗങ്ങളുമാണ് ബഹുഭൂരിപക്ഷം ആളുകളും. മുസ്ലീം സമുദായാംഗങ്ങൾ നാമമാത്രമാണ്. വിവിധ വിഭാഗങ്ങളുടെ ഉത്സവങ്ങൾ പെരുന്നാളുകൾ തുടങ്ങിയവ പരസ്പര സഹകരണത്തോടെ നടത്തിവരുന്നു. ബൈസൺവാലി സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ കുംഭപ്പൂയമഹോത്സവം, ടീ കമ്പനി, ഇരുട്ടള മരിയമ്മൻ കോവിലുകളിലെ ഉത്സവങ്ങൾ, മുരുകൻകോവിൽ ഉത്സവം വിവിധ പള്ളികളിലെ തിരുനാളുകൾ എന്നിവ ആണ്ടുതോറും നടത്തപ്പെടുന്നു. പഞ്ചായത്ത് ആസ്ഥാനത്ത് 1994 ൽ സ്ഥാപിതമായ സാംസ്കാരിക നിലയവും ലൈബ്രറിയും നല്ല നിലയിൽ പ്രവർതതിക്കുന്നു. പഞ്ചായത്തിൽ 4 വായനശാലകൾ ഗ്രന്ഥശാലാ സംഘത്തിന്റെ ഗ്രാന്റ് ലഭിക്കുന്നതായി ഉണ്ട്. ഒൻപത് ക്ലബുകൾ പ്രവർത്തിക്കുന്നു. വായനശാലകളിൽ കൂടുതൽ പുസ്തകങ്ങളും നോവലുകളാണ്. പൊട്ടൻകാട് ദേശീയ വായനശാലയിലും ഇരുപതേക്കർ സർവ്വോദയ വായനശാലയിലും റഫറൻസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ ഏറ്റവും പ്രചാരമുള്ള പത്രങ്ങൾ മലയാള മനോരമയും ദീപികയുമാണ്. മാതൃഭൂമി, കേരള കൗമുദി, മംഗളം, ദേശാഭിമാനി എന്നിവയും പ്രചാരത്തിലുണ്ട്. ഭൂരിപക്ഷം ജനങ്ങളും പത്രം വായിക്കുന്നവരാണ്. മലയാള മനോരമ, രാഷ്ട്ര ദീപിക, മംഗളം, കലാകൗമുദി, മാതൃഭൂമി തുടങ്ങിയ വാരികകളും പ്രചാരത്തിലുണ്ട്. മുല്ലക്കാനത്തു പ്രവർത്തിക്കുന്ന കലാസാരഥി എന്ന കലാ സമിതിയിൽ വനിതകളുൾപ്പടെയുള്ള കലാകാരൻമാർ പ്രവർത്തിക്കുന്നു. ഉദ്ദേശം 200 വീടുകളിൽ T.V ഉണ്ട്. കേബിൾ ടി.വി.യും പ്രചാരത്തിലായിരിക്കുന്നു. ബൈസൺവാലിയിൽ 'വേലായുധാ ടാക്കീസ്' എന്ന പേരിൽ ഒരു സിനിമാ തിയേറ്റർ പ്രവർത്തിക്കുന്നു. കായികപരിശീലന സൗകര്യങ്ങൾ നന്നേ കുറവാണ്.

## പ്രശ്നങ്ങൾ

1. സാംസ്കാരിക നിലയത്തിലെ പ്രവർത്തനത്തിന്റെ അപര്യാപ്തത.

2. വായനശാലകൾക്കുള്ള ഗ്രാന്റ് അപര്യാപ്തമാണ്.

3. വായനശാലകളിൽ സ്ത്രീകളുടെയും പിന്നോക്ക വിഭാഗങ്ങളുടെയും പങ്കാളിത്തമില്ല.

4. എല്ലാ വാർഡുകളിലും വായനശാലകൾ ഇല്ല.

5. കായിക-വിനോദ സൗകര്യങ്ങളുടെ കുറവ്.

6. ക്ലബുകൾക്കും കലാസമിതികൾക്കും ആവശ്യമായ പ്രവർത്തനഫണ്ട് ഇല്ല.

7. ആദിവാസികളുടെയും മറ്റും പരമ്പരാഗത കലാരൂപങ്ങൾ നിലനിർത്തുവാനുള്ള യാതൊരു സംവിധാനവുമില്ല.

## സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും

1. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സെന്റർ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

2. സാംസ്കാരിക നിലയത്തിന്റെ ആഭിമുഖ്യത്തിൽ സെമിനാറുകൾ വിജ്ഞാന ഉത്സവങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

3. വായനാശീലം വർദ്ധിപ്പിക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമുള്ള ബോധവത്ക്കരണ പദ്ധതികൾ ആവിഷ്ക്കരിക്കുക.

4. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വായനശാലകൾ സ്ഥാപിക്കുകയും വായനശാലകൾക്കുള്ള ഗ്രാന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കുകയും ചെയ്യുക.

5. പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ ടി.വി സെറ്റ് സ്ഥാപിക്കുക.

6. കായിക പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കു.

7. കലാ സാഹിത്യസമിതികൾക്ക് ഗ്രാന്റും മറ്റ് പ്രോത്സാഹനങ്ങളും നൽകുക.

8. ആദിവാസികളുടെയും മറ്റും പരമ്പരാഗത കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് പഞ്ചായത്ത് രൂപം നൽകണം.

## പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

ഈ പഞ്ചായത്തിൽ പട്ടികജാതിയിൽ 440 പുരുഷന്മാരും 417 സ്ത്രീകളും, പട്ടികവർഗ്ഗത്തിൽ 302 പുരുഷന്മാരും 256 സ്ത്രീകളുമുണ്ട്. മൂന്നു പട്ടികജാതികോളനികളിലായി 10[illegible] കുടുംബങ്ങളാണുള്ളത്. നാല് പട്ടികവർഗകോളനികളിൽ 179 കുടുംബങ്ങൾ താമസിക്കുന്നു. കോളനികളിലല്ലാതെ വിവിധ ഭാഗങ്ങളിലായി ഉദ്ദേശം 50 കുടുംബങ്ങളും നാല്ലക്ഷം വീടുകോളനികളിലായി 63 കുടുംബങ്ങളും താമസിക്കുന്നുണ്ട്. 1991-ലെ സെൻസസ് പ്രകാരം പട്ടികജാതി പട്ടികവർഗക്കാർ ജനസംഖ്യയുടെ 10.7 ശതമാനമാണ് നാലു സെന്റ് കോളനികൾക്കായി ഉപ്പാർ, കുരങ്ങുപാറ, ഇരുപതേക്കർ, ബൈസൺവാലി എന്നിവിടങ്ങളിൽ സ്ഥലം അനുവദിക്കപ്പെട്ടിട്ടുണ്ട്. ആറാം വാർഡിലുള്ള ലക്ഷം വീടുകോളനിയിൽ എട്ടു വീടുകളുണ്ട്. ഈ കോളനിയിൽ കുടിവെള്ളം, വൈദ്യുതി, കക്കൂസ് തുടങ്ങിയ പ്രാഥമികസൗകര്യങ്ങൾ ഒന്നും തന്നെയില്ല. പട്ടികജാതി വിഭാഗത്തിൽപെട്ട ഒരു ഡോക്ടർ ഈ പഞ്ചായത്തിൽ നിന്നുണ്ട് പട്ടികജാതി പട്ടിവർഗവിഭാഗത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള കുറെയാളുകൾ ഉണ്ട്. നിലവിലുള്ള ഏഴ് കോളനികളിൽ മൂന്നാം വാർഡിലെ എട്ടൂർ കോളനിയിൽ മാത്രമാണ് ഭാഗികമായി കുടിവെള്ള സൗകര്യമുള്ളത്. ആറു കോളനികളും കുടിവെള്ളം, യാത്രാസൗകര്യം, വൈദ്യുതി, കക്കൂസ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്തവയാണ്. ചൊക്രമുടിക്കുടി കോമാളിക്കുടി എന്നീ കോളനികളിൽ വൈദ്യുതി എത്തിച്ച് വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കാര്യമായി വീടുകൾക്ക് വൈദ്യുതികണക്ഷൻ നല്കിയിട്ടില്ല. പട്ടികവർഗ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.



ചൊക്രമുടികുടി ആദിവാസി കോളനിയുടെ ഒരു ദൃശ്യം.

## ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർ നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യ ബിൽ വൈദ്യുതി ഉപോയോഗിച്ചവരുടെ എണ്ണം | പണം നൽകി വൈദ്യുതി ഉപയോഗിച്ചവരുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| III | റ്റീ കമ്പനി എട്ടൂർ കോളനി | 39 | 8 | 31 |
| IV | ഇരുപതേക്കർ ഗിരിജൻ കോളനി | - | | - |
| VII | ചൊക്രമുടി ഗിരിജൻ കോളനി | 10 | - | 10 |
| VIII | കോമാളിക്കുടി കണക്കൻകുടി ഗിരിജൻ കോളനി | 5 | - | 5 |

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ 192 കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് ലഭിക്കുന്നതായിട്ടാണ് കണക്ക്. ഇതുസംബന്ധിച്ച് ചാർട്ട് താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെരിറ്റ് സ്കോളർഷിപ്പ് | ലംപ്സം ഗ്രാന്റ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡിതൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ഗവ. ഹൈസ്കൂൾ ബൈസൺവാലി | - | 106 | - | - | - | - | - | - |
| 2 | സെർവിന്ത്യാ എൽപിഎസ് പൊട്ടൻകാട് | - | 48 | - | - | - | - | - | - |
| 3 | സെന്റ്.ജോസഫ്സ് യു.പി.എസ്. ജോസ്ഗിരി | - | 69 | - | 2 | - | - | - | - |
| 4 | എസ്.എസ്.എച്ച്.എസ്. പൊട്ടൻകാട് | - | 78 | - | 1 | - | - | - | 5 |

ഈ വിഭാഗത്തിൽപ്പെട്ടകുട്ടികൾ തോറ്റുപഠിക്കുന്നവർ 18-ഉം 10-ാം ക്ലാസുവരെ പൂർത്തിയാക്കാത്തവർ 14-ഉം ആണ്. വിദ്യാഭ്യാസത്തെ പരാമർശിക്കുന്ന അദ്ധ്യായത്തിൽ കണക്കുകൾ കൊടുത്തിരിക്കുന്നതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല. കലാകായികരംഗങ്ങളിൽ ഈ മേഖലയിലെ കുട്ടികളെ പരിപോഷിപ്പിക്കാനുതകുന്ന പദ്ധതികൾ ഇല്ല. തൊഴിൽ മേഖലയിൽ 50 ശതമാനത്തോളം പേരുംതോട്ടം മേഖലയിൽ പണി ചെയ്യുന്നു. പട്ടികവർഗക്കാർശേഖരിക്കുന്ന വനവിഭവങ്ങൾ നല്ല വിലയ്ക്കു വിറ്റഴിക്കുന്നതിനുള്ള സൗകര്യങ്ങളില്ല. ആരോഗ്യ ശുചിത്വരംഗങ്ങളിലും ഇവരുടെ നില മെച്ചമല്ല. പോഷകാഹാരക്കുറവും സംരക്ഷണനടപടികളുടെ അപര്യാപ്തതയും ഇവർക്കിടയിൽ വലിയ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പാർപ്പിട നിർമാണത്തിന് ഗവണ്മെന്റ് നല്കുന്ന ധനസഹായം ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ല. കൂടുതൽ ആളുകളും കൂടിലുകളിലാണ് താമസിക്കുന്നത്. സാംസ്കാരികരംഗത്ത് കാര്യമായ മുന്നേറ്റം ഇവർക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ നേതൃനിരകളിൽ പട്ടികജാതി പട്ടികവർഗക്കാരുടെ എണ്ണം കാര്യമായില്ല. പട്ടികവർഗിവിഭാഗത്തിൽപ്പെട്ടവർ 50 സെന്റിനു താഴെ ഭൂമി കൈവശമുള്ളവരാണ് ഇപ്പോൾ കൂടുതലും IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾ 165-ആണ്. ഉപ്പാർവിരിപ്പിൽ ഒരു പട്ടികജാതി കോളനി അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി ഏറെ വർഷങ്ങളായി നടത്തുന്നശ്രമം ഫലവത്താവാത്തതിൽ ആളുകൾ വളരെ അസംതൃപ്തരാണ്.

### പ്രശ്നങ്ങൾ

1. പട്ടികജാതി പട്ടികവർഗകോളനികളിൽ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തമാണ്.
2. പ്രകൃതിക്ഷോഭം തുടങ്ങിയ പ്രതികൂലസാഹചര്യങ്ങളിൽ ഇവർ ദാരിദ്ര്യം അനുഭവിക്കുന്നു.
3. ആരോഗ്യശുചിത്വ പരിപാലനത്തിനു വേണ്ട സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്.
4. കലാസാംസ്കാരിക ഉന്നമനത്തിനുവേണ്ട സൗകര്യങ്ങൾ ഒന്നുമില്ല.
5. പരമ്പരാഗതതൊഴിലുകൾ സംരക്ഷിക്കുന്നതിനോ വിപണി സൗകര്യം നല്കുന്നതിനോ ശ്രമങ്ങളൊന്നുമില്ല.
6. കോളനികളിലോ ബന്ധിച്ച് പൊതുശ്മശാനങ്ങളില്ല.
7. നിരക്ഷരതാനിർമാമർജ്ജനത്തിനും വിദ്യാഭ്യാസത്തിനുമുള്ള സംവിധാനങ്ങൾ ഇല്ല.
8. ടീ കമ്പനിയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ പ്രവർത്തനം അപര്യാപ്തമാണ്.

### സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും

1. കോളനികളിൽ ശുദ്ധജലം, പാർപ്പിടം, കക്കൂസ്, ഗതാഗതം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
2. ദാരിദ്ര്യ സാഹചര്യങ്ങളിൽ സൗജന്യ റേഷൻ വിതരണത്തിന് സൗകര്യമുണ്ടാക്കുക.
3. ബൈസൺവാലിയിലെ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, പകർച്ചവ്യാധികൾ ഉണ്ടാവുമ്പോൾ അടിയന്തിര വൈദ്യസഹായം എത്തിച്ചുകൊടുക്കുകയും വേണം. ബോധവത്കരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കണം.
4. പാരമ്പര്യകലകളും പരമ്പരാഗത തൊഴിലുകളും രക്ഷിച്ച് നിലനിർത്താൻ സംവിധാനമുണ്ടാക്കുക.
5. പൊതു ശ്മശാനം സ്ഥാപിക്കുക.
6. തുടർസാക്ഷരതാ സംവിധാനംഏർപ്പെടുത്തുക. വിദ്യാഭ്യാസ പ്രോത്സാഹനത്തിന് ധനസഹായം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുക.
7. തമിഴ്മീഡിയം ട്രൈബൽസ്കൂൾ സ്ഥാപിക്കുക.
8. മൃഗാശുപത്രിയിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെ

ടുത്തി പട്ടികജാതി പട്ടികവർഗക്കാരുടെ മൃഗപരിപാലനപദ്ധതികൾക്ക് പ്രോത്സാഹനം നല്കുക.

## വിഭവസമാഹരണം

ഉല്പാദനപ്രക്രിയയിൽ ഉപയുക്തമായ ഏതിനെയും എതിനെയും വിഭവം എന്നു വിളിക്കാം. അങ്ങനെ നോക്കുമ്പോൾ മണ്ണ്, കൃഷി, കാർഷികോല്പന്നങ്ങൾ, പ്രകൃതിസമ്പത്ത്, ധനം, കായികശേഷി, ബുദ്ധിശക്തി, വിദ്യാഭ്യാസം ഭാവന എന്നിങ്ങനെ പോവുന്നു വിഭവങ്ങളുടെ പട്ടിക. ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ലഭ്യമാക്കാവുന്ന വിഭവം മനുഷ്യവിഭവശേഷിയാണ്. നിർമാണ പ്രവർത്തനങ്ങളിലും മറ്റും ഈ വിഭവം ഗണ്യമായി പ്രയോജനപ്പെടുത്താവുന്നതാണ്. പഞ്ചായത്തിലെ പ്രധാനവരുമാനമാർഗ്ഗമായ കൃഷിയുടെ വളർച്ചയും പുരോഗതിയും കൈവരിക്കാതെ നേട്ടങ്ങളെപ്പറ്റി ചിന്തിക്കാനാവില്ല. പഞ്ചായത്തിൽ രണ്ടുധനകാര്യസ്ഥാപനങ്ങൾ, എസ്.ബി.ടി.-യുടെ പൊട്ടൻകാട് ശാഖയും, പൊട്ടൻകാട് സർവീസ് സഹകരണബാങ്കും അതിന്റെ മൂന്നു ശാഖകളുമാണ്. കുറഞ്ഞ ശതമാനം മാത്രമേ റീ ഇൻവസ്റ്റ്മെന്റിന് പ്രയോജനപ്പെടുന്നുള്ളൂ. കൂടുതൽ ഭാഗവും പ്രായേണ വികസിതവും സ്വാധീനശക്തിയേറിയതുമായ പട്ടണപ്രദേശങ്ങളിലേക്കു പോവുന്നു. ഈ അവസ്ഥയ്ക്കു മാറ്റമുണ്ടാവത്തക്കവിധം റീ ഇൻവെസ്റ്റ്മെന്റ് റേഷ്യോയിൽ മാറ്റം വരുത്താനുള്ള നിയമനിർമാണം ഉണ്ടാവണം. വിദേശ ഇന്ത്യക്കാരായി ഈ പഞ്ചായത്തിൽ നിന്നും എൺപതോളം പേർ ഉണ്ടെന്നാണ് കണക്ക്. എന്നാൽ പത്യുത്പാദനപരമായ മേഖലകളിൽ പഞ്ചായത്തുതല നിക്ഷേപത്തിന് ഇവർ തയ്യാറാവുന്നില്ല എന്നുള്ളത് ഖേദകരമാണ്.

അവികസിതമായ ഈ പഞ്ചായത്തിന്റെ വിഭവസമാഹരണശേഷി താരതമ്യേന കുറവാണ്. കഴിഞ്ഞഅഞ്ചുവർഷക്കാലത്തെ പഞ്ചായത്തിന്റെ വരവു ചെലവുസംബന്ധിച്ച് താഴെ കൊടുക്കുന്ന പട്ടിക ഈ കാര്യം വ്യക്തമാക്കുന്നു.

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പണം മുടക്കിയിരിക്കുന്നത് റോഡു നിർമാണത്തിനാണ് എങ്കിലും റോഡ് ഇന്നും അപര്യാപ്തം തന്നെ. ബഹുജനപങ്കാളിത്തം പരമാവധി ഉറപ്പാക്കികൊണ്ട് മാത്രമേ ഈ രംഗത്ത് പഞ്ചായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനാവൂ. പ്രാദേശികമായ മനുഷ്യവിഭവശേഷിയെപ്പറ്റിയും മറ്റുവിഭവസാദ്ധ്യതകളെ പ്പറ്റിയും സമഗ്രവും ശാസ്ത്രീയവുമായ പഠനമുണ്ടാകണം. വിഭവങ്ങളെ വികസനരംഗത്ത് കൂട്ടിയിണക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം. സഹകരണ മേഖലയെ സജീവമാക്കി വിഭവ സമാ

| ക്രമ നമ്പർ | വരവ് ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1 | കെട്ടിടനികുതി | 87254 | 81029 | 108150 | 146188 | 111361 |
| 2 | തൊഴിൽ | 78620 | 75515 | 75855 | 101365 | 87860 |
| 3 | വസ്തുകൈമാറ്റനികുതി | 83640 | 51398 | 69820 | 49578 | 18902 |
| 4 | പി.എഫ്.എ | 1110 | 1202 | 1096 | 1112 | 1162 |
| 5 | വിനോദനികുതികൾ | 5495 | 6784 | 6559 | 7626 | 9830 |
| 6 | മണൽലേലം | 9290 | 12020 | 12300 | 8675 | 17325 |
| 7 | ലൈസൻസ് ഫീ | 3441 | 3674 | 3474 | 3473 | 3881 |
| 8 | അടിസ്ഥാന നികുതി 75% | 21283 | 21280 | 21282 | 24945 | 25792 |
| 9 | വി.ആർ.എം. ഗ്രാന്റ് | 54358 | 29974 | 26278 | 26085 | 25737 |
| 10 | എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് | 42910 | 43125 | 48418 | 142409 | 130874 |
| 11 | വി.ടി.സി | 24002 | 47491 | - | - | 200871 |
| 12 | യു.ടി.എഫ് | 209600 | 218390 | 220880 | 315920 | 292250 |
| 13 | ലൈബ്രറിസെസ് | - | - | - | - | 5648 |
| 14 | പലവക | 34400.30 | 17834.38 | 14161.90 | 29754.65 | 224948.14 |
| 15 | ആകെ | 655413.30 | 609816.38 | 608273.90 | 857131.65 | 1156441.14 |
| അവലംബം:- പഞ്ചായത്തുവരവു ചെലവുകണക്ക് | | | | | | |

| ക്രമ നമ്പർ | ഇനം | 1991 - 92 | 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|---|---|---|
| 1 | ഭരണച്ചെലവ് | 209497 | 205364 | 310388 | 350211 | 368758 |
| 2 | റോഡു സംരക്ഷണം | 23015 | 9767 | 8215 | 47206 | 101373 |
| 3 | വൈദ്യുതി | 14856 | 14856 | 19250 | 16884 | 16884 |
| 4. | യു.ടി.എഫ് ചെലവ് | 144492 | 367045.5 | 380677.5 | 265806 | 336167 |
| 5 | പൊതുജനാരോഗ്യം | 8297 | 9560 | 14233 | 14393 | 7156 |
| 6 | കുടിവെള്ളപദ്ധതി | 1328 | 7901 | 4467 | 6757 | 9315 |
| 7 | മറ്റുള്ളവ | 117921.1 | 56984 | 9684.6 | 64084.75 | 72145 |
| 8 | ആകെ | 519406.1 | 671477.5 | 746905.1 | 765351.75 | 911798 |

## ജെ.ആർ.വൈ

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1989-90 | 420000 | 119965 |
| 1990-91 | 123937 | 423873 |
| 1991-92 | 135615 | 134717 |
| 1992-93 | 192084 | 104394 |
| 1993-94 | 471284 | 552043 |
| 1994-95 | 236252 | 273350 |
| 1995-96 | 260226 | 171430 |

(അവലംബം:- പഞ്ചായത്ത് വരവുചെലവ് കണക്ക്)

ഹരണത്തിനും വിനിയോഗത്തിനുമുള്ള സംവിധാനക്രമം ഉണ്ടാകണം. പഞ്ചായത്തിന്റെ ഭൂപ്രകൃതി, വിഭവപരിമിതി എന്നിവ പരിഗണിച്ച് ഗവൺമെന്റുതലത്തിൽ നിന്ന് കൂടുതൽ സഹായ പദ്ധതികൾ ആവിഷ്കരിക്കണം.

ജനങ്ങളുടെ നികുതിദാനശേഷി വർദ്ധിപ്പിക്കുന്നവിധം വികസനപദ്ധതികൾ ആവിഷ്കരിക്കുകയും അങ്ങനെ നികുതിവരുമാനം വർദ്ധിപ്പിക്കുകയും പഞ്ചായത്തിലെ മാനമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിലൂടെ മാത്രമേ കൂടുതൽ വിഭവസമാഹരണം സാദ്ധ്യമാവൂ. വ്യവസായ മേഖലയുടെ ത്വരിത വളർച്ചനേടുകയെന്നുള്ളത് വിഭവസമാഹരണത്തിന് അനിവാര്യമാണ്.


## ഉപസംഹാരം

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ഇവിടെ പൂർണമാവുന്നില്ല. ഈ വികസനസെമിനാറിൽ വിവിധ വികസനതുറകളെക്കുറിച്ച് സമഗ്രമായ ചർച്ചയുണ്ടാകും എന്നതിൽ സംശയമില്ല. ചർച്ചകളുടെ അടിസ്ഥാനത്തിലുണ്ടാകുന്ന റിപ്പോർട്ടുകൾകൂടി ഇതോടൊപ്പം ചേർക്കപ്പെടുമ്പോഴാണ് പൂർണതിയിലെത്തുന്നത്. വിദഗ്ധന്മാരുടെ സേവനത്തോടെയല്ല നമ്മുടെ വികസനറിപ്പോർട്ട് തയാറാക്കിയിട്ടുള്ളത്. വീഴ്ചകളും കുറവുകളും കണ്ടേക്കാം തിരുത്താനും സമഗ്രമാക്കാനുമുള്ള ചർച്ചയിൽ എല്ലാവരുടെയും സജീവശ്രദ്ധയും പങ്കാളിത്തവും പ്രത്യേകം അഭ്യർത്ഥിച്ചുകൊള്ളട്ടെ.

സാഹസികമായ കുടയേറ്റത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഒരു ചരിത്രം നമുക്കുണ്ട്. വനഭൂമിയെ വിളഭൂമിയാക്കി നാടിന്റെ സമ്പദ്ഘടനയെ പരിപോഷിപ്പിച്ചവരാണ് നമ്മുടെ മുൻതലമുറക്കാർ. അധികാരികളുടെ അവഗണനമാത്രമല്ല അടിച്ചിറക്കലിന്റെ ഭീഷണികളെയും നേരിട്ടകഥകൾ നമ്മുടെ ചരിത്രത്തിന്റെ ഭാഗമാണ്. ജനകീയ മുന്നേറ്റങ്ങൾ നിരവധിയാണ്. കൂട്ടായ്മയിലൂടെയാണ് നമ്മൾ നേട്ടങ്ങളുണ്ടാക്കിയത്. വികസനത്തിന്റെ അപര്യാപ്തതയും, കാർഷികമേഖലയുടെ തകർച്ചയും നമ്മെ പിന്നോട്ടടിച്ചിട്ടുണ്ട്. എങ്കിലും അദ്ധ്വാനശേഷിയുള്ള മനുഷ്യരും, ശരിയായ നേതൃത്വവും, ആവശ്യമായ ആസൂത്രണവും ഒത്തിണങ്ങിയാൽ മുന്നേറ്റമുണ്ടാക്കാൻ കഴിയുമെന്ന പ്രത്യാശയാണ് നമ്മുടെ ചുരുങ്ങിയ ചരിത്രാവലോകനത്തിലൂടെ സൃഷ്ടിക്കപ്പെടുന്നത്.

പ്രാഥമിക, ദ്വിതീയ,സേവന മേഖലകളിലായി കൃഷിയും ജലസേചനവും, മൃഗസംരക്ഷണം, മത്സ്യകൃഷി, സാമൂഹ്യവനവൽക്കരണം, വ്യവസായം, ഊർജം, ഗതാഗതം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, വിദ്യാഭ്യാസം, സംസ്കാരം, പട്ടിക്ജാതി, പട്ടികവർഗക്ഷേമം, സാമൂഹ്യക്ഷേമം, വനിതാക്ഷേമം, സഹകരണമേഖല, വിഭവസമാഹരണം എന്നീ വികസനതുറകളെക്കുറിച്ച് സാമാന്യമായ വിശകലനങ്ങളും, കണ്ടെത്തലുകളും, നിർദ്ദേശങ്ങളും നമ്മുടെ റിപ്പോർട്ടിലുണ്ട്. കർഷകപ്രധാനമായ ഈ ഗ്രാമം കാർഷികമേഖലയുടെ തകർച്ചയെ ഭയാശങ്കകളോടെയാണ് വീക്ഷിക്കുന്നത്. ഉല്പാദനക്കുറവും ഉല്പാദനക്ഷമതയുടെ തകർച്ചയും ഉല്പാദനച്ചെലവു വർദ്ധനവും, അസ്ഥിരമായ വിലയും, ഗതാഗതവിപണനസൗകര്യങ്ങളുടെ അപര്യാപ്തതയുമെല്ലാം കർഷകന്റെ നട്ടെല്ലൊടിക്കുന്നു. ഉല്പാദനവർദ്ധനവിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ചും, വിപണനസൗകര്യങ്ങൾ ഉൾപ്പെടെയുള്ള രംഗങ്ങൾ പോഷിപ്പിച്ചും, നൂതനകൃഷി മേഖലകൾ കണ്ടെത്തിയും, കൂട്ടായ്മയുടെ പ്രവർത്തനമാവിഷ്കരിച്ചും ഈ മേഖലയെ കൂടുതൽ ശോഭനമാക്കാൻ നമ്മുക്കു കഴിയുമെന്നു നമുക്ക് പ്രത്യാശിക്കാം. മൃഗസംരക്ഷണവും, മത്സ്യകൃഷിയും, സാമൂഹ്യവനവത്കരണപ്രവർത്തനവും, ശാസ്ത്രീയസാമ്പത്തികഭദ്രതയും കൂടുതൽ തൊഴിലവസരങ്ങളുടെ സൃഷ്ടിയും സാദ്ധ്യമായേക്കാം.


വ്യവസായവത്കരണവും, വികസനവും, പര്യായപദങ്ങൾപോലെ പരിഗണിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ വ്യവസായികരംഗം വളർത്തികൊണ്ടുമാത്രമേ നമുക്കു മുന്നേറ്റമുണ്ടാക്കാനാവുകയുള്ളു. ബഹുമാനപ്പെട്ട ഗവൺമെന്റും, വകുപ്പുദ്യോഗസ്ഥരും, ജനപ്രതിനിധികളും, ധനകാര്യസ്ഥാപനങ്ങളും, സ്വകാര്യ നിക്ഷേപകരും, സഹകരണമേഖലയും ഇവിടെ സമന്വയിക്കപ്പെടണം. ഗതാഗത വികസനം, ഊർജരംഗത്തെ വളർച്ച എന്നിവയ്ക്കുവേണ്ടി ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കപ്പെടണം. കുടിവെള്ളം, ശുചിത്വം, പൊതുജനാരോഗ്യം തുടങ്ങിയരംഗങ്ങൾ, പാർപ്പിടനിർമാണം, വിദ്യഭ്യാസപുരോഗതി, സഹകരണസാംസ്കാരികമേഖലകളുടെ പരി




**കാർഷിക മേഖലയുടെ തകർച്ചയെക്കുറിച്ച് കർഷകനുള്ള ആശങ്ക - മിഖായേൽ ജോസഫ് ഈന്തോട്ടത്തിൽ പര്യടനസംഘത്തോട്**

പോഷണം, പട്ടികജാതി പട്ടികവർഗ്ഗപരിരക്ഷ തുടങ്ങിയ മേഖലകളിലെല്ലാം ഇനിയെത്രയോ പുരോഗതി ഉണ്ടാവണം! പദ്ധതികളുണ്ടാവണം; അവ ജനപങ്കാളിത്തത്തോടെ നടപ്പാക്കപ്പെടണം.

ജനകീയാസൂത്രണംകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് നമ്മുടെ വിഭവപരിമിതികളും സാദ്ധ്യതകളും ആവശ്യങ്ങളും കണ്ടറിഞ്ഞ് ജനങ്ങളുടെ അറിവോടും പങ്കാളിത്തത്തോടും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി സമഗ്രവികസനം നേടുക എന്നുള്ളതാണ്. നമ്മുടെ ശ്രദ്ധയും ചർച്ചയും ആവഴിക്ക് നീങ്ങേണ്ടതാണ്. ജാതിയും മതവും കക്ഷിയും, രാഷ്ട്രീയവും മറ്റു പരിഗണനകളൊന്നും നമ്മുടെ വികസനരംഗത്തെ പരിഗണനാ വിഷയങ്ങളല്ല. ജനപ്രതിനിധികളുടെ ഇച്ഛാശക്തിയും, ഉദ്യോഗസ്ഥരുടെ വിദഗ്ധശ്രദ്ധയും, പങ്കാളിത്തവും, ജനങ്ങളുടെ കൂട്ടായ്മയും, പ്രവർത്തന സന്നദ്ധതയും ഒത്തു ചേർന്നാൽ വികസനരംഗത്ത് വമ്പിച്ച കുതിച്ചുചാട്ടമുണ്ടാവുമെന്ന കാര്യം നിസ്തർക്കമാണ്. ജനകീയാസൂത്രണപദ്ധതി ആസൂത്രണമല്ല; ഗ്രാമപഞ്ചായത്തുകൾക്കത് 'ഞങ്ങളുടെ പദ്ധതി'യും, ജനങ്ങൾക്കാകെയത് 'നമ്മുടെ പദ്ധതി'യും ആണ്. ഈ ചരിത്ര മുഹൂർത്തം നമ്മോടാവശ്യപ്പെടുന്നതിതാണ് - ഉണരൂ! ഉയരൂ! ഒന്നിക്കൂ! പ്രവർത്തിക്കൂ!- വിജയം നമ്മുടേതാണ് നാം വികസനത്തിന്റെ തേരാളികൾ!



അഞ്ചാം വാർഡിലെ പുനരർപ്പണദിനം കുഞ്ചിത്തണ്ണി പള്ളി വികാരി Rev. ഫാദർ ജോസ് മോനിപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു.



വിളവിന്റെ പൊരുളറിഞ്ഞ് – മുട്ടുകാട്ടിലെ നെൽപ്പാടത്ത് ഭൂപ്രകൃതി പഠനപര്യടനസംഘം.

# ബൈസൺവാലി ഗ്രാമപഞ്ചായത്ത് 14-12-96 ൽ നടന്ന വികസന സെമിനാറിൽ ഉയർന്നുവന്ന നിർദേശങ്ങൾ വികസനറിപ്പോർട്ടിന്റെ അനുബന്ധമായി ചേർക്കുന്നു

## V കൃഷി, ജലസേചനം, മൃഗസംരക്ഷണം

1. ബൈസൺവാലി കൃഷിഭവന് ഒരു കെട്ടിടം നിർമ്മിക്കുക.

2. മണ്ണൊലിപ്പ് തടയുന്നതിന് നിർമതി കുഴികൾ തയ്യാറാക്കുക.

3. ചെറുകിട ജലസേചനത്തിന് VII-ാം വാർഡിൽ പയ്യാനിച്ചുവട് പുരയിടം പ്രദേശത്ത് ഒരു ചെറിയ കുളം നിർമ്മാണം.

4. മുട്ടുകാട് പാടശേഖരത്ത് ഇരുപ്പൂ കൃഷി ചെയ്യുന്നതിന് 5 ഹെക്ടർ പ്രദേശത്തിന് ഒരു കുളം എന്ന നിരക്കിൽ 15 കുളം നിർമ്മിക്കുക.

5. കോമാളിക്കുടിയിൽ നിലവിലുള്ള ചെക്ക്ഡാമിന്റെ പുനരുദ്ധാരണവും, കനാൽ നിർമ്മാണവും. കോളനിവാസികളായ 50 ഓളം വീട്ടുകാർക്ക് പ്രയോജനം ലഭിക്കും.

6. ചിന്നസ്വാമിക്കുടി ഗിരിജൻ കോളനിയിൽ 18 ഏക്കർ ഭാഗത്ത് ഇരുപ്പൂകൃഷിക്കുവേണ്ടി ഒരു കുളം നിർമ്മിക്കുക, 25 ഓളം കർഷകർക്ക് പ്രയോജനപ്പെടും.

7. മുട്ടുകാട് പാടശേഖരത്തിന്റെ തോട് ഇരുവശങ്ങളും കല്ല്കൊണ്ട് കെട്ടുക.

8. പാടശേഖരത്തിൽ നിന്നും ട്രാക്ടർ മറുകരയിലേയ്ക്ക് കൊണ്ടുപോകുന്നതിന് പ്രസ്തുത കനാലിന് കുറുകെ ഏഴ്, എട്ട് ചെറിയ പാലങ്ങൾ നിർമ്മിക്കുക.

9. VII-ാം വാർഡ് ബൈസൺവാലി പാടശേഖരത്ത് ഇരുപ്പൂകൃഷിക്ക് നാല് ചെറിയ കുളങ്ങൾ നിർമ്മിക്കുക. 50 കൃഷിക്കാർക്ക് പ്രയോജനപ്പെടും.

10. VI-ാം വാർഡിൽ ചെറുപാമ്പിൽ ജോസ് വക പുരയിടത്തിൽ ഏലം കൃഷിയ്ക്കുവേണ്ടി ഒരു കുളം നിർമ്മിക്കുക.

15 ഹെക്ടർ സ്ഥലത്ത് പ്രയോജനപ്പെടും

11. VI-ാം വാർഡിൽ തേക്കിൻകാട്ടിൽ പുരയിടത്തിൽ ഒരു കുളം നിർമ്മിക്കുക.

35-ൽ പരം കൃഷിക്കാർക്ക് പ്രയോജനപ്പെടും.

12. മുട്ടുകാട് പാടശേഖരത്തിന്റെ കനാലിൽ 25-ഓളം ചെറിയ തടയണകൾ കെട്ടുക.

13. കാക്കാക്കട തോട്ടിൽ ഒരു ചെക്ക് ഡാം കെട്ടുക.

14. ചൊക്രമുടിയിൽ കാശിനാടാർ തോട്ടിൽ ഒരു ചെക്ക് ഡാം കെട്ടുക.

15. ഇരുട്ടളയിൽ M R ശശിയുടെ പുരയിടത്തിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുക.

16. ചൊക്രമുടിക്കുടിയിൽ ഒരു ചെക്ക് ഡാം കെട്ടുക.

17. മൂന്നാം വാർഡിൽ കാരിമററം പുരയിടത്തിൽ ഒരു കുളം നിർമ്മിക്കുക.

18. മൂന്നാം വാർഡിൽ തയ്യിൽ പുരയിടത്തിൽ ഒരു കുളം.

19. മൂന്നാം വാർഡിൽ കിഴക്കേടത്ത് പുരയിടത്തിൽ ഏരുമേലിത്തറയുടെ സമീപത്തായി ഒരു കുളം.

20. ടികമ്പനിയിൽ S തങ്കയ്യ വക സ്ഥലത്ത് ഒരു കുളം.

21. മൂന്നാം വാർഡിൽ പതിയിൽ പുരയിടത്തിൽ ഒരുകുളം

22. കല്ലുപ്പാക്കൽ ബേബിച്ചക പുരയിടത്തിൽ ഒരു കുളം

23. ഒട്ടകുററിയാങ്കൽ പുരയിടത്തിൽ ഒരു ഒരു കുളം.

24. തോളത്തിൽ പുരയിടത്തിൽ ഒരു ചെക്ക്ഡാം

25. അരീപ്പാറ പുരയിടത്തിൽ ഒരു കുളം

26. പണ്ടാരുകുന്നേൽ പുരയിടത്തിൽ ഒരു കുളം

27. വെട്ടുകല്ലേൽ പുരയിടത്തിൽ ഒരു കുളം.

28. തോണിക്കുഴി പുരയിടത്തിൽ ഒരു കുളം

29. പുളിക്കൽ പുരയിടത്തിൽ ഒരു കുളം

30. തെക്കൻചേരി പുരയിടത്തിൽ ഒരു കുളം.

31. തുണ്ടിയിൽ പുരയിടത്തിൽ ഒരു കുളം

32. കടുവാകുളങ്ങരഭാഗത്ത് ഒരു കുളം

33. 40 ഏക്കർ ഭാഗത്ത് ഒരു കുളം

34. പീർ സുൽത്താൻ വക സ്ഥലത്ത് ഒരു കുളം

35. ഗണപതി അമ്പലഭാഗത്ത് ഒരു കുളം

36. കാക്കാക്കട മുകറംഭാഗത്ത് ഒരു കുളം

37. ഏലം കൃഷിക്കുവേണ്ടി ചക്കരക്കാട്ടിൽ ഒരു ചെക്ക്ഡാം

38. പോച്ചിപ്പള്ളി പുരയിടത്തിൽ ഒരു കുളം.

39. മഞ്ഞപ്പള്ളിക്ക ഭാഗത്ത് ഒരു കുളം

40. മേച്ചേരി പുരയിടത്തിൽ ഉപ്പാററിൽ ഒരു തടയണ.

41. ഇരുപതേക്കർ തെക്കേടത്ത് പുരയിടത്തിനുസമീപം ഒരു ചെക്ക്ഡാം.

42 ഇരുപതേക്കർ കണ്ണോത്ത് മോഹനൻ വക പുരയിടത്തിൽ ഒരു കുളം

43. ഇരുട്ടള K I O എസ്റേററിൽ ഒരു കുളം

44. കുഞ്ചിത്തണ്ണി പള്ളിയുടെ താഴ്ഭാഗത്ത് ഒരു നടപ്പാലം

45. ഇരുപതേക്കർ മേനാംപുറം ജിജോ വക പുരയിടത്തിൽ ഒരു കുളം

46. ഇരുട്ടള ചിറയ്ക്കൽ പുരയിടത്തിൽ ഒരു കുളം

47. ഇരുപതേക്കർ മുണ്ടയ്ക്കൽ ഏലത്തോട്ടത്തിൽ ഏലംകൃഷിക്കായി ഒരു കുളം.
ഗുണഭോക്താക്കൾ 50

## മണ്ണ് സംരക്ഷണം

1. ജോസ്ഗിരിപാലം മുതൽ പാറക്കടവ് വരെ കുരങ്ങുപാറ തോടിൻെറ ഇരുവശങ്ങളും കെട്ടുക.

2. ജോസ്ഗിരിപാലം മുതൽ കുരങ്ങുപാറ വരെ പ്രസ്തുത തോടിൻെറ ഇരുകരകളും കെട്ടുക

3. ഉപ്പാർ ബിയർകെട്ട് മുതൽ ഉപ്പാർ പാലം ആറിൻെറ ഇരുകരകളും കെട്ടുക.

4. എല്ലക്കൽ പാലം മുതൽ ഉപ്പാർ പാലം വരെ മുതിരപ്പുഴയാറിൻെറ സൈഡ് കെട്ടുക,

5. ഉപ്പാററിൽ ടീകമ്പനി ചപ്പാത്ത് മുതൽ പമ്പ്ഹൗസ് വരെ തോടിൻെറ ഇരുകരകളും കെട്ടുക.

6. തുണ്ടിയിൽ പുരയിടംമുതൽ കോന്നൂർ പുരയിടം വരെതോടിന്റെ രണ്ട് വശങ്ങളും കെട്ടുക.

7. ഒട്ടകുററി പുരയിടം മുതൽ കോന്നൂർ പുരയിടം വരെ തോടിന്റെ ഇരു കരകളും കെട്ടുക.

8. VII-ാം വാർഡിൽ പയററുകാലാ പുരയിടം മുതൽ പുത്തൻപുര പുരയിടം വരെ ഉപ്പാറിന്റെ രണ്ട് വശങ്ങളും കെട്ടുക.

9. VIII-ാം വാർഡിൽ പോസ്ററാഫീസ് പടി മുതൽ മുട്ടുകാട് വരെ ഉപ്പാറിന്റെ രണ്ട് വശങ്ങളും കെട്ടുക.

10 കോമാളിക്കുടിയിൽ നിന്നും ഉപ്പാറിൽ വന്നുചേരുന്ന തോടിന്റെ ഇരുകരകളും കെട്ടുക.

11. കരക്കാക്കര മനോഹർ എസ്റേററ്റ് മുതൽ ഉപ്പാർ തോടു വരെയുള്ള ഭാഗം കെട്ടുക

12. കോമാളിക്കുടിയിൽ നിന്നും ചിന്ന സ്വാമിക്കുടി വരെയുള്ള തോടിന്റെ ഇരു വശങ്ങളും കെട്ടുക,

13. ഗിരിജൻ സെററിൽമെൻറ് വക പോസ്ററാഫീസ് പടി മുതൽ സൊസൈററി മേട് വരെയുള്ള റോഡിന്റെ സൈഡ് കെട്ടുക.

14. ബൈസൺവാലി-മുട്ടുകാട് റോഡിന്റെ സൈഡ് കെട്ടുക.

15. കാക്കാക്കട-ചൊ(ക്രമുടി തോടിന്റെ ഇരുവശങ്ങളും കെട്ടുക

16. ചൊ(ക്രമുടി ബൈസൺവാലി തോടിന്റെ സൈഡുകൾ കെട്ടുക

17. രാമശങ്കർ എസ്റേററ് തോടിന്റെ ഇരുവശങ്ങളും കെട്ടുക.

18. അടയാർ തോടിന്റെ ഇരു വശങ്ങളും കെട്ടുക.

19. ടീകമ്പനി ചപ്പാത്തു മുതൽ ഉപ്പാർ തോടിന്റെ ഇരുകരകളും കെട്ടുക.

20. കാരിക്കൽ പുരയിടത്തിൽ ഒരു കുളം നിർമ്മിക്കുക

## III. മൃഗസംരക്ഷണം

1. കൊച്ചുപ്പ്, മുട്ടുകാട് എന്നിവിടങ്ങളിൽ ഇൻസിമിനേഷൻ സെന്ററിനുള്ള കെട്ടിടം നിർമ്മിക്കുക

2. ചൊ(ക്രമുടി (പദേശത്ത് ഗോട്ട്ഫാമുകൾ ആരംഭിക്കുക

## IV വ്യവസായം

1. കക്കാ സംസ്കരണ യൂണിററ് ആരംഭിക്കുക

2. കാലിത്തീററ നിർമ്മാണ ഫാക്ടറി ആരംഭിക്കുക

3. അടയ്ക്കാ സംസ്കരണ യൂണിററ് ആരംഭിക്കുക

4. കൊക്കോ സംസ്കരണ യൂണിററ് ആരംഭിക്കുക

5. അവൽ നിർമ്മാണ യൂണിററ് ആരംഭിക്കുക

6. നാടൻ കുത്തരി നിർമ്മാണ യൂണിററ് ആരംഭിക്കുക

7. കപ്പിപ്പൊടി നിർമ്മാണം

8. പൈനാപ്പിൾ യൂണിററ്

9. ഇഞ്ചി സംസ്കരണം

10. മെററൽ (ക്രഷർ

11. മാംസ സംസ്കരണം

12. ജീവാണു വളം നിർമ്മാണ ഫാക്ടറി തുടങ്ങണം.

13. ജൈവവളം നിർമ്മാണ ഫാക്ടറി സ്ഥാപിക്കണം

## കുടിവെള്ളം

1. വേനൽക്കാലത്ത് കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന ഒററപ്പെട്ട പ്രദേശങ്ങൾക്കായി ചെറുകിട കുടിവെള്ള പദ്ധതി നടപ്പാക്കുക

2. 7-ാം വാർഡിൽ ചൊക്രമുടിക്കുടിയിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

3. ബൈസൺവാലിയിൽ 7, 8 വാർഡുകളിൽ കുടിവെള്ളമെത്തിക്കുക

4. മുളവനാൽ തോമസിന്റെ പുരയിടത്തിനു സമീപം ഉപ്പാററിൽ ചെക്ക് ഡാം നിർമ്മിച്ച് ജലസേചനവും കുടിവെള്ളവും ഉറപ്പാക്കുക

5. കല്ലംപ്പാക്കൽ ജോയിയുടെ പുരയിടത്തിൽ ഒരു കുളം നിർമ്മിക്കുക

6. മൂന്നാം വാർഡിൽ V മായന്റെ പുരയിടത്തിൽ നിലവിലുള്ള കുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ടാങ്കിലെത്തിക്കുക. ടീകമ്പനി, കുഴിയിലിമല, 40 ഏക്കർ പ്രദേശത്ത് കുടിവെള്ളമെത്തിക്കാനാകും

7. കൊച്ചുപ്പ്, തേക്കിൻകാനം, എല്ലക്കല്ല്, ഉപ്പാർ വിരിപ്പ്, ഉപ്പാർ നാല് സെന്റ് കോളനി, ദേശീയ, 20 ഏക്കർ, പെരുവൻകാട്, ടീകമ്പനി, ബൈസൺവാലി, 40 ഏക്കർ, ജോസ്ഗിരി, കുരങ്ങുപാറ, ചങ്ങനാശേരിക്കട, പോസ്ററാഫീസ്പടി സ്കൂൾപടി, കോമാളിക്കുടി, കണക്കൻകുടി, വെള്ളിവെളുന്താൻ, സൊസൈററി മേട്, ലക്ഷംവീട് കോളനി, കാക്കാക്കട, കൊച്ചുമുല്ലക്കാനം, മുട്ടുകാട്, അരമനപ്പാറ, എന്നിവിടങ്ങളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കുക

## പൊതുജനാരോഗ്യം

1. സമ്പൂർണ്ണ ശുചീകരണ പ്രവർത്തന പ്രോജക്ട് തയ്യാറാക്കണം

2. വീടിനൊരു കക്കൂസ് പ്രോജക്ട് തയ്യാറാക്കണം

3. സമ്പൂർണ്ണ ആരോഗ്യ ബോധവത്കരണ പ്രോജക്ട് തയ്യാറാക്കണം

4. സമ്പൂർണ്ണ കൊതുക് നശീകരണ പ്രോജക്ട് തയ്യാറാക്കണം

## പാർപ്പിടം

1. വാസയോഗ്യമായ വീടില്ലാത്തവർക്കെല്ലാവർക്കും വീട് ലഭ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക

## ഗതാഗതം

1. ഉപ്പാർ-മഞ്ഞപ്പള്ളിക്കട (Via) കയ്പ്പനാനിക്കൽ പുരയിടം റോഡിന്റെ ഉദ്ധാരണ പദ്ധതികൾ

2. ജോസ്ഗിരി-വലിയ മുല്ലക്കാനം റോഡിന്റെ പണികൾ

3. K K റോഡ് IIഉം IIIഉം വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന്റെ ഉദ്ധാരണ പദ്ധതികൾ

4. ജോസ്ഗിരിയിൽ നിന്നും P C M കവലയിലേയ്ക്ക് നടപ്പാതയും, നടപ്പാവും നിർമ്മിക്കുക

5. കോനൂർ പുരയിടം കൊച്ചുപ്പ് സിററിയിലേയ്ക്ക് നടപ്പാതയും നടപ്പാലവും നിർമ്മിക്കുക

6. പുളിക്കൽ തോട്ടിൽ ഒരു നടപ്പാലം

7. ഈററയ്ക്കാട്ട് പുരയിടത്തിൽ ഒരു നടപ്പാലം

8. കൊച്ചുമുല്ലക്കാനം സിററിയിൽ നിന്നും പാറമടയിലേയ്ക്ക് ഒരു നടപ്പാത

9. മഞ്ഞപ്പള്ളിക്കട–മുത്തനാട്ട് പുരയിടം റോഡിന്റെ ഉദ്ധാരണ പണികം

10. കുരങ്ങുപാറ–കുന്നൂറേക്കർ റോഡിൽ പൂളിക്കൽ ചാക്കോയുടെ പുരയിടത്തിൽ നിന്നും കാന്തിയുടെ ഏലത്തോട്ടത്തിലേയ്ക്ക് ഒരു നടപ്പാത

11. അടയാർ തോട്ടിൽ കുററിവേലിൽ പുരയിടത്തിന് സമീപം ഒരു നടപ്പാലം

12. ആനിക്കുഴി പുരയിടത്തിന് സമീപം ഒരു നടപ്പാലം

13. പൊട്ടൻകാട്–20 ഏക്കർ VIa തയ്യിൽ പുരയിടം റോഡിൽ ഒരു ചെറിയ പാലം

14. കാരിമറ്റം പുരയിടം വടക്കേൽ പുരയിടം റോഡിൽ ഒരു പാലം

15. VIഉം VIIഉം വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയ വീട്ടിൽ പുരയിടത്തിന് സമീപം ഒരു നടപ്പാലം

16. ഉപ്പാററിൽ കിഴക്കേക്കൂററ് പുരയിടത്തിനു സമീപം ഒരു നടപ്പാലം

17. മാരിയിൽ പുരയിടം മുതൽ കരുനാഗപ്പള്ളി ശശിയുടെ പുരയിടം വരെ ഒരു നടപ്പാത

18. ഒന്നാം വാർഡിൽ പുത്തൻപുരയിടം മുതൽ എല്ലക്കൽ മഞ്ഞപ്പള്ളിക്കട റോഡിലേയ്ക്ക് ഒരു നടപ്പാത

19. ഉപ്പാററിൽ പുല്ലാട്ട് പുരയിടത്തിൽ നിന്നും പൂവത്തുംകൽ പുരയിടത്തിലേയ്ക്ക് ഒരു നടപ്പാത

20. VIഉം VIIഉം വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൊററംചിറക്കുന്നേൽ പുരയിടത്തിന് സമീപം ഒരു നടപ്പാത

21. കോനൂർ പുരയിടത്തിൽ നിന്നും കട്ടക്കയത്ത് പുരയിടംവഴി മാമല റോഡ് വരെ ഒരു നടപ്പാത

22. സൊസൈററിമേട്–മുട്ടുകാട് റോഡിൽ നിന്നും പുലച്പറമ്പിൽ പുരയിടത്തിൽ നിന്നാരംഭിച്ച് കിഴക്കേൽ പുരയിടം വട്ടമല. പള്ളിക്കാക്കുടി പുരയിടം വഴി മനപ്പാറക്ക് റോഡ് നിർമ്മിക്കുക

23. VIII-ാം വാർഡിൽകുന്നേൽപുരയിടത്തിൽ നിന്നാരംഭിച്ച് VII-ാം വാർഡിൽ ഉപ്പാററിന് കുറുകെ ഒരു നടപ്പാലവും നടപ്പാതയും

24. ചൂരയ്ക്കൽ ദാമോദരൻ വക സ്ഥലത്തു നിന്നും ചൊക്രമുടിക്ക് ഒരുനടപ്പാത

25. കോമാളിക്കുടിയിൽ നിന്ന് കാവുകാട്ട് തോടുവരെ 1 കി. മീ. നീളത്തിൽ ഒരു റോഡ്നിർമ്മാണം

26. I-ാം വാർഡിലെപുത്തൻപുരയ്ക്കൽ ബേബിയുടെ പുരയിടത്തിൽ കൂടിയുള്ള നടപ്പാത കെട്ടുക

27. സൊസൈററിമേട് പാടത്തിൽ ഉപ്പാററിന് കുറുകെ ഒരുനടപ്പാലം

28. 20 ഏക്കർ–ദേശീയം തടത്തേൽ പുരയിടം വഴി റോഡ് വെട്ടുക

29. Iഉം IVഉം വാർഡുകളെ ബന്ധിപ്പിച്ച് ഉപ്പാറിന് കുറുകെ പുത്തൻപുരയ്ക്കൽ പുരയിടത്തിന് സമീപം ഒരു നടപ്പാലം

30. I ഉം IV ഉം വാർഡുകളെ തമ്മിൽ ബന്ധിപ്പിച്ച് ഉപ്പാറിന് കുറുകെ നീലിയാനിക്കുന്നേൽ പുരയിടത്തിന് സമീപം ഒരു നടപ്പാലം

30A. പാറക്കടവ്–ബൈസൺവാലി റോഡിൽ കാരിമററം പുരയിടത്തിൽ നിന്ന് കല്ലുംതൊട്ടി പുരയിടംവഴി മാമല റോഡിലേയ്ക്ക് ഒരു നടപ്പാത

31. ഇരുട്ടള ചിറയ്ക്കൽ പുരയിടത്തിന് സമീപം ഒരു പാലം

32. ദേശീയവായനശാലയുടെ താഴ്ഭാഗം മേവടയിൽ പുരയിടത്തിന് സമീപം ഒരു നടപ്പാലം

33. ഇരുപതേക്കർ നോർത്ത് സരിഗാ ക്ലബ്ബിനു സമീപം ഒരു പാലം

34. 6–ാം വാർഡിൽ ബൈസൺവാലി ഇരുട്ടള, ചന്ദ്രൻകുന്ന്, കുരിശുമല വഴി റോഡ് വെട്ടുക

## ഊർജ്ജം

1. വൈദ്യുതി എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക. (അരമനപ്പാറ, ചൊക്രമുടി, ഉപ്പാർ വരിപ്പ് കോളനി, കുട്ടപ്പൻകടഭാഗം, കുയിലിമല മുതലായവ)

## സംസ്കാരം

1. വായനശാലകൾ ഇല്ലാത്ത സ്ഥലങ്ങളിൽ വായനശാലകൾ സ്ഥാപിക്കുക

2. ലൈബ്രറികളിൽ നിന്നും വീടുകളിൽ പുസ്തകം എത്തിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

## വിദ്യാഭ്യാസം

1. ബൈസൺവാലി ഗവ: ഹൈസ്കൂളിന് ആവശ്യമായ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുക.

2. ബൈസൺവാലി ഗവ: ഹൈസ്കൂൾ ഹയർസെക്കൻററിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

# അധികാരം ജനങ്ങൾക്ക്


9–ാം പദ്ധതിയുടെ 35–40 ശതമാനം തുക
ത്രിതല പഞ്ചായത്തുകൾക്ക്

ആസൂത്രണത്തിലും നിർവ്വഹണത്തിലും
ജനപങ്കാളിത്തം

ആസൂത്രണം താഴെനിന്നും മുകളിലേക്ക്

ജനലക്ഷങ്ങൾ കർമ്മപഥത്തിലേക്ക്

## “ജനപങ്കാളിത്തത്തോടെയുള്ള
## സമഗ്രവികസനം
## നമ്മുടെ ലക്ഷ്യം”



*"Great men and eminent men have monuments in bronze and marble set up for them, but this man of divine fire managed in his lifetime to become enshrined in millions and millions of hearts.... today he is still relevant."*

*Pandit Jawaharlal Nehru on the relevance of Mahatma Gandhi's life & work*

PRINTED AT RASHTRA DEEPIKA PRESS, KOCHI-25